## PAPERS TO BE LAID

Chief Minister **(Shri C. Achutha Menon)** : Sir, I lay on the table G. O. (P) No. 43/74/PD dated February 19, 1974.

**Mr. Speaker** : Papers laid.

## FINANCIAL BUSINESS

### Discussion and Voting on Demands for Grants in the Budget for the Financial Year 1974–75

Demand XXV—Social Welfare including Harijan Welfare
Demand XXXV—Community Developmet
Demand XXII—Urban Development
Demand XXXIII—Fisheries
Demand XXXIX—Ports

Minister for Harijan Welfare and Community Development: **(Shri. V. Eacharan)** : Sir, I move that Government be granted a sum of Rs. 9, 30, 74, 600 under Demand XXV Social Welfare including Harijan Welfare.

Sir, I also move that Government be granted a sum of Rs. 6,18,46, 700 under Demand XXXV Community Development.

Minister for Revenue **(Shri Baby John)** : Sir, I second it.

Minister for Local Administration **(Shri K. Avukaderkutty Naha)**: Sir, I move that Government be granted a sum of Rs. 98,60,000 under Demand XXII Urban Development.

Sir, I also move that Government be granted a sum of Rs. 2,57,31,200 under Demand XXXIII Fisheries.

Sir, I also move that Government be granted a sum of Rs. 93,89,800 under Demand XXXIX Ports.

Minister for Health and Co-operation **(Shri N. K. Balakrishnan)** : Sir, I Second it.

**Mr. Speaker** : Now the cut motions can be moved.

**Shri J. A. Chacko** : Sir, I move to reduce the total allotment of Rs. 9,30,74,600 under demand XXV by Rs. 10. (To discuss generally).

**Shri C. B. C. Warrier** : Sir, I move to reduce the total allotment of Rs. 9,30,74,600 under demand No. XXV by Rs. 100.

**Shri. T. K. Krishnan** : Sir, I move to reduce the total allotment of Rs. 9,30,74,600 under demand No. XXV by Rs. 100.

**Smt. Pennamma Jacob** : Sir, I move to reduce the total allotment of Rs. 9,30,74,600 under demand No. XXV by Re. 1.

**Shri John Manjooran** : Sir, I move to reduce the total allotment of Rs. 9,30,74,600 under demand No. XXV by Rs. 100.

2/3555/V.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 60

**Shri C. B. C. Warrier** : Sir, I move to reduce the total allotment of Rs. 6,18,46,700 under demand XXXV Community Development by Rs. 100.

**Shri T. K. Krishnan** : Sir, I move to reduce the total allotment of Rs. 6, 18,46,700 under Demand XXXV by Rs. 100 (To discuss general policy).

**Shri John Manjooran** : Sir, I move to reduce the total allotment of Rs. 6,18,46,700 under Demand XXXV by Rs. 100.

**Shri J. A. Chacko** :Sir, I move to reduce the total allotment of Rs. 6,18,46,700 under Demand XXXV by Rs. 10.

**Shri John Manjooran** : Sir, I move to reduce the total allotment of Rs. 98,60,000 under Demand XXII by Rs. 100.

**Shri C. B. C. Warrier** : Sir, I move to reduce the total allotment of Rs. 98,60,000 under Demand XXII by Rs. 100.

**Shri C. B. C. Warrier** : Sir, I move to reduce the total allotment of Rs. 2,57,31,200 under Demand XXXIII by Rs. 100.

**Shri John Manjooran** : Sir, I move to reduce the total allotment of Rs. 2,57,31,200 under Demand No. XXXII by Rs, 100.

**Shri C. B. C. Warrier** : Sir, I move to reduce the total allotment of Rs. 93,89,800 under Demand XXXIX by Rs. 100.

**Shri John Manjooran** : Sir, I move to reduce the total allotment of Rs.93,89,800 under demand XXXIX by Rs. 100.

**Mr. Speaker** : Shri S. Damodaran can speak.

ശ്രീ. എസ്. ദാമോദരൻ : സർ, ഞാൻ ഈ ഡിമാൻറുകളെ എതിർക്കുകയാണ്. സർ, നമ്മുടെ നഗരവികസനത്തിനും ഗ്രാമ വികസനത്തിനും ഇന്നു നേരിട്ടിരിക്കുന്ന സ്ഥിതി അത്യന്തം പരിതാപകരമാണ്. നഗരവികസനത്തിനു വേണ്ടി പ്രവർത്തിക്കുന്ന മുനിസിപ്പാലിററികളുടെ നടത്തിപ്പിൻെറ കാര്യത്തിൽ നേരത്തെ ഇവിടെ പലരും സൂചിപ്പിച്ചതുപോലെ വളരെ പ്രയാസങ്ങൾ ഇന്ന് നേരിടുന്നുണ്ട്. അതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തു പറയാൻ കഴിയും. കായംകുളം മുനിസിപ്പാലിററിയുടെ കാര്യംതന്നെ എടുക്കാം. കായംകുളം മുനിസിപ്പാലിററിക്കുവേണ്ടി ഒരു സ്ഥലം വാങ്ങുന്നതിന് ഏകകണ്ഠമായ തീരുമാനമെടുത്തു. കൗൺസിൽ എടുത്ത ഏകകണ്ഠമായ തീരുമാനം ഗവൺമെൻറ് സ്റേറ ചെയ്തിരിക്കുന്നതായിട്ടാണ് അറിയുന്നത്. ഇങ്ങനെയുള്ള സമീപനമാണെങ്കിൽ നമ്മുടെ റൂറൽ ഡെവലപ്മെൻറും അർബൻ ഡെവലപ്പുമെൻറും ഏതു തരത്തിൽ പ്രവർത്തിക്കും എന്നുള്ള കാര്യം ഗൗരവമായി ആലോചിക്കേണ്ടതാണ്. അതുപോലെതന്നെ കാലാകാലങ്ങളിൽ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അതിനു വേണ്ടുന്ന പ്രോൽസാഹനം നൽകുകയും ചെയ്യണം. പല മുനിസിപ്പാലിററികളുടെയും വിശേഷിച്ച് പഞ്ചായത്തുകളുടെയും പ്രവർത്തനത്തിനാവശ്യമായ സാമ്പത്തികമാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെയേറെ കുഴപ്പമാണ്. പണ്ട് ഒരു കർഷകൻ പറഞ്ഞതുപോലെയാണ്. നല്ല നല്ല പേരുകളെല്ലാം വലിയ വീട്ടിലെ കുഞ്ഞുങ്ങൾക്ക് ഇട്ടുപോയി ഞങ്ങളുടെ കുഞ്ഞുങ്ങൾക്കിടാൻ നല്ല നല്ല പേരുകളില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നതുപോലെ കാര്യമായ ധനാഗമമാർഗ്ഗങ്ങളെല്ലാം സംസ്ഥാനഗവൺമെൻറും കേന്ദ്രഗവൺമെൻറും കൂടി പങ്കിട്ടെടുത്തിരിക്കുകയാണ്. പഞ്ചായത്തും മുനിസിപ്പാലിററിയും ജനങ്ങളിൽ നിന്നും വല്ലതും പിരിക്കാനുണ്ടെങ്കിൽ പിരിച്ചുകൊള്ളൂ. അങ്ങനെ പിരിച്ചെടുക്കുന്ന ധനാഗമമാർഗ്ഗമാണ് പഞ്ചായത്തിനും മുനിസിപ്പാലിററിക്കും ഉള്ളത്.

സംസ്ഥാനഗവൺമെൻറുകളും കേന്ദ്രഗവൺമെൻറും വഹിക്കേണ്ട വികസനപ്രവർത്തനത്തിൻെറ നല്ല ഒരു ഭാഗം പഞ്ചായത്തുകളും മുനിസിപ്പാലിററികളും വഹിച്ചുകൊണ്ടിരിക്കുകയാണ്. വരുമാനം മിക്കവാറും സംസ്ഥാനവും കേന്ദ്രവും എടുത്തിട്ട് ലൊട്ടുലൊടുക്ക് അധികാരങ്ങൾ കൊടുക്കുകമാത്രമേ ചെയ്യുന്നുള്ളു. ഇപ്പോൾ വസ്തുക്കരം ഈടാക്കുന്നതിനുള്ള ഒരു നിയമം ഉണ്ടാക്കിയിട്ടുണ്ട്. പാർട്ടിഭേദമെന്യേ എല്ലാഭാഗത്തും ആക്ഷേപമുണ്ടെങ്കിലും അതങ്ങു പിരിച്ചുകൊള്ളാനുള്ള നിർദ്ദേശങ്ങൾ കൊടുത്തിരിക്കുകയാണ്. പല പ്രദേശങ്ങളിലും അതു അസസ്സുചെയ്യുന്ന അതോറിട്ടി തോന്നിയവിധത്തിൽ വസ്തുവിന് വില നിശ്ചയിച്ചുകൊണ്ട് വലിയ സ്വത്തുടമയിൽ നിന്ന് നിസ്സാരമായ ചാർജും സാധാരണക്കാരനിൽ നിന്ന് വലിയ ചാർജും ഈടാക്കുന്നു എന്നാണ് അറിയാൻകഴിഞ്ഞിട്ടുള്ളത്. അങ്ങനെ പരാതികളുമുണ്ട്. പഞ്ചായത്തുകളിൽ അതു റെയിസ്ചെയ്യാനും......

<u>ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള</u> : സർ, ഇന്ന് പഞ്ചായത്തിനെക്കുറിച്ചുള്ള ചർച്ച നടക്കുന്നുണ്ടോ ?

<u>മി. സ്പീക്കർ</u> : ഡിമാൻഡ്സ് മൂവുചെയ്തപ്പോൾ ഇവിടെ ഉണ്ടായിരുന്നില്ലേ ?

<u>ശ്രീ. എസ്. ദാമോദരൻ</u> : സർ, പലവകയിൽ എൻെറ സമയമാണ് അടിച്ചെടുക്കുന്നത്. ഞാൻ പറഞ്ഞ സംഗതികളുടെ സത്ത മനസ്സിലാക്കിയിരുന്നെങ്കിൽ ഈ ചോദ്യം ഉത്ഭവിക്കുകയില്ലായിരുന്നു.

സർ, നമ്മുടെ മുനിസിപ്പാലിററികളിലും പഞ്ചായത്തുകളിലുമൊക്കെ ഭരണകാര്യങ്ങളിൽ വളരെയേറെ പ്രയാസമുണ്ട്. ധനാഗമമാർഗ്ഗങ്ങൾക്ക് നല്ല ഒരു സ്കീം തയ്യാറാക്കിക്കൊണ്ട് കേന്ദ്രഗവൺമെൻറ് ഈടാക്കുന്ന പല നികുതികളും സംസ്ഥാനഗവൺമെൻറിലേക്കും സംസ്ഥാനഗവൺമെൻറുകൾ ഈടാക്കുന്ന പല നികുതികളും മുനിസിപ്പാലിററികളിലേക്കും പഞ്ചായത്തുകളിലേക്കും.

<u>മി. സ്പീക്കർ</u> : പഞ്ചായത്തുമിനിസ്ററാണ് ഡിമാൻഡ്സ് അവതരിപ്പിച്ചത്.

<u>ശ്രീ. എസ്. ദാമോദരൻ</u>: അതേ ഭരണപരമായ ഒരു വികേന്ദ്രീകരണം ഉണ്ടാകണമെന്നുള്ളത് വികസനപ്രവർത്തനത്തിന് വളരെ ആവശ്യമാണ്. മുനിസിപ്പാലിററികൾക്കും പഞ്ചായത്തുകൾക്കും കൂടുതൽ അധികാരവികേന്ദ്രീകരണം നൽകുന്ന കാര്യം ആലോചനയിൽ വയ്ക്കാൻ തുടങ്ങിയിട്ട് വളരെ വർഷങ്ങളായി. പക്ഷേ എന്തുകൊണ്ടാണെന്നറിയില്ല നമ്മുടെ പഞ്ചായത്തുമന്ത്രി കൊണ്ടുവരുന്ന ബില്ലായിട്ടാണോ അതോ ഭരണപരമായ വികേന്ദ്രീകരണത്തിൽ ഈ ഗവൺമെൻറിനുള്ള എതിർപ്പുകൊണ്ടാണോ എന്നുള്ളത് വ്യക്തമല്ല, പലപ്രാവശ്യവും ആ നിയമം പാസാക്കുന്നതിന് പ്രതിപക്ഷം വളരെ സഹകരണം കാണിച്ചിട്ടുപോലും ഗവൺമെൻറ് അതിന് തയ്യാറാകാത്ത സ്ഥിതിയാണുള്ളത്.

<u>മി. സ്പീക്കർ</u> : ഓർഡർ, ഓർഡർ. അർബൻ ഡെവലപ്പുമെൻറിൻെറ ഡിമാൻഡ്സ് ആണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ദാമോദരൻ: സർ, ഗ്രാമപ്രദേശങ്ങളുടെയും പട്ടണപ്രദേശങ്ങളുടെയും പിന്നോക്കാവസ്ഥ മാറണമെങ്കിൽ ഈ നിയമത്തിൽ സമൂലമായ മാററങ്ങളുണ്ടാകേണ്ടതുണ്ട്. ഇന്നു പല പട്ടണപ്രദേശങ്ങളിലും ചെന്നാൽ കാണാൻസാധിക്കും അവിടെയുള്ള റോഡുകളുടെ ശുചീകരണമില്ലായ്മ. അത്തരം ശുചീകരണപ്രവർത്തനങ്ങൾക്കും മററും ആവശ്യമായ സാമ്പത്തിക ഏർപ്പാടുകളും മററും ഇല്ലാത്തതിന്റെ ഫലമായിട്ടാണ് ഇങ്ങനെയുള്ള ദയനീയസ്ഥിതിയുണ്ടാകുന്നത്.

സർ, അടുത്തതായി നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചാണ് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിൽ നല്ലൊരുപങ്കു വഹിക്കുന്നതാണ് ഫിഷറീസ്. മൽസ്യസമ്പത്തുവഴി വിദേശനാണ്യമിനത്തിൽ വളരെ പണം നമുക്ക് ലഭിക്കുന്നുണ്ട്. പക്ഷേ ഇന്നും അത് വേണ്ടപോലെ പ്രയോജനപ്പെടുത്താനും വികസനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടില്ല. നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും മൽസ്യത്തൊഴിലാളികളുടെയുമൊക്കെ സ്ഥിതി വളരെ ദയനീയമാണ്. സർ, ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഇവിടെ ഒരു ഫിഷറീസ് കോർപ്പറേഷൻ നടത്തുന്നുണ്ട്. അത് ഓരോകൊല്ലം കഴിയുന്തോറും കൂടുതൽകൂടുതൽ നഷ്ടത്തിലാണ് കലാശിക്കുന്നതെന്നു പറയുന്നു. ഭാരിച്ച എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ആ സ്ഥാപനത്തെയാകെ വിഴുങ്ങിക്കളയുന്ന ഒരു തിമിംഗലത്തിന്റെ സ്വഭാവത്തോടുകൂടിയാണ് നിൽക്കുന്നത്. വിപ്ലവകരമായ മാററം വരുത്തിയില്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ മററു സമ്പത്തുകൾകൂടി വിഴുങ്ങുന്ന ഒരു തിമിംഗലംപോലെയാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നിൽക്കുന്നത്. സർ, ഇവിടെ ഒരു ഫിഷറീസ് ഡയറക്ടറേററ് ഉണ്ട്. മൽസ്യത്തൊഴിലാളികൾക്ക് വീടുവച്ചുകൊടുക്കുന്നതിനുവേണ്ടി ഒരു പദ്ധതിയാവിഷ്ക്കരിച്ചു. എന്റെ അറിവുശരിയാണെങ്കിൽ ഏതാണ്ട് കൊടുക്കാമെന്നു ഗവൺമെന്റ് തീരുമാനിച്ചതിന്റെ നാലിലൊരുഭാഗംവീടുപോലും അവർ കൊടുത്തിട്ടില്ല. ഈ മാർച്ച് 30-ാം തീയതിയാണ് ബെനി ഫിഷറീസിന് വിവരം ലഭിക്കുന്നത്. അവർ വിവരമറിഞ്ഞു ആഫീസിൽ ചെന്നപ്പോൾ 30-ാം തീയതി ഉച്ചകഴിഞ്ഞുപോയി, ആഫീസിലെ ആളുകളും പോയി, അടുത്തദിവസം ഞായറാഴ്ചയായി, പിറേറദിവസം ഏപ്രിൽ-1. അടുത്ത സാമ്പത്തികവർഷവുമായി. ഭവനങ്ങൾ ലഭിക്കേണ്ട മൽസ്യത്തൊഴിലാളികൾ നിരാശരായി. അലോട്ടുചെയ്തതുപോലും കിട്ടിയില്ല. അതുകൊണ്ട് നഷ്ടപ്പെട്ടവീടുകൾ വീണ്ടുകിട്ടുന്നതിനും നഷ്ടപ്പെടുന്നതിനുത്തരവാദികളായ ആളുകളുടെപേരിൽ നടപടി സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണം. ഭൂമി കറങ്ങിക്കൊണ്ടിരുന്നാൽ മാത്രംമതി ഞങ്ങൾക്കു ശമ്പളം കിട്ടിക്കൊള്ളും എന്ന മനഃസ്ഥിതിയോടുകൂടി ഇരിക്കുകയും പാവപ്പെട്ടവരുടെമേൽ കുതിരകയററുകയും ചെയ്യുന്ന ഉദ്യോഗസ്ഥമനഃസ്ഥിതി കർശനമായി തടയേണ്ടതാണ്. ഇത്തരത്തിൽ എത്രയോ മൽസ്യത്തൊഴിലാളികൾക്ക് വീടുനഷ്ടപ്പെട്ടിട്ടുണ്ട്; സർ, അതുപോലെതന്നെ എന്റെ ഓർമ്മ ശരിയാണെങ്കിൽ 58-59-ൽ കായംകുളത്ത് ഒരു ഫിഷിംഗ് ഹാർബറിന് ബഡ്ജററിൽ വകകൊള്ളിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ അറിയാൻ കഴിഞ്ഞത് 5-ാം പഞ്ചവൽസരപദ്ധതിയിൽപ്പോലും അങ്ങനെയൊരേർപ്പാടില്ലെന്നാണ് പാർലമെന്റിൽ ബന്ധപ്പെട്ട മന്ത്രി ഒരു ചോദ്യത്തിനു മറുപടി പറഞ്ഞത് എന്നാണ്. അങ്ങനെ, ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതും വളരെ ഫലപ്രദമാണെന്നു കാണാൻകഴിഞ്ഞിട്ടുള്ളതുമായ കായംകുളം ഫിഷിംഗ് ഹാർബർ നടപ്പിൽവരുത്തണമെന്നാണെനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

സർ, പോർട്ടിനെസംബന്ധിച്ചിടത്തോളമാണെങ്കിൽ കേരളത്തിലെ ആകെ തുറമുഖങ്ങളുടെ സ്ഥിതിയും കണക്കുകളുംമററും പരിശോധിച്ചാൽ ഏതാണ്ട് രൂപ-അണ-പൈസയുടെ വ്യത്യാസത്തിൽ നേട്ടം കാണാൻസാധിക്കും. പക്ഷേ അത് ഒരു നേട്ടമല്ല. നമുക്ക് കയററിയയയ്ക്കാൻകഴിഞ്ഞ ചരക്കിന്റെ കണക്കും

മൊത്തം ഇറക്കുമതിയുംകൂടി പരിശോധിച്ചാൽ വലിയ നേട്ടമല്ല കോട്ടമാണ് ഉണ്ടായിട്ടുള്ളതെന്നു കാണാൻസാധിക്കും. നമ്മുടെ പോർട്ടുകൾ കുറെക്കൂടി വികസിപ്പിക്കാൻ കഴിഞ്ഞാൽ തൂത്തുക്കുടി മുതലായ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്ന പല ചരക്കുകളും നമ്മുടെ തുറമുഖങ്ങൾവഴിതന്നെ കൈകാര്യം ചെയ്യാൻ കഴിയുമെന്ന് അനുഭവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. വളരെ പിന്നോക്കാവസ്ഥയിലുള്ള തുറമുഖങ്ങളെ ഉയർത്തുന്നതിന് നമ്മുടെ ഗവൺമെൻറിന് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇന്ന് ചരക്കിൻെറ വർദ്ധനവു കുറവാണ്. ഫ്രൈറ്റിൻെറ വർദ്ധനവുകൊണ്ടുമാത്രം ടേണോവർ ഉണ്ടാകും. ചില തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടി ഗവൺമെൻറ് നാമമാത്രമായ തുക കൊള്ളിച്ചിട്ടുണ്ട്. കൊച്ചിത്തുറമുഖത്തിൻെറ സഹായകതുറമുഖമായി ആലപ്പുഴ പോർട്ടിനെ കണക്കാക്കുമെന്നു പറഞ്ഞിട്ടുള്ളതാണ്. പക്ഷേ ആ തുറമുഖത്തിൻെറ വികസനത്തിനുവേണ്ടി യാതൊന്നുംതന്നെ ഈ ഗവൺമെൻറ് ചെയ്തിട്ടില്ല. ആ തുറമുഖം വികസിപ്പിച്ചാൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ മററു സംസ്ഥാനങ്ങളിലേക്കു പോകുന്നതുതന്നെ നമുക്കെടുക്കാൻ കഴിയും, അഭിവൃദ്ധി ഉണ്ടാക്കാൻ കഴിയും വ്യവസായത്തിലും തൊഴിലാളികളുടെ സ്ഥിതിയിലും മാററംവരുത്താനും കഴിയും.

സർ, ആലപ്പുഴ പോർട്ടിൻെറ വികസനത്തിനുവേണ്ടി ഗവൺമെൻറ് കാര്യമായ യാതൊരു തുകയും കൊള്ളിച്ചിട്ടില്ല. അതിനുവേണ്ടി കാര്യമായ യാതൊരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല. ചരിത്രത്തിൽ പറഞ്ഞിട്ടുള്ള പുറക്കാട് തുറമുഖം പോലെ ആലപ്പുഴ തുറമുഖം അധ:പതിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള തുറമുഖങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള കാര്യമായ യാതൊരു നയവും ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല. ഈ ബഡ്ജററിലും അതിനുള്ള വീക്ഷണഗതി ഇല്ലെന്നു കാണാൻ കഴിയും. ആലപ്പുഴ പോർട്ടിൻെറ വികസനത്തിനാവശ്യമായ ബാർജുകൾ സ്വകാര്യവ്യക്തികളുടെ കൈയിൽ ആയതുകൊണ്ടു ഗവൺമെൻറിന് വമ്പിച്ച നഷ്ടം ഉണ്ടായിട്ടുണ്ട്. അത് സ്വകാര്യവ്യക്തികളിൽ നിന്നും എടുക്കുന്നതിനുള്ള ഒരു നയം ആവിഷ്ക്കരിച്ചുയെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. പക്ഷെ ആ നയം ചൂഷണം ചെയ്യപ്പെട്ടിരിക്കുകയാണ്. അത് നടപ്പിൽ വരുത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. മററു പല തുറമുഖങ്ങളേയും അവഗണിക്കുന്നതുപോലെ ആലപ്പുഴ തുറമുഖത്തിൻെറ പ്രവർത്തനങ്ങളും നടത്താതെ അവഗണിക്കുകയാണ് ചെയ്യുന്നത്. ആലപ്പുഴ തുറമുഖത്തിൻെറ കാര്യത്തിൽ മന്ത്രി പല കോൺഫറൻസുകളും വിളിക്കാറുണ്ട്, ആ കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടെന്നു തോന്നുന്നു. കോൺഫറൻസ് കൂടുമ്പോൾ പലരും കൂടാറുണ്ട്. ഇതിൻെറ വികസന കാര്യത്തിൽ താൽപ്പര്യം കാണിക്കുന്നതിനു പകരം, ആലപ്പുഴ പോർട്ടിൻെറയും തൊഴിലാളികളുടെയും കാര്യത്തിൽ താൽപ്പര്യം കാണിക്കുന്നതിനു പകരം കോൺട്രാക്ററുമായി ബന്ധപ്പെട്ടിട്ടുള്ള കക്ഷികളെ സംരക്ഷിക്കാനാണ് അത്തരം കോൺഫറൻസുകൾ അവർ വിനിയോഗിക്കുന്നത്. അതിൻെറ ഫലമായി അത്തരം കോൺഫറൻസുകൾ പൊളിയുകയാണ് ചെയ്യുന്നത്. ചരക്കുകൾ കയററുകയും ഇറക്കുകയും ചെയ്യുമ്പോൾ ഒരു സബ്സിഡി കൊടുക്കണമെന്ന് ഗവൺമെൻറ് തീരുമാനിച്ചു. അതിൻെറ ഒരു ഭാഗം തൊഴിലാളികൾക്കും കൊടുക്കണമെന്നും തീരുമാനിച്ചു. എന്നാൽ അത് മാററിയിട്ട് കോൺട്രാക്ടർമാരായ ചില ഉടമകൾക്ക് കൊടുത്താൽ മതിയെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഇങ്ങനെ ഓരോന്നും പരിശോധിച്ചു നോക്കുമ്പോൾ കോൺട്രാക്ടർമാരെ സംരക്ഷിക്കാൻ വേണ്ടിയാണ് കൂടുതൽ ശ്രമിക്കുന്നതെന്നു കാണാൻ കഴിയും. ആലപ്പുഴ പോർട്ട് ഉദ്ധരിക്കുന്നതിനും അവിടത്തെ പിന്നോക്കാവസ്ഥ മാററുന്നതിനും കൂടുതൽ വ്യവസായങ്ങൾ ഉണ്ടാക്കുന്നതിനും ശ്രമിക്കേണ്ടതാണ്. അവിടെ ചരക്കുകയററുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രോൽസാഹനം കൊടുത്തിട്ടില്ലെന്ന് ബന്ധപ്പെട്ടവർക്ക് ആക്ഷേപമുണ്ട്. അതുമൂലം ചരക്കുകൾ കൊച്ചിയിൽ കൊണ്ടുപോയാണ് കയററുന്നത്. അതുമൂലം ഇവിടെ പലപ്രയാസങ്ങളും ഉണ്ടാകുന്നുണ്ട്. ആലപ്പുഴയിലെ ചരക്കുകൊണ്ടുപോയി കൊച്ചിയിൽ കയററുന്നതിനെതിരായി എല്ലാ രാഷ്ട്രീയ കക്ഷികളുടെയും യൂണിയനുകൾ ശക്തിയായി പ്രതിഷേധിച്ചിട്ടുണ്ട്. ഇത് തടയണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള നടപടികൾ ആവർത്തിക്കാതിരിക്കാനും ചരക്കുകൾ ആലപ്പുഴ പോർട്ടിൽത്തന്നെ കയററാനും ഉള്ള നടപടികൾ ചെയ്തുകൊടുക്കേണ്ടതുണ്ട്. ഇങ്ങനെ പോയാൽ പുറക്കാട് പോർട്ടിന്റെ ദയനീയസ്ഥിതിയായിരിക്കും ഇതിനും ഉണ്ടാകുന്നതെന്നും അതുകൊണ്ട് ഈ പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു അവസാനിപ്പിക്കുന്നു. ഡിമാന്റിനെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. കെ. രാഘവൻ മാസ്ററർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കാരണം ഈ വർഷം ഹരിജനക്ഷേമത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക ഈ സംസ്ഥാനത്തുള്ള ഹരിജനങ്ങളുടെയും ആദിവാസികളുടെയും കാതലായ പ്രശ്നങ്ങൾ മനസ്സിലാക്കി കൊണ്ട് അതിന് പരിഹാരം കാണാൻ വേണ്ടി പരിശ്രമം നടത്തിയിട്ടുണ്ടെന്നുള്ളതു കൊണ്ടുതന്നെയാണ്. പിന്നോക്ക ജാതിക്കാരുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്താണെന്ന് ആൾ ഇൻഡ്യാ ലെവലിൽ തന്നെയുള്ള ഒരു കമ്മിററിയുടെ റിപ്പോർട്ടിൽ പറയുന്ന ഭാഗം ഞാൻ വായിക്കാം.

The disabilities to which the tribals have been subjected over the centuries-Poverty, mal-nutrition, neglect, ill-treatment, exploitation, and worse-take time to overc)me. Centuries of social repression have engendered in them a feeling of inferiority and it is not surprising that they have lost all confidence themselves· അതായത് വളരെ നൂററാണ്ടുകളായി അനുഭവിക്കുന്ന അടിമത്തം പോഷകാഹാരത്തിന്റെ കുറവ് ഇവയാൽ അവർ ഇന്ന് തീരെ അധഃപതിച്ച ഒരു വർഗ്ഗമായി മാറിയിരിക്കുകയാണ്. അത്തരത്തിലുള്ള അവഗണന മൂലം അവർക്ക് ആത്മവിശ്വാസം നഷ്ടപ്പെടുകയും അപകർഷതാബോധം വളരുകയും ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള പരിതഃസ്ഥിതിയിൽ അവരെ ഉയർത്തിക്കൊണ്ട് വരുന്നതിനുവേണ്ടി നാം ചെയ്യേണ്ടത് ആദിവാസികളെ സംബന്ധിച്ചിടത്തോളവും ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളവും അവർക്ക് വിദ്യാഭ്യാസം നൽകുകയെന്നുള്ളതാണ്. അവർക്ക് വിദ്യാഭ്യാസം നൽകിക്കൊണ്ട് അവരെ ഉയർത്തിക്കൊണ്ടു വരുകയെന്നുള്ളതാണ് ഏററവും പ്രധാനപ്പെട്ട കാര്യം. അതിനുവേണ്ടി കാര്യമായ തുക കൊള്ളിച്ചിട്ടുണ്ടെന്നാണ് കാണുന്നത്. അതുപോലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്ററലുകളും മററും ഉണ്ടാക്കുന്നതിനുവേണ്ടി രണ്ടു ലക്ഷത്തിൽപരം രൂപ ചെലവാക്കാനുദ്ദേശിക്കുന്നുണ്ട്. മററുള്ളവരുടെ ചൂഷണത്തിന് വിധേയമാകാതിരിക്കാൻവേണ്ടി മുതിർന്നവർക്ക് വയോജന വിദ്യാഭ്യാസം നൽകാനുള്ള ഒരു പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആ കാര്യത്തിൽ വളരെയധികം സന്തോഷം എനിക്കുണ്ട്. അതുപോലെ ട്രൈബൽ സ്ക്കൂളും ഹോസ്ററലുകളും നിർമ്മിക്കുമ്പോൾ അവർക്ക് എല്ലാവിധ സഹായവും നൽകിക്കൊണ്ട് നല്ല രീതിയിൽ ജീവിക്കാനും പഠിക്കാനും ഉള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Page 7 of 60

ട്രൈബൽ സ്ക്കൂളുകളെ സംബന്ധിച്ചിടത്തോളം വളരെ ദയനീയമായ ഒരു സ്ഥിതിയാണുള്ളത്. അവർക്കാവശ്യമായ സൗകര്യങ്ങൾ കിട്ടുന്നില്ല. വളരെ വേദനാജനകമായ സാഹചര്യത്തിലാണ് അവർ പഠിക്കുന്നത്. 5 വയസ്സായ വിദ്യാർത്ഥികളാണ് ഇവിടെയുള്ളത്, അവർക്ക് മാതാവിൽ നിന്നും ലഭിക്കുന്ന വിധത്തിലുള്ള ശുശ്രൂഷകൾ ആവശ്യമാണ്. ആനയ്ക്ക് പരിശീലനം കൊടുക്കുന്ന രീതിയിലാണ് കൊച്ചുകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നത്. അത്തരം ട്രൈബൽ സ്കൂളുകൾക്കു വേണ്ടി കൂടുതൽ തുക കൊള്ളിക്കേണ്ടതുണ്ട്. അവരുടെ കാര്യത്തിൽ കൂടുതൽ നല്ല രീതിയിലുള്ള സമീപനം സ്വീകരിക്കണം. ആദിവാസികളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പല പരിപാടികൾക്കും അഞ്ചാം പഞ്ചവൽസര പദ്ധതിയിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. അതിൽ എന്റെ ശ്രദ്ധയിൽ പെട്ട ഒരു പ്രധാനകാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. അതായത് വയനാട്ടിൽ പട്ടികജാതി ഭൂവിതരണത്തിന് എന്നു പറഞ്ഞുകൊണ്ട് ·50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. അതിൽ പറയുന്നത് തെക്കെ വയനാട്ടിലെയും വടക്കെ വയനാട്ടിലെയും ആദിവാസികളുടെയും മററും ഉന്നമനത്തിനുവേണ്ടി ഒരു ജില്ല തന്നെ രൂപീകരിക്കണമെന്നാണ്. അത് വെറുതെ എഴുതി വച്ചതാണോയെന്ന് നോക്കേണ്ടിയിരിക്കുന്നു. തെക്കെ വയനാടു താലൂക്കും കണ്ണൂർ ജില്ലയിലെ വടക്കെ വയനാട് താലൂക്കും ചേർത്ത് ഒരു പ്രത്യേക ജില്ല രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഈ പരിപാടിയിൽ എനിക്കു അതിയായ സന്തോഷമുണ്ട്. പക്ഷേ അത് എത്രത്തോളം പ്രാവർത്തികമാകുമെന്നു നോക്കേണ്ടിയിരിക്കുന്നു.

സർ, എനിക്ക് പ്രധാനമായും പറയുവാനുള്ളത് ഹരിജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി വകയിരുത്തുന്ന പണം ശരിയായ രീതിയിൽ ഉപയോഗിക്കണം എന്നാണ്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഇതിലേക്ക് വക കൊള്ളിച്ചിരുന്ന തുക 5,59,72,600 രൂപയാണ്. അതിൽ ഫെബ്രുവരി 28-ാം തീയതിവരെ ചെലവാക്കിയത് 3,97,91,000 രൂപയാണ്. സർ, ഈ കണക്കനുസരിച്ചാണെങ്കിൽ ഓരോ ജില്ലയ്ക്കും 10 ലക്ഷം രൂപ വീതംപോലും ചെലവഴിച്ചിട്ടില്ലയെന്നാണ് കാണുന്നത്. സർ, ഈ ഗവൺമെന്റ് ആദിവാസികളുടേയും ഹരിജനങ്ങളുടെയും ഉന്നമനത്തിനുവേണ്ടി– ഉദ്ധാരണത്തിനുവേണ്ടി നീക്കിവച്ചിരുന്ന ന്യായ തുക അത്രയും ആ രംഗത്ത് ചെലവഴിക്കാതിരുന്നത് ഖേദകരമായ ഒരു സംഗതിയാണ്. ഈ രംഗത്ത് എവിടെയാണ് വീഴ്ച പററിയിട്ടുള്ളതെന്നു കണ്ടുപിടിച്ച്, വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിച്ച് ഇത്രയും രൂപ ചെലവഴിക്കപ്പെടാതിരിക്കുവാനുള്ള കാരണം എന്താണെന്ന് അന്വേഷിക്കണം; അവരുടെമേൽ കർശനമായ നടപടി സ്വീകരിക്കണം. സർ, ഇതിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് ഹരിജനക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് ചില ഉദ്യോഗസ്ഥൻമാർ നിസ്സഹായത പ്രകടിപ്പിക്കുന്നുവെന്നാണ്. എന്തു തകരാറാണ് ഇതിൽ പററിയിട്ടുള്ളതെന്നുള്ളതിനെക്കുറിച്ച് കാര്യമായി ചിന്തിക്കേണ്ടതുണ്ട്.

സർ, ഇന്ന് ഉദ്യോഗനിയമനങ്ങളിൽ ഹരിജനങ്ങൾക്ക് 10 ശതമാനം റിസർവേഷൻ നൽകണമെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടും കാര്യമായ പുരോഗതി ഉണ്ടാകുന്നില്ലെന്നുള്ളത് കണക്കുകളിൽനിന്നും കാണാൻ കഴിയും. ട്രാൻസ്പോർട്ടിൽ നടന്ന നിയമനങ്ങളെക്കുറിച്ച് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അവിടെ 3230-ൽപ്പരം ഡ്രൈവർമാരുണ്ട്. അതിൽ ആദിവാസികൾക്ക് കിട്ടേണ്ടത് 65 എണ്ണമാണ്. അതിൽ അവർക്ക് കിട്ടിയിരുന്നത് 4 എണ്ണം മാത്രമാണ്. അതുപോലെതന്നെ കണ്ടക്ടേഴ്സിന്റെ എണ്ണം 3503 ആണ്. അതിൽ ഹരിജനങ്ങൾക്ക് 70 എണ്ണം കിട്ടണം. അവർക്ക് കിട്ടിയത് വെറും 11 എണ്ണമാണ്. ഇതുപോലെതന്നെ പല ഡിപ്പാർട്ടുമെൻറുകളിലും ഈത്തരം വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. സർ, സിവിൽസപ്ലൈസ്

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെൻറിൽ 803 ഉദ്യോഗസ്ഥൻമാരുണ്ട്. അതിൽ ഒരു ആദിവാസി പോലുമില്ലെന്നുള്ളതാണ് സത്യം. ഇതിനെല്ലാം പ്രധാന കാരണമായി കാണുന്നത് പി. എസ്. സി. യിലെ കമ്മ്യൂണൽ റൊട്ടേഷനാണ്. സർ, 100 ഒഴിവുകൾ വന്നാൽ കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ച് നാൽപ്പത്തിനാലാമത്തേയും 92-ാമത്തേയും പോസ്റ്റുകൾ മാത്രമേ ഇന്ന് ആദിവാസികൾക്ക് ലഭിക്കുന്നുള്ളു. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്. ഇതിനൊരു പരിഹാരമായി സ്പെഷ്യൽ റിക്രൂട്ടുമെൻറ് നടത്താൻ പോകുന്നതിൽ അതിയായ സന്തോഷമുണ്ട്. എന്തായാലും ഈ കാര്യത്തിൽ പത്തിനിടയിൽത്തന്നെ റൊട്ടേഷൻ കൊണ്ടുവരണം. അതിനുവേണ്ടി ഗവൺമെൻറ് ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതുണ്ട്. അപ്രകാരം ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഒരു പരിശ്രമം ഉണ്ടായാൽ മാത്രമേ ആദിവാസികൾക്കിടയിൽ ഉദ്യോഗമില്ലാതെ നിൽക്കുന്നവർക്ക് ഒരാശ്വാസം ലഭിക്കുകയുള്ളു. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജെ. എ. ചാക്കോ : സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണ്. സർ, നമ്മുടെ വികസനപ്രവർത്തനരംഗം ഇന്ന് യാതൊരു പ്രവൃത്തിയും ചെയ്യാതെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്ന വെറും ഒരു സ്ഥാപനമായി മാറിയിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്കാവശ്യമായ പണം ഒന്നുകിൽ അനുവദിക്കണം അല്ലാത്തപക്ഷം ഇക്കാര്യത്തിൽ മറെറന്തെങ്കിലും ക്രമീകരണം ഉണ്ടാക്കണമെന്ന് ഈ സഭയിൽത്തന്നെ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നിട്ട് ഇതേവരേയും കാര്യമായി യാതൊന്നുംതന്നെ ഗവൺമെൻറ് ചെയ്തിട്ടില്ല. നമ്മുടെയിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ക്രാഷ്പ്രോഗ്രാം നടപ്പിലാക്കിയിരുന്നു. അതിൻെറ ഫലമായി റോഡുകളുടെ ഇന്നത്തെ സ്ഥിതിയെന്താണ് ? രാമേശ്വരത്തെ ക്ഷൌരം പോലെ കിടക്കുകയാണ്. ചിലത് പൂർത്തിയായിട്ടുണ്ട്, ചിലത് പകുതിയായിട്ടുണ്ട്. സർ, പൂർത്തിയായതുതന്നെയും പല കാരണവശാലും സഞ്ചാരയോഗ്യമല്ലാതെ കിടക്കുകയാണ്. ആ റോഡുകൾ മെയിൻറനൻസ് ചെയ്യുന്നതിനാവശ്യമായ പണം ഗവൺമെൻറ് അലോട്ട് ചെയ്തിട്ടില്ല. റോഡുകളുടെ പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോകാനും ചെയ്തിട്ടുള്ള വർക്കുകൾ പൂർത്തീകരിക്കാനും ഗ്രാമപ്രദേശങ്ങളിലെ റോഡുകൾ സഞ്ചാരസൗകര്യമുള്ളതാക്കിത്തീർക്കുവാനും ആവശ്യമായ നിലപാട് ഗവൺമെൻറ് സ്വീകരിക്കേണ്ടതുണ്ട്. അതിനാവശ്യമായ പണം കേന്ദ്രഗവൺമെൻറിൽനിന്നും പിടിച്ചുപററുന്നതിനുള്ള ശ്രമം നടത്തേണ്ടതാവശ്യമാണ്. ഇതിനെല്ലാം ഉപരി ഗ്രാമപ്രദേശങ്ങളിലെ റോഡുകൾ മുഴുവൻ സഞ്ചാരയോഗ്യമാക്കിത്തീർക്കുന്നതിന് നമ്മുടെ പബ്ലിക്‌വർക്സ് ഡിപ്പാർട്ടുമെൻറിന് കഴിയുകയില്ല. അതുകൊണ്ട് അതിന് മററു പോംവഴികൾ കണ്ടുപിടിക്കേണ്ടതുണ്ട്.

സർ, ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ പലരും സംസാരിക്കുകയുണ്ടായി. ഹരിജനങ്ങൾക്ക് അവർ അർഹിക്കുന്ന ആനുകൂല്യം ഇന്ന് ലഭിക്കുന്നുണ്ടോ ? അതിനെക്കുറിച്ച് വസ്തുനിഷ്ഠമായി പരിശോധിച്ചാൽ അതിലെ അപാകതകൾ ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാക്കുവാൻ കഴിയും. ഉദ്യോഗകാര്യത്തിലായാലും ശരി, ഭൂമി നൽകുന്ന കാര്യത്തിലായാലും ശരി മററാനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിലായാലും ശരി—വളരെയധികം കാര്യങ്ങൾ അവർക്കുവേണ്ടി ചെയ്യുന്നുവെന്ന് ഗവൺമെൻറ് പറഞ്ഞാലും—കിട്ടേണ്ട ഫലം കിട്ടുന്നില്ലെന്നുള്ളത് വളരെ വ്യക്തമാണ്.

സർ, ചില ഉദാഹരണങ്ങൾ എടുത്തുകാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. തൊടുപുഴയിൽ അഞ്ചേരി എന്ന സ്ഥലത്ത് ഹരിജനങ്ങൾക്ക് കോളനി ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി കുറെ സ്ഥലം എടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

Page 9 of 60

ആ സ്ഥലം ഇപ്പോൾ അന്യയാളുകൾ കയറി കൈവശപ്പെടുത്തിയിരിക്കുകയാണ്. അക്കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയപ്പോൾ, അത് തിരിച്ചെടുത്ത് ഹരിജനങ്ങൾക്ക് തന്നെ കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കാമെന്ന് പറഞ്ഞുവെങ്കിലും ഇന്നുവരെയും ആ ഭൂമി കൈവശപ്പെടുത്തിയവരിൽ നിന്നും തിരിച്ചെടുക്കുകയോ ഹരിജനങ്ങൾക്ക് കൊടുക്കുകയോ ചെയ്തിട്ടില്ല. ഈ വസ്തുത ബഹുമാനപ്പെട്ട മന്ത്രി മനസിലാക്കിക്കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പോലും ഗവൺമെൻറിൽനിന്നും ഇന്നുവരെയും നടത്തിയിട്ടില്ല. സർ, ഹരിജനങ്ങൾക്ക് ഭൂമി കൊടുക്കുമ്പോൾ ജാതിയോ മതമോ നോക്കാതെ സാമ്പത്തികമായ പരാധീനത മാത്രം കണക്കിലെടുത്തുകൊണ്ട് ന്യായമായി ഭൂമി കിട്ടാൻ അർഹതയുള്ളവർക്കു മാത്രം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർ, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വനഭൂമി കൊടുക്കുന്നതിന് ചില വ്യവസ്ഥകളെല്ലാം ഗവൺമെൻറിൽ നിന്നും ചെയ്തിട്ടുണ്ട്. പക്ഷേ ഇന്ന് നടക്കുന്നത് എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ? പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കൊടുക്കുന്ന ഭൂമി കൈയൂക്കുള്ളവർ ബലം പ്രയോഗിച്ച് കയറി കൈവശപ്പെടുത്തുകയാണ്. പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാരെ അവിടെനിന്നും ഒഴിപ്പിക്കുന്ന പ്രവണതയാണ് വനപ്രദേശങ്ങളിൽ നടക്കുന്നത്. ഇതൊന്നും കണ്ടില്ലെന്നും കേട്ടില്ലെന്നും പറഞ്ഞ് ആണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഇവിടെ ഇരിക്കുന്നത്.

സർ, ഈ ബഡ്ജററിൽ ഹരിജനങ്ങൾക്ക് വീടുവയ്ക്കുന്നതിന് കാര്യമായ തുക ഉൾക്കൊള്ളിച്ചിട്ടില്ല, അവരുടെ കുടിലുകൾ മേയുന്നതിനുവേണ്ടി കൊടുക്കുന്നതിനുമാത്രം തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുടിലുകൾ മേയുന്നതിനുള്ള തുക ഉൾക്കൊള്ളിക്കാതെ അവർക്ക് നല്ല വീടുകൾ വച്ചുകൊടുക്കുന്നതിനാവശ്യമായ തുക ബഡ്ജററിൽ ഉൾക്കൊള്ളിച്ച് അനുവദിച്ചുകൊടുക്കേണ്ടതാണ്, സമൂഹത്തിൽ നിന്നും പല കാര്യങ്ങളിലും പിൻതള്ളപ്പെട്ടു കിടക്കുന്ന ഈ വിഭാഗം ആളുകൾക്ക് മററുള്ളവർ താമസിക്കുന്നതുപോലെ നല്ല വീടുകൾ വച്ചുകൊടുക്കുന്നതിനും ആ നിലയിലെങ്കിലും അവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഹരിജനങ്ങളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കാനുള്ള ശ്രമം നടത്തുമ്പോൾ, ഇന്ന് അവരുടെ പ്രശ്നങ്ങളെപ്പററി പഠിക്കുന്നതിനോ ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഗവൺമെൻറിലേക്ക് സമർപ്പിക്കുന്നതിനോ ശരിയായി പ്രവർത്തിക്കുന്ന ഉപദേശസമിതികളോ മറേറാ ഉണ്ടെന്നുള്ള കാര്യം സംശയമാണ്. ഗവൺമെൻറിൽനിന്നും ഹരിജനങ്ങൾക്ക് അനുവദിച്ചുകൊടുക്കുന്ന ആനുകൂല്യങ്ങൾ കിട്ടേണ്ടവർക്ക് തന്നെ കിട്ടേണ്ട സമയത്തു കിട്ടുന്നുണ്ടോയെന്നും മററും അന്വേഷിക്കുന്നതിനും, അർഹിക്കുന്നവർക്കുതന്നെ ശരിയായ വിധത്തിൽ ഗവൺമെൻറിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യം ലഭിക്കുന്നതിനും പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹായകരമായ ഒരു കമ്മിഷനെ നിയമിക്കുകയും കമ്മിഷൻ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിൻെറ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്താൻ ശ്രമിക്കേണ്ടതുമാണ്. ഹരിജനങ്ങൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാനും, പ്രവർത്തിക്കാനും, ഹരിജൻ സ്ത്രീകൾക്ക് അവരുടെ അഭിമാനം കാത്തുകൊണ്ട് സ്വൈരമായി ജീവിക്കാനും ഉള്ള സ്ഥിതിവിശേഷം ഉണ്ടാകേണ്ടതാണ്. ഇന്ന് അതിനുള്ള യാതൊരു സൗകര്യവും ഇല്ല. ഇതിനെപ്പററിയെല്ലാം ഇവിടെയുള്ള ബഹുമാനപ്പെട്ട മന്ത്രി അറിയുന്നുണ്ടോയെന്നുള്ള കാര്യം സംശയമാണ്. ഹരിജൻ സ്ത്രീകളെ പോലീസ് സഹിതം ബലാൽസംഗം ചെയ്യുന്ന ഒരു നടപടിയാണ് ഇന്ന് നടന്നുവരുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇവിടെ എല്ലാ കാര്യങ്ങളും വളരെ ശരിയായും



LIBRARY ARCHIVES Kerala Legislative Assembly

ഹരിജനങ്ങളെല്ലാം വളരെ സുഖമായും യാതൊരു കുഴപ്പവും ഇല്ലെന്നുള്ള രീതിയിലാണ്. ആ വിചാരത്തിലാണ് അദ്ദേഹം ഇവിടെ ഇരിക്കുന്നതെങ്കിൽ തീർച്ചയായും അദ്ദേഹത്തിന് തെററ് പററിയിരിക്കുകയാണ്. ഫെബ്രുവരി 26-ാം തീയതി കടയ്ക്കൽ മടത്തറ എന്ന സ്ഥലത്ത് ദാമോദരൻ എന്ന ഒരു ഹരിജൻ യുവാവിനെ ഏതാനും പേർ കൂടി ചേർന്ന് കൊലചെയ്ത് കെട്ടിത്തൂക്കിയ സംഭവമുണ്ടായി. ആ കേസിലെ പ്രതികൾ ആരാണെന്ന് തെളിയിക്കാതിരിക്കാൻ ഭരണകക്ഷിയിലെ ആളുകൾ ഓടി നടക്കുകയാണ്. പിന്നെ കുളത്തൂപ്പുഴ എന്ന സ്ഥലത്ത് ഒരു ഹെഡ്കോൺസ്ററബിൾ മുള്ളു എന്ന ഒരു സാധു ഹരിജൻ സ്ത്രീയെ ബലാൽസംഗം ചെയ്യുകയുണ്ടായി. അവർ അവിടത്തെ പോലീസ് സ്റേറഷനിൽ ചെന്നു പരാതിപ്പെട്ടപ്പോൾ അവർ ഒരു മുണ്ട് വാങ്ങി ആ സ്ത്രീക്ക് കൊടുത്തു പറഞ്ഞയച്ചു. ഇത്തരത്തിലുള്ള പരാതികളുമായി ആരെങ്കിലും പോലീസ് സ്റേറഷനിൽ ചെന്നാൽ കേസ് ചാർജ് ചെയ്യുകയോ ഉത്തരവാദികളായവരുടെ പേരിൽ നടപടികൾ എടുക്കുകയോ ചെയ്യാതെ മുണ്ട് വാങ്ങിച്ചുകൊടുത്തു പറഞ്ഞയയ്ക്കുകയാണ് ചെയ്യുന്നത്. ഇതിനുത്തരവാദിയായ ഹെഡ് കോൺസ്ററബിളിന്റെ പേരിൽ യാതൊരു നടപടിയും എടുക്കുകയുണ്ടായില്ല. സർ, എഴുകോണിൽ അന്തർ എന്ന സ്ഥലത്ത് ഒരു കോൺഗ്രസുകാരനായ സ്കൂൾ മാനേജരുണ്ട്. ആ സ്കൂൾ മാനേജരുടെ മകൻ ഒരു യൂത്ത് കോൺഗ്രസുകാരനാണ്. അയാൾ പാവപ്പെട്ട സുന്ദരിയായ സേതു എന്ന് പേരുള്ള ഒരു ഹരിജന സ്ത്രീയുമായി അടുത്ത് അവരെ കല്യാണം കഴിക്കാമെന്നെല്ലാം പറഞ്ഞ് ഗർഭിണിയാക്കി. ഗർഭിണിയാണെന്നറിഞ്ഞപ്പോൾ യൂത്തുകോൺഗ്രസുകാരനും മൂത്തകോൺഗ്രസുകാരനുമെല്ലാംകൂടി ചേർന്നുകൊണ്ട് ഗർഭം അലസിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ ആ യുവതി അതിന് തയാറാകാതിരുന്നപ്പോൾ ബലം പ്രയോഗിച്ച് ഗർഭം അലസിപ്പിക്കുന്നതിനും മർദ്ദിക്കുന്നതിനും ശ്രമിക്കുകയാണ്. സർ, ഇത്തരത്തിൽ ദയനീയമായ സ്ഥിതിവിശേഷമാണ് നാട്ടിലെ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ളതെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പ് ഭരിക്കാതിരിക്കുകയാണ് നല്ലത്.

സർ, നമ്മുടെ സംസ്ഥാനത്തിലെ പാവപ്പെട്ട ഹരിജൻ സ്ത്രീകൾക്ക് യുവാക്കന്മാർക്ക് സ്വൈരമായി സഞ്ചരിക്കുന്നതിനോ സ്വതന്ത്രമായി ജോലി ചെയ്യുന്നതിനോ സാധിക്കാത്ത സ്ഥിതിവിശേഷമാണുണ്ടായിരിക്കുന്നത്. അവർക്ക് ഗവൺമെന്റിൽനിന്നും വല്ല ആനുകൂല്യവും ചെയ്തുകൊടുക്കുകയാണെങ്കിൽ അത് മററുള്ളവർ തട്ടിപ്പറിച്ചുകൊണ്ടുപോകുകയാണ്. സമൂഹത്തിന്റെ ഏററവും അടിത്തട്ടിൽ കിടക്കുന്ന ഇവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും അവർക്കു സമൂഹത്തിലുള്ള മററുള്ളവരെ പോലെ നല്ല പദവി ഉണ്ടാക്കി കൊടുക്കുന്നതിനുമുള്ള നടപടികൾ ഗവൺമെന്റിൽനിന്നും സ്വീകരിക്കേണ്ടതാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സത്യപാലൻ : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. കേരളം ഭരിച്ചിട്ടുള്ള മറേറതു ഗവൺമെന്റുകളെക്കാളും ഹരിജനങ്ങളുടെ പുരോഗതിക്കുവേണ്ടി പല നല്ല കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ടെന്നുള്ള കാര്യം പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട മെമ്പറൻമാരും അത് സമ്മതിക്കുമെന്നാണ് എന്റെ ബലമായ അഭിപ്രായം. എന്നാൽ ഈ കാലത്തിന്റെ മാററങ്ങൾക്കനുസരിച്ച്, ഹരിജനങ്ങളുടെ വളർച്ചയ്ക്കുവേണ്ടി, അവരുടെ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രവർത്തിക്കാനാവശ്യമായ തുകകൾ കാലാകാലങ്ങളിൽ അവതരിപ്പിക്കുന്ന ബഡ്ജററുകളിൽ വകകൊള്ളിക്കുന്നില്ലെന്നുള്ള കാര്യം ഖേദപൂർവ്വം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഹരിജനങ്ങൾ വളരെയധികം അവശത അനുഭവിക്കുന്ന ഒരു ജനവിഭാഗമാണ്. അവർക്ക് എല്ലാവിധത്തിലുമുള്ള പുരോഗതി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കേണ്ടത് വളരെ ആവശ്യമാണ്. പക്ഷെ അതൊന്നും കണക്കിലെടുക്കാതെയുള്ള പ്രവർത്തനമാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയിൽനിന്നുണ്ടാകുന്നതെന്നുള്ളത് വളരെയധികം ഖേദകരമാണ്. സർ, ഹരിജനങ്ങളുടെ അവശതകൾ പരിഹരിക്കുന്നതിനെപ്പററി എല്ലാ രാഷ്ട്രീയ പ്രവർത്തകരും, നേതാക്കൻമാരും, സാമൂഹ്യ പ്രവർത്തകൻമാരും, ഭരണകർത്താക്കളും തലപുകഞ്ഞാലോചിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹ്യ സാംസ്കാരികരംഗങ്ങളിൽ പ്രവർത്തിക്കുന്നവരെല്ലാംവരും ഇതിനെപ്പററി ആലോചിച്ചിട്ടും കാലത്തിനനുസരണമായ വളർച്ച ഹരിജനങ്ങളിൽ ഉണ്ടാക്കാൻ കഴിയുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അങ്ങനെ ആകാതിരിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനമായിട്ടുള്ളത് സാമ്പത്തികമല്ലേ എന്നുള്ളത് നാം ആലോചിക്കേണ്ടതാണ്. ഹരിജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും, അവരുടെ ആവശ്യങ്ങൾ എന്താണെന്നും, അവരെ ഉയർത്തിക്കൊണ്ടുവരാൻ എന്താണ് ചെയ്യേണ്ടതെന്നുള്ളതിനെപ്പററി വ്യക്തമായി പഠിച്ച് മനസ്സിലാക്കിയതിനുശേഷം, അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയാലേ ഹരിജനങ്ങൾക്ക് സർക്കാർ എന്തെങ്കിലും ആനുകൂല്യം ചെയ്യുന്നതുകൊണ്ട് അവർക്ക് ഗുണം ലഭിക്കുകയുള്ളു. എല്ലാ ഭാഗത്തുനിന്നും ഹരിജനങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുകയും വാദിക്കുമെങ്കിലും, അവരുടെ ഉന്നമനത്തിനുവേണ്ടി എന്തെങ്കിലും കാര്യമായ പ്രവർത്തനം നടന്നിട്ടുണ്ടോയെന്ന് നോക്കേണ്ടതാണ്. കഴിഞ്ഞകാൽ നൂററാണ്ടുകളായി ഇത്രയും ആനുകൂല്യമെല്ലാം ചെയ്തുകൊടുത്തുവെന്ന് പറയുന്നുണ്ടെങ്കിലും അവരുടെ നില മെച്ചപ്പെട്ടുവെന്ന് പറയാൻ വകുപ്പുമന്ത്രിക്ക് കഴിയുമോയെന്നുള്ള കാര്യം സംശയമാണ്. നമ്മുടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഹരിജനങ്ങളുടെ പുരോഗതിക്കവേണ്ടി ചില കാര്യങ്ങളെല്ലാം പ്രതിപാദിച്ചിരുന്നു. അതെല്ലാം നടപ്പിലാകുമെന്നുള്ള ആകാംക്ഷയോടുകൂടി ഹരിജനങ്ങൾ കാത്തിരുന്നുവെങ്കിലും ഒന്നും തന്നെ നടപ്പിലാക്കാൻ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. അതുപോലെ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ലംപ്സം ഗ്രാൻറ് വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനം വകുപ്പുമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചു. എന്നിട്ട് ഇതുവരെയും വിദ്യാർത്ഥികൾക്ക് അത് ലഭിച്ചിട്ടില്ലെന്നുള്ളതാണ് വാസ്തവം. ഗവൺമെൻറിൽനിന്നും പ്രഖ്യാപനം ഉണ്ടായിട്ടും വിദ്യാർത്ഥികൾക്ക് കിട്ടിയിട്ടില്ലെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ അവർ സമരം ചെയ്യേണ്ടിവന്നു. ഞാൻ ചോദിക്കുകയാണ്, ഈ സമരം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു വരുത്തുകയല്ലേ ചെയ്തത്. വിദ്യാർത്ഥികളുടേയും ഹരിജനങ്ങളുടേയും അവശത പരിഹരിക്കുന്നതിന് അവർ സമരംചെയ്തേ നൽകു എന്നുള്ള ദയനീയമായ അവസ്ഥ മാററിയെങ്കിലെ പററു.

സർ, നമ്മുടെ സ്റേറററിൻെറ ആകെ വരുമാനത്തിൻെറ പത്തു ശതമാനമെങ്കിലും ഹരിജൻ ഡിപ്പാർട്ടുമെൻറിനുവേണ്ടി നീക്കിവച്ച് ഹരിജൻ ഡിപ്പാർട്ടുമെൻറിൻെറ രൂപവും ഭാവവും മാററി മുന്നോട്ടുപോകുന്നതിന് ആവശ്യമായ തുക ഉൾക്കൊള്ളിച്ചേ മതിയാകു. തുക ലഭിക്കാത്തതിന് വകുപ്പുമന്ത്രിയെ കുററം പറഞ്ഞതുകൊണ്ട് എന്താണ് പ്രയോജനം ? തന്നെയുമല്ല ഹരിജനങ്ങളുടെ വികാരങ്ങളും മററും ശരിക്കറിയാവുന്ന ഒരു ഡയറക്ടറാണ് ഇന്നുള്ളത്. അദ്ദേഹത്തെക്കൊണ്ട് നാളിതുവരെ ഉണ്ടായിട്ടുള്ള പോരായ്മകൾ നികത്തിയെടുക്കാൻ വകുപ്പുമന്ത്രിയും ഗവൺമെൻറും ശ്രമിക്കേണ്ടതാണ്. അതു ചെയ്യാത്തിടത്തോളം കാലം ഹരിജൻ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് എക്കാലവും കുററം പറയാനല്ലാതെ മറെറാന്നിനും സാധിക്കുകയില്ല. ഹരിജനങ്ങളെ നല്ല മനുഷ്യരായി വളർത്തിയെടുക്കാൻ ഈ ഡിപ്പാർട്ടുമെൻറിന് കഴിഞ്ഞിട്ടില്ലെന്നു പറയേണ്ടതായിവരും. അങ്ങനെ വരാതിരിക്കുന്നതിന് നല്ല മനുഷ്യർ ഈ ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെടുമ്പോൾ അവർക്കുവേണ്ട പ്രോൽസാഹനം ചെയ്തുകൊടുത്ത് ഹരിജനക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുന്നതിന് ഗവൺമെൻറ് ശ്രമിക്കേണ്ടതാണ്. സ്വാതന്ത്ര്യം കിട്ടി 26 കൊല്ലം കഴിഞ്ഞിട്ടും കാലാകാലങ്ങളിൽ മാറിവരുന്ന ഗവൺമെൻറുകൾക്ക് ഹരിജനങ്ങളുടെ വികാരങ്ങൾ ഉൾക്കൊള്ളാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഹരിജനങ്ങൾ ഇന്നും അവരുടെ അവകാശങ്ങൾക്കുവേണ്ടി മുറവിളി നടത്തിക്കൊണ്ടിരിക്കുകയാണ്. സർ, ഇന്ന് തിരുവനന്തപുരത്ത് ഹരിജനവർഗ്ഗത്തിൽപ്പെട്ട 41 സമുദായങ്ങളടങ്ങുന്ന വിഭാഗം ഒരു സംയുക്ത സമരസമിതി രൂപീകരിച്ചുകൊണ്ട് പതിനായിരക്കണക്കിന് ഹരിജനങ്ങൾ പങ്കെടുക്കുന്ന ഒരു പ്രകടനവും സത്യഗ്രഹവുമൊക്കെ ഇന്ന് സെക്രട്ടേറിയററിന് മുൻവശം 11 മണിക്ക് നടത്താൻ പോകുന്നു എന്നറിഞ്ഞു. സർ, അവർ അത് ചെയ്യുന്നത് അവർക്കുള്ള ആനുകൂല്യങ്ങൾ നൽകാത്തതിൻെറ വികാരങ്ങൾ ഗവൺമെൻറിനെ മനസ്സിലാക്കുന്നതിനു വേണ്ടിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇനിയെങ്കിലും ഈ വകുപ്പിൻെറ സ്വഭാവങ്ങളും നിറങ്ങളും മററും മാററിയെടുത്ത് ഹരിജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി പ്രവർത്തിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. വി. കെ. ഗോപിനാഥൻ: സർ, ഈ ഡിമാൻറുകളെ ഞാൻ എതിർക്കുന്നു. അഴിമതിയുടേയും സ്വജനപക്ഷപാതത്തിൻേറയും കാര്യത്തിൽ ഏതാണ്ട് ഈ ഗവൺമെൻറിൻെറ കുത്തക പിടിച്ചടക്കിയിട്ടുള്ള ഒരു ഡിപ്പാർട്ടുമെൻറാണ് ഫിഷറീസ്. ഇവിടെ അടിമ സംപ്രദായം ഉണ്ടെന്നുള്ള ആരോപണം വന്നിട്ടുണ്ട്. പക്ഷേ ആ ആരോപണത്തിന് എവിടെയെങ്കിലും സത്യം കാണാൻ സാധിക്കുമെങ്കിൽ അതിൻെറ നഗ്നമായ രൂപത്തിൽ കാണുന്നത് മൽസ്യത്തൊഴിലാളികളുടെ ഇടയിലാണ്. പൊതുമുതൽ കൊള്ളയടിക്കുന്നതിനും ധൂർത്തടിക്കുന്നതിനും ഏററവും വലിയ ഉദാഹരണം കേരളത്തിൽ ഏതു വകുപ്പിലാണെന്നു ചോദിച്ചാൽ അത് ഇവിടത്തെ ഫിഷറീസ് വകുപ്പിലാണെന്നു യാതൊരു സംശയത്തിനും ഇടവരാതെ പറയാൻ കഴിയും. ഫിഷറീസ് കോർപ്പറേഷൻ എന്ന ഒരു വെള്ളാന, ബോട്ടുകൊടുക്കൽ, തിരിച്ചുവാങ്ങൽ, പിടിച്ചെടുക്കൽ, നോട്ടീസ് കൊടുക്കൽ എന്നതിൻെറ പേരിൽ നടത്തുന്ന കൊള്ളരുതായ്മകൾക്ക് കയ്യും കണക്കുമില്ല. ഇടയ്ക്ക് പറയും, പാവപ്പെട്ട തൊഴിലാളികൾ ബോട്ട് വാങ്ങുന്നതിന് 10 ശതമാനമാണ് സെക്യൂരിററി വയ്ക്കേണ്ടതെന്ന്. പക്ഷേ യഥാർത്ഥത്തിൽ ബോട്ടു കിട്ടണമെങ്കിൽ പാവപ്പെട്ട തൊഴിലാളികൾ 25 ശതമാനംവരെ സെക്യൂരിററി വയ്ക്കണം. മൽസ്യത്തൊഴിലാളികളുടെ പേരിൽ കൊടുത്തിട്ടുള്ള ഒരൊററ ബോട്ടുകൾ ഇന്നു മൽസ്യത്തൊഴിലാളികളുടെ കൈവശമില്ലെന്നു മാത്രമല്ല, നേരേമറിച്ച് ആ ബോട്ടുകൾ മുഴുവൻ വൻകിട കുത്തകക്കാരുടെ ഉടമയിലാണെന്നുമുള്ള ആരോപണം ഞാൻ ഉന്നയിക്കുകയാണ്. ഈ ഡിപ്പാർട്ടുമെൻറിൽ നിന്ന് പല സൊസൈററികളുടേയും പേരിൽ ചില ഗ്രൂപ്പുകൾ സൃഷ്ടിച്ച് അതിൻെറ പേരിൽ മീൻപിടിത്തത്തിന് ബോട്ടുകൾ കൊടുത്തിട്ടുണ്ട്. പക്ഷേ ഒരൊററ ബോട്ടും തൊഴിലാളികളുടെ കയ്യിലില്ല. അതു മുഴുവൻതന്നെ കുത്തകക്കാരുടെ കൈവശം വച്ചിരിക്കുകയാണ്. ബോട്ടു തൊഴിലാളികളുടെ പേരിലായിരിക്കും, പക്ഷേ ആ ബോട്ടുപയോഗിച്ച് മീൻപിടിത്തം നടത്തുന്നത് വൻകിട കുത്തകക്കാരായിരിക്കും. പാവപ്പെട്ട തൊഴിലാളികൾ ഇൻസ്ററാൾമെൻറ് അടയ്ക്കാൻ വൈകിയാൽ നോട്ടീസ് കൊടുക്കും. ഉടൻതന്നെ ബോട്ട് പിടിച്ചെടുക്കുകയും ചെയ്യും. ഉടൻതന്നെ ഡെപ്യൂട്ടി ഡയറക്ടറേയും അസിസ്ററൻറ് ഡയറക്ടറേയും പ്രത്യേകമായി കണ്ടാൽ കുത്തകക്കാർക്കുവേണ്ടി ബോട്ടു സ്ഥലത്തില്ലെന്ന് കാണിച്ച് റിക്കാർഡുണ്ടാക്കി ബോട്ട് വിട്ടുകൊടുക്കുകയും ചെയ്യും. സത്യത്തിൽ പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ പിഴിഞ്ഞെടുത്ത് അവരെ നശിപ്പിച്ച് പിച്ചപ്പാള എടുപ്പിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറായി മാറിയിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് ഡിപ്പാർട്ടുമെൻറ് എന്നുള്ളതാണ് സത്യം. കേരളത്തിൽ കൊടുത്തിട്ടുള്ള ബോട്ടുകളുടെ കഥ പരിശോധിക്കണം. പിടിച്ചെടുത്തിട്ടുള്ള ബോട്ടുകൾക്ക് ക്രാങ്ക് ഉണ്ടോ, ബോഡിയുണ്ടോ എന്നു ചോദിച്ചാൽ അതൊന്നും കാണാനില്ല. എത്ര മൽസ്യത്തൊഴിലാളികളുടെ കുടുംബം ഈ ബോട്ട് കൊടുത്തതു കാരണം അനാഥമായിട്ടുണ്ടെന്നുള്ളത് പരിശോധിക്കണം. ആ ബോട്ടുകളൊന്നും അവർക്ക് കൊടുത്തിട്ടില്ല. ആ ബോട്ടുകൾ എവിടെയാണെന്നുള്ളത് അസിസ്റ്റൻറ് ഡയറക്ടർക്കറിയാം, ഡിപ്പാർട്ട്മെൻറ് മേധാവിക്കറിയാം. ബോട്ടു വാങ്ങിയ തൊഴിലാളികൾ ഇൻസ്റ്റാൾമെൻറടയ്ക്കാൻ വൈകിയാൽ അവധി കൊടുക്കുകയില്ല, ഉടൻതന്നെ പിടിച്ചെടുക്കും. ഇങ്ങനെ ബോട്ടുകൾ പിടിച്ചെടുക്കുന്നതിന്റെ പിന്നിൽ ഫിഷറീസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരും ഈ രാജ്യത്തെ മൽസ്യവ്യാപാരത്തിൽ കുത്തകാവകാശപ്പെടുന്നവരും തമ്മിൽ ഒരു വലിയ ഗൂഢാലോചന നടക്കുകയാണ്. ഇല്ലാത്ത സൊസൈറ്റികൾക്ക് ബോട്ട് കൊടുത്തിട്ടുണ്ട്. ഈ നിയമസഭയിൽ ഒന്നു രണ്ടു പ്രാവശ്യം ഞാൻ പറഞ്ഞകാര്യം വീണ്ടും ആവർത്തിക്കുകയാണ്. വെള്ളം ഇല്ലാത്ത സ്ഥലത്ത് സൊസൈറ്റികൾ ഉണ്ടാക്കി ബോട്ട് കൊടുത്തിട്ടുണ്ട്. ചാവക്കാട് താലൂക്കിൽ വെൺമാറനട മൽസ്യത്തൊഴിലാളി സംഘം എന്നൊരു സൊസൈറ്റി ഉണ്ട്. ഏതാണ്ട് 90,000 രൂപ വിലവരുന്ന ബോട്ടുകൾ കൊടുത്തിട്ടുണ്ട്. യഥാർത്ഥത്തിൽ അതൊരു സൊസൈറ്റിയല്ല. ഒരു സ്കൂളിലെ മാനേജരും അയാളുടെ ചേട്ടനും, സ്കൂളിലെ ശിപായിയുംകൂടി ചേർന്നുകൊണ്ട് ഒരു സൊസൈറ്റിയുണ്ടാക്കി. അതിന് വരവു ചെലവു കണക്കിന്റെ റിക്കാർഡൊന്നുമില്ല. തൃശ്ശൂർ ഡി. ഡി. സിയിൽ ഫിഷറീസ് ഇൻസ്പെക്ടർ ഇതിന്റെ റിക്കാർഡ് ഹാജരാക്കുകയും ഈ സൊസൈറ്റിയുടെ പേരിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തൃശ്ശൂർ ഡി. ഡി. സി. ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കി അയച്ചിട്ട് ആ സൊസൈറ്റിയുടെ പ്രസിഡൻറിനെ ഇതുവരെ തൊട്ടിട്ടില്ല. ഈ ഡിപ്പാർട്ട്മെൻറ് കൈകാര്യം ചെയ്യുന്നവർ ഒരു സമാധാനംപോലും ചോദിച്ചില്ല. ആരാണ് ആ വീരൻ എന്ന് അറിയാമോ? ഒന്നു രണ്ടു പ്രാവശ്യം ഈ നിയമസഭയിൽ അംഗമായിരുന്ന ആളും, രണ്ടു മൂന്ന് മുസ്ലീം ഹൈസ്കൂളുകളുടെ മാനേജരും, ഇപ്പോൾ മുസ്ലീംലീഗിന്റെ ഔദ്യോഗിക ഗ്രൂപ്പിൽപ്പെട്ട ഒരാളുമാണ്. ഇത്രയും നഗ്നമായ അഴിമതി നടന്നിട്ട് ഒരു ചെറുവിരൽപോലും അനക്കിയിട്ടില്ല. ആ സൊസൈറ്റിയുടെ പേരിൽ നടപടിയെടുക്കണമെന്നു കാണിച്ച് തൃശ്ശൂർ ഡി. ഡി. സി. പ്രമേയം പാസ്സാക്കി അയച്ചിട്ട് ഇതുവരെ ആ മാനേജരുടെ പേരിൽ നടപടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇത് അഴിമതിയല്ലെങ്കിൽ മററ് എന്താണ്?

സർ, ഇത് അഴിമതിയല്ലെങ്കിൽ പിന്നെ എന്താണ്? ഞാൻ ഫിഷറീസ് കോർപ്പറേഷനെപ്പററി പറയുന്നില്ല. കാരണം മന്ത്രിതന്നെ സമ്മതിച്ചിട്ടുണ്ട്, ഇതുപോലെ ഒരു മുടിയനായ പുത്രൻ ഇന്നേവരെ ഈ രാജ്യത്തൊരിടത്തും ഉണ്ടായിട്ടില്ലെന്ന്. എന്താണ് സർ നടക്കുന്നത്? ഫിഷറീസ് കോർപ്പറേഷനിലെ ഐസ് പ്ലാൻറുകൾ വെറുതെ കിടക്കുകയാണ്. നേരെമറിച്ച് തൊട്ടടുത്തുള്ള പ്രൈവററ് പ്ലാൻറ് പ്രവർത്തിക്കുകയാണ്. ആകെ എത്ര മീൻ പിടിച്ചു, എത്ര ഐസ് പ്ലാൻറുകൾ പ്രവർത്തിച്ചു എന്നുള്ളതിന് യാതൊരു കണക്കുമില്ല. അവിടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാർ പരിശോധിക്കുന്നു എന്നു പറഞ്ഞു. എന്നാൽ ലക്ഷക്കണക്കിന് ഉറുപ്പിക കട്ടുമുടിക്കുന്ന ഏതാനും കാട്ടു രാജാക്കൻമാരുടെ കേന്ദ്രമായിട്ട് ഫിഷറീസ് കോർപ്പറേഷൻ അധഃപതിച്ചിരിക്കുകയാണ്. അവിടത്തെ പ്രവർത്തനത്തെപ്പററി ഈ സഭയിലെ എല്ലാ കക്ഷികളും അടങ്ങുന്ന ഒരു കമ്മററിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ? എന്നാൽ പല രഹസ്യങ്ങളും പുറത്തുവരും.

LIBRARY ARCHIVES Kerala Legislative Assembly

Page 14 of 60

മന്ത്രിക്ക് മിണ്ടാൻ നിവൃത്തിയില്ല. കാരണം ഭരണ കാൺഗ്രസിലെ ആളാണ് ചെയർമാൻ. മന്ത്രി പറഞ്ഞാൽ പറയും അത്രയൊന്നും പറയേണ്ട മിണ്ടാതെ ഇരുന്നുകൊള്ളാൻ. അവിടത്തെ ചെയർമാൻ കെ. ആർ. വിജയനാണ്. മിണ്ടിപ്പോയാൽ മന്ത്രിയുടെ പിടലിക്ക് ഭരണ കാൺഗ്രസുകാർ പിടിക്കും. അതുകൊണ്ട് മന്ത്രിയും ഇടപെടുകയില്ല.

സാമൂഹ്യവികസന വകുപ്പിനെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. സാമൂഹ്യ വികസനവകുപ്പെന്നു പറയുന്ന ഒരു സ്ഥാപനം ഉണ്ടെന്നല്ലാതെ ഈ വകുപ്പിൽ വേറൊന്നും നടക്കുന്നില്ല. ആഫീസ് ഉണ്ട് എല്ലായിടത്തും. പക്ഷേ അവിടെയൊന്നും ബി. ഡി. ഒ. മാരില്ല, ലേഡീ വില്ലേജ് എക്സ്റ്റൻഷൻ ആഫീസറില്ല. കീവില്ലേജ് എക്സ്റ്റൻഷൻ ആഫീസറില്ല ആരുമില്ല. അവിടെ കെട്ടിടങ്ങളല്ലാതെ ഒരു ചുക്കും നടക്കുന്നില്ല. ബ്ലോക്ക് ആധാരമാക്കിക്കൊണ്ട് താലൂക്കു ഉണ്ടാക്കാൻ പോകുന്നു എന്നു കേട്ടു. ഇപ്പോൾ അതൊന്നും ആലോചനയിൽ പോലുമില്ല. അങ്ങനെ വന്നുപോയി ഇനി എന്തു ചെയ്യാൻ സാധിക്കുമെന്ന വിധത്തിലാണ് മന്ത്രിയുടെ നില.

ഹരിജനങ്ങളുടെ കാര്യം പറയുകയാണെങ്കിൽ ഹരിജനങ്ങളെസംബന്ധിച്ച് വളരെയധികം ചെയ്തു എന്ന് അവകാശപ്പെടുന്ന ഒരു സർക്കാരാണിത്. ഹരിജൻ കോർപ്പറേഷൻ ഉണ്ടാക്കിയെന്ന് അവകാശപ്പെടുന്നു. കോർപ്പറേഷനാവശ്യമുള്ള മൂലധനം പിരിഞ്ഞുകിട്ടിയോ? കോർപ്പറേഷനാവശ്യമുള്ള മൂലധനം തരാമെന്ന് വല്ലവരും പറഞ്ഞിട്ടുണ്ടോ; ഗവൺമെന്റിന്റെ പ്രതീക്ഷയ്ക്കനുസരണമായി കേന്ദ്രഗവൺമെന്റ് തന്നോ? തരാമെന്ന് വല്ല വാഗ്ദത്തവുമുണ്ടോ? ഈ രാജ്യത്ത് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുന്നതുപോലെതന്നെയാണ് ഹരിജന ക്ഷേമവകുപ്പിന്റെയും പ്രവർത്തനം. ശ്രീ. രാഘവൻമാസ്റ്റർ ഇവിടെ സ്പെഷ്യൽ റിക്രൂട്ടുമെന്റിന്റെ കഥ പറഞ്ഞു. പല ഡിപ്പാർട്ടുമെന്റിന്റേയും ഉദ്യോഗസ്ഥൻമാർ സ്പെഷ്യൽ റിക്രൂട്ടുമെന്റിന്റെ കൽപ്പനകൾ പുല്ലാക്കി തള്ളിക്കൊണ്ടാണ് നീങ്ങുന്നത്. ചോദിക്കാൻ ആളില്ല. ഇവിടെ റവന്യൂവകുപ്പുമന്ത്രി പലപ്പോഴും പറഞ്ഞു, ഹരിജനങ്ങളുടെ ഭൂമി അന്യാധീനപ്പെടുത്തുന്നതു തടയാൻ ഞാൻ ഇതാ നിയമം കൊണ്ടുവരാൻ പോകുന്നു എന്ന്. നിയമസഭ ആരംഭിച്ച കാലംമുതൽ പറയുകയാണ്. മൂന്നു മൂന്നരക്കൊല്ലമായി. കോഴിക്ക് മുലവരുന്നതുപോലെയുള്ള കാത്തിരിപ്പാണ്. എന്നു വരുമെന്നു നിശ്ചയമില്ല. ഹരിജനങ്ങളുടെ ഭൂമി അന്യാധീനപ്പെടുത്തുന്നത് തടയാൻ നിയമം കൊണ്ടു വന്നാൽ ഈ രാജ്യത്ത് പ്രമാണിമാർ റവന്യൂമന്ത്രിയുടെ ചെവിക്കു പിടിക്കും. നിയമം കൊണ്ടുവരുമെന്നു പറയുകയല്ലാതെ അതിനാവശ്യമായ ഡ്രാഫ്റ്റു തയ്യാറാക്കി പ്രസിദ്ധം ചെയ്യാമെന്ന് ഹരിജനങ്ങളോടു വാഗ്ദത്തം ചെയ്യാമെന്നല്ലാതെ ഈ ഗവൺമെന്റിന് ഈ നിയമം കൊണ്ടുവരാൻ സാധിക്കുകയില്ല. കാരണം വയനാട്ടിലെ സ്ഥാപിതതാൽപ്പര്യക്കാരുടെ. ഭൂമി കയ്യേറ്റക്കാരുടെ ഈ രാജ്യത്തെ പ്രമാണിമാരുടെ കയ്യിൽ അമർന്നിരിക്കുന്നു. അവരിൽ നിന്ന് ഹരിജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഈ സർക്കാരിനു കഴിയുകയില്ല. നേരെമറിച്ച് ഹരിജനങ്ങളുടെ മുതൽ കക്കുന്നതിനും. കട്ടുകടത്തുന്നതിനും കൂട്ടു നിൽക്കുന്ന ഒരു സർക്കാരാണിത്. അതുകൊണ്ട് ഈ ഡിമാന്റുകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**ശ്രീ. കെ. കെ. ബാലകൃഷ്ണൻ**: സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാന്റുകളെ അനുകൂലിക്കുന്നു. ഈ ഭരണഘടന നിലവിൽ വന്നതിനുശേഷം ഈ രാജ്യത്ത് അവശത അനുഭവിക്കുന്ന ഹരിജനങ്ങളുടെ പുരോഗതിക്കുവേണ്ടി പലതും സംസ്ഥാന ഗവൺമെന്റുകളും, കേന്ദ്രഗവൺമെന്റും ചെയ്തു വരുന്നുണ്ട്. നമ്മുടെ സംസ്ഥാനഗവൺമെന്റ് ഹരിജനങ്ങളുടെ വിദ്യാഭ്യാസകാര്യത്തിലാണ് കൂടുതൽ താൽപര്യം പ്രകടിപ്പിച്ച് പ്രവർത്തിച്ചു

LIBRARY ARCHIVES Kerala Legislative Assembly

Page 15 of 60

വരുന്നുത്. ഈ രാജ്യത്തെ ഹരിജനങ്ങൾക്ക് സാമ്പത്തികമായ പുരോഗതി ഉണ്ടാകണമെങ്കിൽ വിദ്യാഭ്യാസം വഴിയല്ലാതെ സാദ്ധ്യമല്ലെന്നുള്ള നിഗമനത്തിൻെറ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസരംഗത്ത് കൂടുതൽ സഹായങ്ങളും താൽപര്യങ്ങളും ഗവൺമെൻറ് കാണിക്കുന്നത്. എന്നാൽ ഇങ്ങനെയൊക്കെ വിദ്യാഭ്യാസം കഴിഞ്ഞുപുറത്തു വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് ഭരണഘടനാദത്തമായ സംവരണാനുകൂല്യം ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ ഒരു എംപ്ലോയ്മെൻറ് സെൽ സെക്രട്ടേറിയററിൽ രൂപീകരിക്കുകയുണ്ടായി. ആ സെല്ലിൻെറ പ്രവർത്തനഫലമായിട്ട് ഈ ഗവൺമെൻറിന് പലതും മനസിലാക്കാൻ കഴിഞ്ഞു, 1950-നുശേഷം നടന്നനിയമനങ്ങളിൽ അതിനോടനുബന്ധിച്ചുള്ള സംവരണാനുകൂല്യം തികച്ചും പ്രയോജനപ്പെടുത്തിയിട്ടില്ലെന്നു മനസിലാക്കിയതിൻെറ ഫലമായി 1970 ആഗസ്ററുമാസത്തിൽ ഒരു സ്പെഷ്യൽ റിക്രൂട്ടുമെൻറ് ഹരിജനങ്ങൾക്കുവേണ്ടി നടത്തുന്നതിന് കൽപ്പന പുറപ്പെടുവിച്ചു. അഞ്ചു ശതമാനം നോൺഗസററഡ് കേഡറിലും ഒരു ശതമാനം ഗസററഡ് കേഡറിലും നൽകണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് ഈ കൽപന പുറത്തു വന്നത്. ഇതൊക്കെ പരിശോധിക്കാൻ മറെറാരു ഗവൺമെൻറു മെഷനറിയും രൂപീകരിച്ചിട്ടുണ്ട്. നമ്മുടെ നിയമസഭയിൽനിന്നുതന്നെ 11 മെമ്പർമാർ അടങ്ങുന്ന ഒരു നിയമസഭാ കമ്മിററി ബഹുമാനപ്പെട്ട സ്പീക്കർ രൂപീകരിച്ചിട്ടുണ്ട്. ഇത് ഇന്നുവരെ ഒരു സംസ്ഥാന ഗവൺമെൻറും ചെയ്യാത്ത ഒരു നല്ല കാര്യമായിട്ട് ഈ സംസ്ഥാനത്തെ ഹരിജനങ്ങൾ കാണും. ഹരിജനങ്ങൾക്കുവേണ്ടിയുള്ള കൽപ്പനകൾ കാലാകാലം നടപ്പിലാക്കുന്നുണ്ടോ, അതിന് എന്തെങ്കിലും വിഭാഗം ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുവേണ്ടി സ്റററ്റ്യൂട്ടറി അധികാരത്തോടുകൂടിയ ഈ കമ്മററിയുടെ രണ്ടാമത്തെ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് അങ്ങ് ഒന്നു പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള കൽപ്പനകൾ സംസ്ഥാനത്തെ വകുപ്പുമേധാവികളും സർവ്വീസ് കമ്മീഷനും പരിപൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലെന്ന് കമ്മിററിയുടെ റിപ്പോർട്ട് പരിശോധിച്ചുനോക്കിയാൽ കാണാൻ കഴിയും. ഞാൻ ഒന്നു രണ്ടു കാര്യങ്ങൾ മാത്രം എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. ഈ നിയമസഭാകമ്മററിക്ക് പുറമെ മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള ഒരു റവ്യൂ കമ്മിററിയും നിലവിലുണ്ട്. ആ റവ്യൂ കമ്മിററിയിൽ എല്ലാ ഹരിജൻ എം. എൽ. എ. മാരും ഹരിജനക്ഷേമവകുപ്പുമന്ത്രിയും ഗവൺമെൻറു സെക്രട്ടറിമാരും അംഗങ്ങളാണ്. കഴിഞ്ഞകാലങ്ങളിൽ നടന്ന നിയമനങ്ങളെ വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനുംവേണ്ടി മൂന്നുമാസത്തിലൊരിക്കൽ റവ്യൂ കമ്മിററി കൂടാറുണ്ട്. ഗവൺമെൻറ് 1970-ൽ പുറപ്പെടുവിച്ച കൽപ്പനയുടെഅടിസ്ഥാനത്തിൽ നിയമനങ്ങൾ നടക്കുന്നില്ല എന്ന് ആ കമ്മിററിക്കും ബോദ്ധ്യമായിട്ടുണ്ട്. ഗവൺമെൻറ് മൂന്നു സർക്കുലറുകൾ ഈ കൽപ്പനയ്ക്കുശേഷം പുറപ്പെടുവിച്ചു. അവസാനത്തെ സർക്കുലറിൻെറ കാലാവധി 31-ാം തീയതി കഴിഞ്ഞു. 31—ാം തീയതിക്കകം 10 ശതമാനം റിസർവേഷൻ വച്ചിട്ടുള്ളത് ഫില്ലു ചെയ്തിട്ടില്ലെങ്കിൽ ഫില്ലു ചെയ്യാൻ ആവശ്യമായ നടപടികൾ ഉദ്യോഗസ്ഥൻമാർ സ്വീകരിക്കണമെന്ന് അവസാനമായി താക്കീതു നൽകിക്കൊണ്ടുള്ളതാണ്. എന്താണ് പ്രയോജനം. യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ആ കൽപ്പന ഇന്നും വെറും കടലാസിൽ മാത്രം അവശേഷിക്കുകയാണ്. വല്ലതും നടക്കുന്നുണ്ടോ ? നിയമനം നടത്താൻ പലതും ചെയ്യുന്നുണ്ടെന്നു സമ്മതിക്കാൻ തയ്യാറാണ്. പക്ഷേ നിയമനം വളരെ സാവകാശത്തിലെ നടക്കുന്നുള്ളു. ഉദാഹരണമായിട്ട് അസംബ്ലി കമ്മിററി 14 വകുപ്പുകൾ എക്സാമിൻ ചെയ്യുകയുണ്ടായി. ആ 14 വകുപ്പുകൾ എക്സാമിൻ ചെയ്തതിൽ നിന്ന് ചില കാര്യങ്ങൾ മനസിലാക്കാൻ കഴിഞ്ഞു, വകുപ്പു മേധാവികളോട് അതാതു വകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്നിട്ടുള്ള നിയമനങ്ങളും അതിൽ ഹരിജനങ്ങൾക്കു കിട്ടിയിട്ടുള്ള പ്രാതിനിധ്യത്തിന്റെ കണക്കും ചോദിച്ചാൽ കമ്മിററിക്ക് ശരിയായ തെളിവ് നൽകുന്നില്ല. 14 വകുപ്പുകളാണ് പരിശോധിക്കാൻ എടുത്തിട്ടുള്ളത്. പല വകുപ്പുകളും അതിന്റെ റിപ്പോർട്ടുപോലും കമ്മിററിക്ക് സമർപ്പിച്ചിട്ടില്ല. ഉദാഹരണത്തിന് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ്, കൊളീജിയററ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ്, റവന്യൂ ഡിപ്പാർട്ടുമെൻറ്. തങ്ങൾക്ക് തോന്നിയതുപോലെ പ്രവർത്തിക്കുന്നതിനുള്ള ഒരു ഭരണസംവിധാനമാണ് ഉദ്യോഗസ്ഥൻമാർ വാർത്തെടുക്കുന്നതെങ്കിൽ അതിനെ ചോദ്യം ചെയ്യാതിരിക്കുവാൻനിവൃത്തിയില്ല. ഞാൻ ആരെയും കുററപ്പെടുത്തുവാൻവേണ്ടി പറയുകയില്ല. ഈ രാജ്യത്ത് സംവരണ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ഒരു ഗൂഢ സംഘം പ്രവർത്തിക്കുന്നുണ്ടെന്ന് എനിക്കും എന്റെ സമുദായത്തിൽപ്പെട്ട ആളുകൾക്കും തോന്നുന്നുണ്ടെങ്കിൽ അതിൽ അൽഭുതപ്പെടാനില്ല. അങ്ങനെയുള്ള കാര്യങ്ങളാണ് ഇവിടെ നടക്കുന്നത്. സർ, ഉദ്യോഗസ്ഥൻമാരുടെ സ്ഥിതിഗതി നമുക്ക് പരിശോധിക്കാം. നമ്മുടെ സംസ്ഥാനത്ത് പല ഉയർന്ന ഹരിജൻ ഉദ്യോഗസ്ഥൻമാരുമുണ്ട്, താഴ്ന്ന ഹരിജൻ ഉദ്യോഗസ്ഥൻമാരുമുണ്ട്. എന്നിട്ട് നമ്മുടെ ഇന്നത്തെ സ്ഥിതി എന്താണെന്നറിയാമോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കിട്ടുന്ന നിവേദനങ്ങൾക്ക് കണക്കില്ല. അവർ ഇന്ന് പീഡിതരാണ്. അവർക്ക് അർഹമായ യാതൊന്നുംതന്നെ കിട്ടുന്നില്ല. ഞാൻ ഒരു ഹരിജനാണെന്ന രീതിയിൽ പറയുകയല്ല. ഈ സംസ്ഥാനത്തെ യഥാർത്ഥമായ ഒരു ചിത്രം ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ മുമ്പാകെ വയ്ക്കുകയാണ്. ഞങ്ങൾക്കു അർഹമായ കാര്യങ്ങൾ ന്യായമായും അവകാശപ്പെടാൻ അധികാരമുണ്ട്, അവകാശമുണ്ട്, അർഹതയുണ്ട്. ഭരണഘടനാപരമായ ആനുകൂല്യങ്ങൾ ഞങ്ങൾക്ക് കിട്ടണം. ഈ ഉദ്യോഗസ്ഥൻമാരുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഒരു ഹരിജൻ ഉദ്യോഗസ്ഥനാണെങ്കിൽ അവന്റെ കോൺഫിഡൻഷ്യൽ റിക്കാർഡ് മോശമാണെന്ന് പറഞ്ഞ് പ്രമോഷൻ നിരാകരിക്കപ്പെടുന്ന ഒരു സ്ഥിതി ഇന്ന് ഈ സംസ്ഥാനത്ത് നിലനിൽക്കുന്നു എന്നുള്ള ഖേദകരമായ സംഭവം ഈ സഭയുടെ ശ്രദ്ധയിൽപെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഞാൻ ഈ അസംബ്ലി കമ്മിററിയുടെ പരിശോധനയിൽ കണ്ടെത്തായ ചില കാര്യങ്ങളുണ്ട്. സർ, ഉദ്യോഗസ്ഥൻമാരുടെ ഗൂഢപ്രവർത്തനത്തിന്റെ കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. പതിനായിരം ജോലിയില്ലാത്ത, അഭ്യസ്ത വിദ്യരായ യുവതീയുവാക്കൻമാർ ഹരിജനങ്ങൾ ഉള്ളപ്പോൾ ഒന്നു രണ്ടു വകുപ്പുകളിൽനിന്നും കിട്ടിയിട്ടുള്ള മറുപടി എന്താണെന്നറിയാമോ? കോപ്പറേററീവ് ഡിപ്പാർട്ടുമെൻറിൽ 18 ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ പോസ്ററുകൾ ഒഴിവുള്ളപ്പോൾ, 13 പ്യൂൺ പോസ്ററുകൾ ഒഴിവു വന്നപ്പോൾ അതിൽ യോഗ്യതയുള്ള ഹരിജനങ്ങളെ കിട്ടിയിട്ടില്ലെന്ന മറുപടിയാണ് വകുപ്പു മേധാവിയിൽനിന്നും പി. എസ്. സി. യിൽ നിന്ന് ആധികാരികമായി ഒരു സ്ററാററ്യൂട്ടറി ബോഡിക്ക് വിവരം കിട്ടിയതെന്നു പറയുമ്പോൾ ഈ സ്ററാററ്യൂട്ടറികമ്മിററിയുടെമുൻപാകെ ഇങ്ങനെ പറയാൻ ധൈര്യപ്പെടുന്ന സംവിധാനമാണ് ഈ സംസ്ഥാനത്തുള്ളതെങ്കിൽ എന്തെല്ലാം കാര്യങ്ങൾ ഈ രാജ്യത്ത് നടക്കുന്നുണ്ടെന്ന് പരിശോധിക്കണം. ലോവർ ഡിവിഷൻ ക്ലാർക്കിന്റെ പോസ്ററിൽ, പ്യൂണിന്റെപോസ്ററിൽ നിയമിക്കുവാൻ യോഗ്യതയുള്ള ഹരിജനങ്ങളില്ലെന്നു പറയുമ്പോൾ ഉദ്യോഗസ്ഥൻമാരുടെ ഗൂഢപ്രവർത്തനത്തിന് ഇതിലും വലിയ തെളിവു വേണമോ എന്നു ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് ഈ രംഗത്തു നടക്കുന്ന സ്ഥിതിവിശേഷത്തെ കണക്കിലെടുക്കുവാൻ ഒരു പ്രത്യേക സംവിധാനം വേണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ മറെറാരു കാര്യം എനിക്കു പറയുവാനുണ്ട്. ഇവിടെ വളരെയധികം പബ്ലിക് അണ്ടർടേക്കിംഗ്സ് ഉണ്ട്: ഗവൺമെൻറ് ഓൺഡ്

LIBRARY ARCHIVES Kerala Legislative Assembly

Page 17 of 60

കമ്പനിയുണ്ട്. ഇവിടെയെല്ലാം ഹരിജനങ്ങളെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമിക്കണമെന്ന അടിസ്ഥാനത്തിൽ ഉദ്യോഗം കിട്ടുമെന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. പക്ഷേ ഈ രാജ്യത്തുള്ള എത്രയോ പബ്ലിക് അണ്ടർടേക്കിംഗ്സിലും കോർപ്പറേഷനിലും എല്ലാം നിയമനങ്ങൾ നടന്നു കഴിഞ്ഞിരിക്കുന്നു. അവിടെ റിസർവേഷനൊന്നും പാലിച്ചിട്ടില്ല. ഒരുദാഹരണം പറയാം. ഇലക്ട്രിസിറ്റി ബോർഡിൽ 1500 ജൂനിയർ എഞ്ചിനീയർമാരുണ്ട്. ഈ 1500 ജൂനിയർ എഞ്ചിനീയർമാരിൽ വെറും 13 പേർ മാത്രമാണുള്ളത്. ഇന്നിപ്പോൾ അവിടെ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ നിവൃത്തിയില്ല. ഞാൻ വളരെ വേദനയോടുകൂടി പറയുന്നു, ഇരുപത്തിയഞ്ചോളം ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളായ ഹരിജൻ യുവാക്കൾ ജോലിയില്ലാതെ തെരുവാധാരരായി നടക്കുന്നുണ്ട്. പക്ഷേ ഇവിടെ ഒഴിവില്ലാത്ത എങ്ങനെ നിയമിക്കുവാൻ കഴിയും ? അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടു പറയാനുള്ളത് ഗവൺമെൻറ് സർവ്വീസിൽ സ്പെഷ്യൽ റിക്രൂട്ടുമെൻറ് അനുസരിച്ച് ബാക്കുലോഗ് മേക്കപ്പ് ചെയ്യാൻ 5 ശതമാനം റിസർവ് ചെയ്തിട്ടുള്ളതുപോലെ പബ്ലിക് അണ്ടർടേക്കിംഗ്സിലും ബാക്ക് ലോഗ് മേക്കപ്പ് ചെയ്യാൻ ഈ ആനുകൂല്യം നൽകണമെന്നാണ്.

ശ്രീ. പി. കെ. രാഘവൻ : ഒരു ചോദ്യം. ഒരുപക്ഷേ ഒഴിവില്ലെങ്കിൽ സൂപ്പർ ന്യൂമററി പോസ്റ്റ് ക്രിയേററു ചെയ്ത് ഇത്തരം ആളുകൾക്കു നിയമനം നൽകിക്കൂടെ ?

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഞാൻ പറയാം. ഏതു ഡിപ്പാർട്ടുമെൻറിൽ ചോദിച്ചാലും പറയും ഒഴിവില്ലാതെ എങ്ങനെ നിയമനം നടത്തുമെന്ന്. ഗവൺമെൻറ് വ്യക്തമായി പറഞ്ഞിരിക്കുന്നത് ഗസററഡ് പോസ്റ്ററിൽ ഒഴിവില്ലെങ്കിൽ അവിടെ സൂപ്പർ ന്യൂമററി പോസ്ററ് ക്രിയേററു ചെയ്ത് ഹരിജനങ്ങളെ നിയമിക്കണമെന്നാണ്. ഗവൺമെൻറ് വ്യക്തമായി പറഞ്ഞിട്ടുപോലും പല വകുപ്പു മേധാവികളും സൂപ്പർ ന്യൂമററി പോസ്ററുണ്ടാക്കുവാൻ തയ്യാറാകുന്നില്ല. അപ്പോൾ എങ്ങനെ നിയമനം ലഭിക്കും സർ, ഞാൻ ചോദിക്കുന്നത് എന്തിന് ബാക്ക് ലോഗ് ഫില്ലപ്പ് ചെയ്യുന്നു എന്നാണ്. ഇന്ന് ധാരാളം യോഗ്യരായ ചെറുപ്പക്കാർ ഹരിജനങ്ങളിലുണ്ട്. 10 ശതമാനം ഉദ്യോഗം അവർക്കു കിട്ടാൻ അർഹതയുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 335-ൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ഉദ്യോഗത്തിൽ വേണ്ടത്ര പ്രാതിനിധ്യം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആരും സൗജന്യമായി ചെയ്യുന്നതല്ല. ഭരണഘടനയിലെ വ്യവസ്ഥ അനുസരിച്ച് സംസ്ഥാനഗവൺമെൻറുകളും ഇൻഡ്യാഗവൺമെൻറും എക്സിക്യൂട്ടീവ് ഓർഡർ അനുസരിച്ച് നൽകുന്ന ഈ ആനുകൂല്യം ആർക്കും നിഷേധിക്കുവാൻ സാധ്യമല്ല. ഞാൻ പറയുന്നത് ഒന്നുകിൽ ഈ ഭരണഘടനയിലെ വ്യവസ്ഥ മാററണം, അല്ലെങ്കിൽ ഭരണഘടനയ്ക്കെതിരായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിച്ച് അവരെ മാതൃകാപരമായി ശിക്ഷിക്കുവാനുള്ള ഏർപ്പാടുകളുണ്ടാക്കണം എന്നാണ്

സർ, മറെറാരുകാര്യം എനിക്കു പറയുവാനുള്ളത് ഈ രാജ്യത്ത് ഹരിജനങ്ങളുടെ സാമ്പത്തികമായ ഉയർച്ചയ്ക്കുവേണ്ടി ഒരുപുതിയകാർപ്പറേഷൻ രൂപീകരിച്ചിരിക്കുന്നതിനെപ്പററിയാണ്. ഞാൻ അതിവിടെ പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്. വർഷത്തിൽ 5 കോടി രൂപവീതം 5 വർഷം കൊണ്ട് 25 കോടി രൂപയുടെ മൂലധനത്തോടുകൂടി പ്രവർത്തിക്കുവാൻ ഉതകുന്ന പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കി ഈ ഗവൺമെൻറിന് സമർപ്പിച്ചുകഴിഞ്ഞതിനുശേഷം കേരളത്തിലെ മാത്രമല്ല ഇൻഡ്യയിലെ പല സ്ഥലങ്ങളിലുമുള്ളവർ കേരള ഗവൺമെൻറിൻെറ ഈ കോർപ്പറേഷനെ അഭിനന്ദിക്കുകയുണ്ടായി. അത്രയ്ക്കാ



LIBRARY ARCHIVES Kerala Legislative Assembly

നല്ല ഒരു കോർപ്പറേഷനാണ് വിഭാവനം ചെയ്തത്. ഞാൻ ആത്മാർത്ഥമായി ചോദിക്കുകയാണ്, ഇക്കൊല്ലത്തെ ബഡ്ജററിൽ ഈ കോർപ്പറേഷന്റെ പ്രവർത്തനത്തിനുവേണ്ടി എന്തുകൊണ്ട് വക കൊള്ളിച്ചില്ല? 45 ലക്ഷം രൂപഫൈനാൻഷ്യൽ ഇൻസ്ററിററ്യൂഷൻസ് വഴി ചെലവാക്കാനുള്ള പ്രൊവിഷൻ മാത്രമാണ് ഇതിൽ എഴുതി ചേർത്തിട്ടുള്ളത്. ഈ വരുന്ന വർഷത്തിൽ ഗവൺമെന്റ് വിഹിതം കൊടുക്കുന്നതിന് തയ്യാറായില്ല. പിന്നെഎങ്ങനെ ഈ കോർപ്പറേഷൻ പ്രവർത്തിക്കും. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ഈ കോർപ്പറേഷന്റെ പ്രവർത്തനത്തിനാവശ്യമായ പണം കണ്ടുപിടിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ്. അതല്ലെങ്കിൽ ഈ കോർപ്പറേഷൻ വേണ്ടെന്നു വയ്ക്കണം. ഈ രാജ്യത്തെ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് വലിയ ആശയ്ക്ക് വക നൽകിയ ഈ കോർപ്പറേഷന്റെ പ്രവർത്തനം മന്ദഗതിയിൽ നടക്കുകയാണ്. ഈ കോർപ്പറേഷന്റെ പ്രവർത്തനം സുഗമമായി നടന്നാൽ ഈ രാജ്യത്തെ ഹരിജനങ്ങൾക്ക് സാമ്പത്തിക പുരോഗതി ഉണ്ടാകുമെന്ന് വിശ്വസിക്കുന്ന ആളുകളുടെ നിഗൂഢശ്രമമാണ് ഇവിടെ കാണുന്നത്, ഇതിന്റെ പ്രവർത്തനത്തിനു തടസ്സമുണ്ടാക്കുന്നവർ ആരുതന്നെയായാലും അവരെ മാററി നിർത്തുകയും പ്രവർത്തനം ത്വരിതപ്പെടുത്തുകയും ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഭൂമിയുടെകാര്യം ഇവിടെ പറയുകയുണ്ടായി. ഞാൻതന്നെ പലപ്പോഴും ഇവിടെ പറഞ്ഞിട്ടുണ്ട് സർ. ഹരിജനങ്ങൾക്ക് ഭൂമി നൽകുന്നു. ഇത്രയധികം കൽപ്പന വേറെ ഏതെങ്കിലും കാര്യത്തിന് പുറപ്പെട്ടുവിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. മിച്ചഭൂമിയുടെ 50 ശതമാനം, ആരബിൾ ഫാറസ്ററ് ലാൻറ് 33 1/3 ശതമാനം, റവന്യൂ പുറംപോക്ക് 25 ശതമാനം. ഇങ്ങനെ കൊടുക്കാൻ വ്യവസ്ഥയുണ്ട്. സർ, ഈ രാജ്യത്തെ ഹരിജനങ്ങൾ ഇന്നും സാമ്പത്തികമായി ഉയർച്ചപ്രാപിച്ചവർ അല്ല; അര ശതമാനം പോലും സാമ്പത്തികാഭിവൃദ്ധിയുണ്ടായിട്ടില്ല. അവർക്ക് മണ്ണിൽ പണിയെടുത്താൽമാത്രം ജീവിക്കാം. മണ്ണിന്റെ മക്കളായ ഈ രാജ്യത്തെ ഹരിജനങ്ങൾക്ക് ഒരേക്കർ ഭൂമിയെങ്കിലും കിട്ടിയാൽ അതിൽ ജോലിചെയ്ത് പട്ടിണി കൂടാതെ ജീവിക്കാമെന്നു വിചാരിക്കുന്നവരാണ്. അവർക്ക് ഭൂമി നൽകാനായി കൽപ്പനകൾ പുറപ്പെടുവിക്കാറുണ്ടെങ്കിലും യഥാർത്ഥത്തിൽ ഭൂമി കിട്ടുന്നില്ല.

[Shri P. V. Sankaranarayan an in the chair]

സർ, ഇന്ന് ആരബിൾ ഫാറസ്ററ് ലാൻറിന്റെ ഡിസ്ട്രിബ്യൂഷൻ നിറുത്തിവച്ചിരിക്കുന്നതായി അറിയുന്നു. അത് കഷ്ടമാണ്. അതിന് പല കാരണങ്ങളും പറയുന്നുണ്ട്. ഇടുക്കി ജില്ലയിലും ഗിരിവർഗ്ഗ പ്രദേശങ്ങളിലും ആരബിൾ ഫാറസ്ററ് ലാൻറ് കൈവശംവച്ചിരിക്കുന്നവർക്ക് അതു പതിച്ചുകൊടുക്കാൻ ഈ ഗവൺമെന്റ് കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്, അതിന്റെ വൈഷമ്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. സർ, ഇന്ന് ഇടുക്കിയിലും കോട്ടയം ജില്ലയിലും ഈ ഭൂമി കച്ചവടം നടത്തുന്നു ഫാറസ്ററുദ്യോഗസ്ഥൻമാർ ഏജൻറൻമാരായി ചെന്ന് പാവപ്പെട്ട ഗിരിവർഗ്ഗക്കാരുടെ കൈവശമിരിക്കുന്ന ഭൂമി വിൽപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഇങ്ങനെ പോയാൽ ഒരു വർഷം കഴിയുമ്പോൾ ഒരൊററ ഗിരിവർഗ്ഗക്കാരനോ പട്ടികജാതിക്കാരനോ ആ ഭാഗത്തുകാണുകയില്ല. അവർക്ക് പട്ടണങ്ങളിലേക്ക് നീങ്ങേണ്ടിവരും. അതുകൊണ്ട് ആ കൽപ്പന സ്റേറചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ രാജ്യത്ത് ഇന്നാലെ ഒരു സംഭവമുണ്ടായി. വേദനകൊണ്ട് പറയുകയാണ്. ഈ രാജ്യത്ത് കയ്യൂക്കുള്ളവൻ ഭൂമി കൈയടക്കിവച്ചിരിക്കുന്നു. അവന് സംരക്ഷണം കിട്ടുന്നു; ചോദിക്കാൻ ആളില്ല. ഹരിജനങ്ങൾ ഒരുസെൻറു ഭൂമിയിൽ കയ്യേററംനടത്തിയാൽ അവനെ അടിച്ചു പുറത്താക്കുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നു എന്നു പറയുന്നതിൽ എനിക്ക് ഖേദമുണ്ട്. പക്ഷെ, കൊല്ലം ജില്ലയിൽ പത്തനംതിട്ട താലൂക്കിൽ ഇന്നലെ കുറെ ഹരിജനങ്ങളെ അവിടെത്തെ പോലീസ് സബ് ഇൻസ്പെക്ടറും കൂട്ടരും ചേർന്ന് അടിച്ചിറക്കി മർദ്ദിച്ച് അവശരാക്കി. അതുകൊണ്ട് എനിക്ക് ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്, ജീവിക്കാൻ കൊതിക്കുന്ന ഹരിജനങ്ങൾക്ക് ഓരേക്കർ ഭൂമിയെങ്കിലും വിതരണം ചെയ്യുന്ന പരിപാടി നടപ്പാക്കുകയും ഇനി അവശേഷിക്കുന്ന ഭൂമിയിൽ അവർ അർഹിക്കുന്ന ഭൂമി അവർക്ക് പതിച്ചുകൊടുക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അവരും ജീവിക്കട്ടെ സർ. മററുള്ളവരെപ്പോലെ ജീവിക്കാൻ അർഹതയുള്ളവരാണ് അവരും. അതുകൊണ്ട് അവരെ ജീവിക്കാൻ അനുവദിക്കുക.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനത്ത് പലഭാഗങ്ങളിലും ഹരിജൻ മർദ്ദനങ്ങൾ നടക്കുന്നു. ഹരിജനങ്ങളുടെനേരെ മർദ്ദനം അഴിച്ചുവിടുന്നത് മാർക്സിസ്ററുകാരണ്. സർ, ഒരു വലിയ മാററം ഹരിജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുണ്ട്. കോൺഗ്രസ്സിലേയ്ക്കും ഭരണകക്ഷിയിലേയ്ക്കും ഹരിജനങ്ങൾ ഒഴുകിവരുന്നു എന്നു മനസ്സിലാക്കിയ മാർകസിസ്ററുകാർ ബോധപൂർവ്വം, മനപ്പൂർവ്വം ഹരിജനങ്ങളെ അവിടവിടെ ഇട്ടു മർദ്ദിക്കുകയാണ്. ചില പോലീസ് ഉദ്യോഗസ്ഥൻമാരും ഇതിൽ പങ്കാളികളാണ്. ഈ ഗവൺമെൻറിനെ താറടിക്കാൻ ആഗ്രഹിക്കുന്ന, ഈ ഗവൺമെൻറിനെതിരെ കല്ലുവാരിയെറിയാൻ ആഗ്രഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർ ഉണ്ട്. അവർ ഇന്ന് ഹരിജനങ്ങൾക്ക് സംരക്ഷണം കൊടുക്കുന്നില്ല. സംരക്ഷണം കൊടുക്കണമെന്ന കൽപ്പന പോലീസ് വകുപ്പിൽനിന്നും ഇഷ്യൂചെയ്തിട്ടുണ്ടെങ്കിലും വേണ്ട സമയത്ത് അന്വേഷിക്കാറില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഓരോ ഡിസ്ട്രിക്ടിലും ഉണ്ടാകുന്ന ഹരിജൻ മർദ്ദനങ്ങളെപ്പററി അന്വേഷിക്കാൻ, അതിനെപ്പററി പ്രത്യേകമായി അന്വേഷിക്കാൻ ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻെറ കീഴിൽ ഓരോ പോലീസ് സ്കാഡ് രൂപീകരിക്കണം. അങ്ങനെ ചെയ്താൽ കുറെയൊക്കെ ഹരിജനങ്ങളുടെ നേരെയുണ്ടാകുന്ന സാമൂഹ്യവിരുദ്ധശക്തികളുടെ മർദ്ദനങ്ങളും മാർക്സിസ്ററുകാരുടെ അഴിഞ്ഞാട്ടവും അവസാനിപ്പിക്കാൻകഴിയുമെന്ന് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുകയാണ്. സർ, അതുകൊണ്ട് ഈ വക കാര്യങ്ങളിൽ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കുകയും ഈ രാജ്യത്തെ ഹരിജൻ ഉദ്യോഗസ്ഥൻമാരുടെയും ജോലിയില്ലാത്ത ഹരിജനങ്ങളുടെയും കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും അവർക്കുവേണ്ട പരിരക്ഷനൽകുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

**ശ്രീ. കൽപ്പള്ളി മാധവമേനോൻ:** സർ, ബഹുമാനപ്പെട്ട ഹരിജനക്ഷേമ മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന 9 കോടിയിൽ ചില്വാനം രൂപയുടെ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഹരിജനങ്ങളെ ഉദ്ധരിക്കേണ്ടത് ഗവൺമെൻറിൻെറ കടമയാണ്. ഈ വകുപ്പു കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥൻമാരും മന്ത്രിയും ഇന്നുകാണിക്കുന്ന വിവേചനവും വൈകല്യങ്ങളും ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇന്ന് ഈ രാജ്യത്ത് ഹരിജനങ്ങൾ ഹരിജനങ്ങൾ എന്ന ഓമനപ്പേര് ലഭിച്ചിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും പലപേരുകളിൽ അറിയപ്പെടുന്ന ഒരു വലിയ ജനവിഭാഗമാണ് ഇവർ. കോഴിക്കോടും പരിസരപ്രദേശങ്ങളിലും ഇവരെ ചെറുമക്കൾ എന്നാണ് പറയുന്നത്. കോടാനുകോടി രൂപാ ഇത്രയും കാലമായിട്ട് ഇവിടെ ഈ വകുപ്പു ചെലവാക്കിയിട്ടുണ്ടെങ്കിലും ഈ ചെറുമക്കളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയോ വകുപ്പുദ്യോഗസ്ഥൻമാരോ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് എന്നെപ്പോലെതന്നെ അങ്ങയ്ക്കും അറിയാമെന്ന് ഞാൻ വിശ്വസിക്കുകയാണ്. എന്റെ വിശ്വാസം മാത്രമാണ്. ഇന്ന് സംഭവിക്കുന്നത് എന്താണെന്നു വച്ചാൽ ഹരിജനങ്ങൾ എന്നു പറഞ്ഞുകൊണ്ട് ഉപരിതലത്തിൽ സ്വാധീനമുള്ള കുറെ ആളുകൾക്ക് മുഴുവൻ ആനുകൂല്യങ്ങളും കിട്ടുന്നു. അതേസമയം അതേവിഭാഗത്തിലെ തന്നെ സ്വാധീനമില്ലാത്ത ആളുകൾ ഓരോ ദിവസം കഴിയുംതോറും കഷ്ടപ്പാടുകളിൽനിന്ന് താഴോട്ടു കാലെടുത്തു വയ്ക്കുകയാണ്. സർ, ഒന്നുകൂടി വിശദമാക്കാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, കോഴിക്കോട്ട് താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നത് അധികവും ചെറുമ കുടുംബങ്ങളാണ്. ചെറുമ ചാള എന്ന് പറഞ്ഞാലെ ആ ഭാഗത്തുള്ളവർക്ക് മനസ്സിലാകുകയുള്ളൂ, ഇവിടെ മററു പേരാണ് പറയുന്നത്. ആ ചെറുമ ചാളകൾ ഇന്നും പണ്ടത്തെപ്പോലെതന്നെ നിൽക്കുകയാണ്. പലവിധത്തിലുള്ള ഭവനനിർമ്മാണ പദ്ധതികളുടെ ഘോഷയാത്രകൾ ഈ രാജ്യത്തു നടക്കുന്നുണ്ടെങ്കിലും കോഴിക്കോടു കോർപ്പറേഷൻ അതിർത്തിയിപ്പെട്ട ഈ പ്രദേശത്തുകൂടി ഒരു ഘോഷയാത്രയും കടന്നുപോയിട്ടില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഈ നേതാക്കൻമാരാരും അവിടെ പോയിട്ടില്ല ഈ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി കമ്മിററികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവർ ആ ഭാഗങ്ങളിലൊന്നും എത്തിനോക്കിയിട്ടുപോലുമില്ലായെന്നുള്ളതും ഒരു പരമാർത്ഥമാണ്. വിദ്യാഭ്യാസരംഗങ്ങളിലും അതുപോലുള്ള മററു പല രംഗങ്ങളിലും പിന്നിൽ നിൽക്കുന്ന ഈ ചെറുമരെ കണ്ടാൽ ദൈവംതന്നെ തലതാഴ്ത്തുന്ന ഒരു സ്ഥിതിയാണുള്ളത്. പാടങ്ങളിലാണ് അവർ പണിയെടുക്കുന്നത്. എന്നാൽ 365 ദിവസവും പണിയെടുക്കാനുള്ള പാടങ്ങളും അവിടെ ഇല്ല. പത്തോ ഇരുപതോ ദിവസം പണിയെടുക്കാനുള്ള വയലുകളേ അവിടെ ഉള്ളൂ. ബാക്കി ദിവസങ്ങളിൽ പറമ്പുജോലിയും മററുമാണ്. 365 ദിവസവും ജോലിചെയ്യാനുള്ള മാർഗ്ഗം അവരെ സംബന്ധിച്ചിടത്തോളം ഇല്ല. ഇങ്ങനെ ദാരിദ്ര്യത്തിൽ നിന്നും ദാരിദ്ര്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഇത്തരം ആളുകൾക്കുവേണ്ടി ഈ മന്ത്രിയും ഈ വകുപ്പും എന്തുചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ പറയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കുടിക്കാൻ വെള്ളമില്ല കിടക്കാൻ കുടിലില്ല, വിശപ്പിന് ഭക്ഷണമില്ല. ഇങ്ങനെ കഴിയുന്നവരെ ഹരിജന വിഭാഗമായിത്തന്നെ കണക്കിലെടുക്കുന്നില്ല. ഹരിജനങ്ങളുടെ ഇടയിൽതന്നെ വിവിധ വിഭാഗങ്ങളുണ്ട്. ആ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. സർ, ഞാൻ പറയുന്നത് ഈ സ്റേററിലുള്ള ഹരിജനങ്ങളെ എല്ലാവരേയും ഒന്നുപോലെ കാണുകയും മററുഭാഗങ്ങളിലെ ഹരിജനങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങളും പരിഗണനകളും ഈ ഭൂഗത്തുള്ള ആളുകൾക്കും നൽകുകയും ചെയ്യണം. മിഥുനം—കർക്കടകമാസത്തിലെ ഇവരുടെ സ്ഥിതി വാക്കുകൾകൊണ്ടു വർണ്ണിക്കാൻ നിവൃത്തിയില്ല. അവരുടെ കുടിലുകളും മററും ഒഴുകി പോകും. ഇത്തരക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. 1974—75—ൽ എങ്കിലും ഈ വിഭാഗക്കാർക്ക് സംരക്ഷണം നൽകണം, അത് ഈ വകുപ്പിന്റെയും വകുപ്പു മന്ത്രിയുടെയും ചുമതലയാണ്, സർ, അയിത്തോച്ചാടനം എന്നു പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിജിയുടെ മുഖ്യപരിപാടികളിലൊന്നാണ്. ഞാൻ അതിൽ ബലമായി വിശ്വസിക്കുകയും ചെയ്യുന്നു. ഹരിജനങ്ങളിൽ കുറെപ്പേരെ മാത്രം ഉദ്ധരിച്ചിട്ടുകാര്യമില്ല. എല്ലാവരെയും ഉദ്ധരിക്കണം. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പലസ്ഥലങ്ങളിലും ഇന്ന് എൽ. പി. സ്ക്കൂളുകൾപോലുമില്ല. 10-ാം ക്ലാസുവരെ വിദ്യാഭ്യാസം സൗജന്യമാണെങ്കിലും ഇവർക്ക് വിദ്യാഭ്യാസം കിട്ടുന്നില്ല.

മി. ചെയർമാൻ (ശ്രീ. പി. വി. ശങ്കരനാരായണൻ) : ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മെംബറുടെ സമയം തീർന്നു.

ശ്രീ. കൽപ്പള്ളി മാധവമേനോൻ : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കോഴിക്കോട്ട് ഗോതമ്പുവന്നിട്ട് അതു കരയ്ക്കിറക്കാൻ ആളില്ല. സർ, അതുപോലെതന്നെ ലക്കിടിയിലേക്ക് കപ്പലിൽ പോകുന്ന ആളുകൾക്ക്, പ്രത്യേകിച്ച് സ്ത്രീജനങ്ങൾക്ക് കപ്പലിലേക്ക് കയറാനുള്ള സൗകര്യങ്ങളൊന്നുമില്ല.

മി. ചെയർമാൻ : ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെംബറുടെ സമയം തീർന്നു. അടുത്തതായി സി. എസ്. ഗംഗാധരനു സംസാരിക്കാം.

ശ്രീ. സി. എസ്. ഗംഗാധരൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ കൊല്ലവും നീക്കിവയ്ക്കുന്ന തുക യഥാർത്ഥത്തിൽ അത് അർഹിക്കുന്ന ഹരിജനങ്ങൾക്കു കൊടുക്കപ്പെടുന്നില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം. കഴിഞ്ഞ വർഷത്തിൽത്തന്നെ ഏതാണ്ട് അഞ്ചു കോടിയിലധികം രൂപ ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടായിരുന്നെങ്കിലും ശമ്പളമിനത്തിലും മററു കാര്യങ്ങൾക്കുമായി അതിൽ ഭൂരിപക്ഷവും കൊടുത്തുതീർക്കേണ്ടതായിട്ടാണ് വന്നത്. അപ്പോൾ യഥാർത്ഥത്തിൽ ഹരിജനങ്ങൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക, അത് അവർക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും മററു കാര്യങ്ങൾക്കുമായി ചെലവഴിക്കപ്പെടുന്നു, അല്ലാതെ അവർക്ക് കിട്ടുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. സർ, ഞങ്ങളുടെ നാട്ടിൽ ഒരു പഴമൊഴിയുണ്ട്. കോഴിയുടെ വില രണ്ടു രൂപ, അതിനെ ആട്ടിപ്പിടിക്കുന്നതിന് നാലു രൂപ എന്ന്. ഏതാണ്ട് അതുപോലെതന്നെയാണ് ഹരിജനക്ഷേമപ്രവർത്തനങ്ങളും നടത്തുന്നത്. ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനെപ്പററിയൊക്കെ ഇവിടെ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ പ്രവർത്തനം എന്തായി എന്നോ എത്ര രൂപ അതിനുവേണ്ടി ചെലവഴിച്ചു എന്നോ ഇതുവരെ പറഞ്ഞിട്ടില്ല. ഏതാണ്ട് 25 കോടി രൂപയാണ് അതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത്. അതിൽ രണ്ടു കോടി രൂപ സംസ്ഥാന ഗവൺമെൻറും എട്ടു കോടി രൂപ കേന്ദ്രഗവൺമെൻറും ബാക്കി പതിനഞ്ചു കോടി രൂപ മററു ബാങ്കുകളിൽനിന്നും സ്വരൂപിച്ച് കോർപ്പറേഷൻ പ്രവർത്തിപ്പിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ ഇന്ന് അതിന് ഒരു ചെയർമാനെ നിയമിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്, അല്ലാതെ മറെറാന്നുംതന്നെ ചെയ്തിട്ടില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

സർ, നമ്മുടെ ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ വളരെക്കാലമായി വളരെയേറെ ഗ്രാമലക്ഷ്മിമാർ ജോലി ചെയ്തുവരുന്നുണ്ട്. 461-ഓളം ആളുകൾ ഇപ്പോഴും ജോലി ചെയ്തുവരുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അവരിൽനിന്നും പിരിച്ചുവിട്ടവരെ തിരിച്ചെടുക്കണമെന്നു കാണിച്ച് വളരെയേറെ നിവേദനം നടത്തിയിട്ടും ഇതുവരെയായി അക്കാര്യത്തിൽ ഗവൺമെൻറ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓരോ ബ്ലോക്കിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം ഘട്ടം കഴിയുന്നതോടുകൂടി ഈ ഗ്രാമലക്ഷ്മിമാരെ പറഞ്ഞയയ്ക്കുന്ന ഏർപ്പാടുണ്ട്. പക്ഷേ ഇക്കൊല്ലം ഇവരെ ഇങ്ങനെ പറഞ്ഞയയ്ക്കാതിരിക്കാൻ ഉള്ള ഒരു ശ്രമം നടത്തിയിട്ടുണ്ട്. അതിന് ഞാൻ ഗവൺമെന്റിനെ, പ്രത്യേകിച്ച് ഹരിജനക്ഷേമമന്ത്രിയെ അഭിനന്ദിക്കുകയാണ്.

സർ, അടുത്തതായി ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചാണ് പറയാനുള്ളത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഫിഷർമെൻ കോവാപ്പറേറ്റീവ് സൊസൈററി എന്നു പറഞ്ഞ് വളരെയേറെ സൊസൈററികൾ ഉണ്ട്. ഈ സൊസൈററികൾക്കെല്ലാം കൂടി 13 ലക്ഷത്തോളം രൂപ ഗ്രാന്റ് കൊടുത്തിട്ടുണ്ട്. 34 ലക്ഷം രൂപയോളം വായ്പ കൊടുത്തിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഷെയർ ക്യാപ്പിററൽ കോൺട്രിബ്യൂഷനായി ഭീമമായ ഒരു സംഖ്യയും കൊടുത്തിട്ടുണ്ട്. എന്നാൽ ഈ സൊസൈററികളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള തുകകൾ ഇതുവരെയും പിരി ഞ്ഞുകിട്ടിയിട്ടില്ല. സർ, ഡിപ്പാർട്ടുമെന്റു വക ബോട്ടുകൾ ലേലം വിളിച്ചുകൊടുക്കുന്ന ഒരു സമ്പ്രദായം നിലവിലുണ്ട്. ഈ ലേലം സംബന്ധിച്ച ഗവൺമെന്റിന്റെ നിശ്ചയങ്ങൾക്ക് വിപരീതമായി പലപ്പോഴും കാര്യങ്ങൾ നടന്നിട്ടുണ്ട് എന്നുള്ളത് ഒരു അഴിമതിയാരോപണത്തിന്റെ രൂപത്തിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നില്ലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ അത് വ്യക്തമാക്കുമെന്നു ഞാനാഗ്രഹിക്കുകയാണ്. സർ, കഴിഞ്ഞവർഷം മേയ്മാസം 30-ാം തീയതി ഗവൺമെന്റ് ഒരു പുതിയ ബോട്ട് (അതിന്റെ നമ്പർ 150 ആണ്) ലേലം ചെയ്തുകൊടുക്കുകയുണ്ടായി. സാധാരണ ഗതിയിലാണെങ്കിൽ ഇങ്ങനെ ലേലം പിടിച്ചു ബോട്ടു വാങ്ങിക്കുന്ന ആളിൽനിന്നും ആദ്യം 25 ശതമാനം തുക വാങ്ങുകയും പിന്നീടു മുഴുവൻ സംഖ്യയും കിട്ടിയശേഷം ബോട്ട് റിലീസ് ചെയ്യുകയുമാണ് പതിവ്. പക്ഷേ ഈ ബോട്ട് ലേലം ചെയ്ത് അധികം താമസിയാതെതന്നെ ലേലം ഉറപ്പിക്കുകയും 25 ശതമാനം തുകമാത്രം വാങ്ങിക്കൊണ്ട് മൂന്നുനാലുമാസങ്ങൾക്കുള്ളിൽ, അതായത് 5-9-1973-ൽ ആലപ്പുഴയിൽ തങ്ങൾകുഞ്ഞു എന്നുപറയുന്ന ആൾക്ക് ബോട്ടു കൊടുക്കുകയുമാണ് ചെയ്തത്. ഇതുപോലെ ഒരു ഭാഗ്യവാൻ കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. സംഖ്യ മുഴുവൻ വാങ്ങാതെ ആർക്കെങ്കിലും ബോട്ടു കൊടുക്കുന്നതായി എനിക്കറിവില്ല. സർ, ഞാൻ ഇത് ആരോപണമായിത്തന്നെ പറയുകയാണ്, ഇത് ശരിയല്ലെങ്കിൽ പിൻവലിക്കാൻ ഞാൻ തയ്യാറുമാണ്. ഇതിനെ സംബന്ധിച്ച കൃത്യമായ തീയതിയും രേഖയുമെല്ലാം എന്റെ കയ്യിലുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇത്തരം കാര്യങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും നടന്നിട്ടുണ്ടെന്ന് ഞാൻ ആരോപിക്കുകയാണ്.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ ഫിഷറീസ് വകുപ്പിനെക്കുറിച്ചാണ് ഞാൻ പ്രധാനമായി സംസാരിക്കാനാഗ്രഹിക്കുന്നത്. വളരെയേറെ ബുദ്ധിമുട്ടുകളും സാമ്പത്തികമായ പ്രയാസങ്ങളും യാതനകളും ഇന്ന് കേരളത്തെ അഭിമുഖീകരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് തൽപ്പരിഹാരാർത്ഥം നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്ന നമുക്ക്, നമ്മുടെ പ്രകൃതിദത്തമായ കടൽ സമ്പത്ത് പ്രതീക്ഷയ്ക്കനുസരണമായ രീതിയിൽ പ്രയോജനപ്പെടുത്താനും വിനിയോഗിക്കാനും കഴിയുന്നില്ല എന്നുള്ള ഒരു പരാതി വളരെ വിനീതമായി ഞാൻ ഈ സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. ഇത് പറയുമ്പോൾ, നമ്മുടെ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് എനിക്കുമുൻപു സംസാരിച്ച ചില സുഹൃത്തുക്കൾ ഇവിടെ ഉന്നയിച്ച ചില ആരോപണങ്ങൾ വളരെ ഖേദകരമായിപ്പോയി എന്ന് പറയാതിരിക്കാൻ നിർവാഹമില്ല. ഈ രംഗത്ത് വളരെ ഫലപ്രദമായി പലതും ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയും സത്യവുമായി നിലനിൽക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

Page 23 of 60

അതിനെ വളച്ചൊടിച്ച് ഇവിടെ എത്ര ബോട്ടുകൾ വിതരണം ചെയ്തു, ഇവിടെ ഈ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് എന്തെല്ലാം ചെയ്തുകൊടുത്തു എന്നൊക്കെ ലേശം ആത്മാർത്ഥതയില്ലാതെ വാദിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാരുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് വെറുപ്പിനെക്കാളും ഏറെ ആശ്ചര്യമാണ് സർ, തോന്നിയത്. നമ്മുടെ സാഗരസമ്പത്ത് ഫലപ്രദമായി നമുക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നു ഞാൻ പറയുമ്പോൾ, ഭാഗികമായി കുറെയേറെ കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റിനെ അഭിനന്ദിക്കാതിരിക്കാൻ എനിക്ക് സാധിക്കുന്നില്ല. നമ്മുടെ ഡീപ്പ്സീ ഫിഷിംഗിനെ സംബന്ധിച്ച് വളരെയേറെ ശുഭപ്രതീക്ഷകളോടുകൂടി നാം കഴിയുകയായിരുന്നു. ഒരു മാസ്റ്റർപ്ലാൻ ഇന്ന് നമ്മുടെ മുൻപിലുണ്ട്. ആ മാസ്റ്റർപ്ലാൻ എത്രയും വേഗം സാധിതപ്രായമാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ആത്മാർത്ഥമായി ആഗ്രഹിക്കുകയും പല നിവേദനങ്ങളും കേന്ദ്രത്തിൽ സമർപ്പിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുകയാണ്. സർ, ഈ സന്ദർഭത്തിൽ എനിക്ക് മഹാകവി കുമാരനാശാന്റെ ഒരു കവിത ഓർമ്മ വരികയാണ്.

ഘടനപതിവിലാസി ചെയ്കിലും
പിടമൃഗനേത്ര കൃപാർദ്രയാകിലും
സ്ഫുടമകമലിയാതെ മേവിനാൾ
തടശ്ശിലപോലെ തരംഗലീലയിൽ.

എന്നു പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടും...............

ശ്രീ. കൊട്ടറ ഗോപാലകൃഷ്ണൻ : ഇതിൽ വിലാസപതിയോടാണോ പിടമൃഗനേത്രയോടാണോ തടശ്ശിലയോടാണോ ബഹുമാനപ്പെട്ട മന്ത്രിയെ ഉപമിച്ചിരിക്കുന്നത് ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : വളരെ വ്യക്തമല്ലേ ? വിലാസിയായ പതിയോടു തന്നെയാണ്.

ശ്രീ. എം. കുഞ്ഞുകൃഷ്ണപിള്ള : ഈ പദ്യത്തിലടങ്ങിയിട്ടുള്ള അശ്ലീലമാണോ ബഹുമാനപ്പെട്ട മെമ്പറുടെ ഉദ്ദേശം ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഇതിൽ അശ്ലീലമൊന്നുമില്ല. ഇതിൽ അശ്ലീലമുണ്ടെങ്കിൽ എഴുത്തച്ഛനും വള്ളത്തോളും തുഞ്ചൻനമ്പ്യാരുമെല്ലാം അശ്ലീലമഹാകവികളാണെന്നു പറയേണ്ടിവരുന്നു. സ്ത്രീപുരുഷബന്ധം ഏററവും മഹത്താണ്.

കേന്ദ്രവുമായി അനവധി നിവേദനങ്ങൾ നടത്തിയിട്ടും ആ മാസ്റ്റർപ്ലാൻ ഇതേവരെയും നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വ്യവസായം തുടങ്ങുന്നതിനെ സംബന്ധിച്ച് പറയുമ്പോൾ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽതന്നെ പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ട്രോളറുകളും മററും കടന്നുവരുന്നുണ്ട്. പല സ്വകാര്യ വ്യക്തികളും ഈ വ്യവസായത്തെ കയ്യടക്കാൻ തയ്യാറായിരിക്കുന്നുവെന്നുള്ള നിലതന്നെ ആപത്തായിത്തീർന്നിരിക്കുന്നു. ആ ആപത്തിനെ നേരിടേണ്ട ഭാരിച്ച ചുമതല ഈ സംസ്ഥാനഗവൺമെന്റിനും കേന്ദ്രഗവൺമെന്റിനും ഉണ്ടെന്നുള്ള വസ്തുത മറച്ചു വയ്ക്കാവുന്നതല്ല. ആ നിലയ്ക്ക് അടിയന്തിരമായി ചില കാര്യങ്ങൾ ചെയ്തുവെങ്കിൽ മാത്രമേ നാമിന്ന് ആഗ്രഹിക്കുന്ന രീതിയിലുള്ള പദ്ധതി ആവിഷ്ക്കരിക്കുവാൻ സാധിക്കുകയുള്ളൂ. നാലാം പദ്ധതിയിൽ മെക്കനൈസേഷനും അതുപോലുള്ള മററു കാര്യങ്ങളിലും കൂടുതൽ പ്രാമുഖ്യം നൽകി

LIBRARY ARCHIVES Kerala Legislative Assembly

Page 24 of 60

യുള്ള പദ്ധതികൾ ആവിഷ്കരിച്ചില്ലെങ്കിലും അഞ്ചാം പദ്ധതിയിൽ മൽസ്യസമ്പത്ത്, ഇന്ന് ഈ നാട്ടിലെ പട്ടിണിക്കാരായ ആളുകളുടെ ആഹാരത്തിനും അതുപോലുള്ള മററാവശ്യങ്ങൾക്കും വിനിയോഗിക്കുന്നതിനു പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നുവെന്നു കാണുന്നത് ആശാവഹമാണ്. അതു പറയുമ്പോൾ ലക്ഷക്കണക്കിന് വരുന്ന, മൽസ്യബന്ധന വ്യവസായവുമായി ബന്ധപ്പെട്ടു കഴിയുന്ന, സാധാരണക്കാരായ ആളുകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതി ആസൂത്രണം ചെയ്യണം. കുറെകാര്യങ്ങളൊക്കെ ഇവിടെ ചെയ്തു കഴിഞ്ഞിട്ടുണ്ട് സർ. മൽസ്യബന്ധന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പാർപ്പിടസൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിന് ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്തുകഴിഞ്ഞിരിക്കുന്നു. അതു നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അവർക്ക് വള്ളവും വലയും കൊടുക്കും. അടുത്തകാലത്ത് മൽസ്യവ്യവസായ സഹകരണസംഘങ്ങൾക്ക് കൂടതൽ ബോട്ടുകൾ കൊടുക്കുന്നില്ലെങ്കിൽപോലും ഗ്രൂപ്പുകൾക്ക് ബോട്ടു നൽകി സാധാരണക്കാരായ മീൻപിടുത്തക്കാരെ സഹായിക്കുന്നതിന് പദ്ധതി നടപ്പിൽവരുത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിലും തീർച്ചയായും ഗവൺമെൻറിനെ അഭിനന്ദിക്കാതിരിക്കാൻ സാധ്യമല്ല. ഏതാണ്ട് ഇരുപത്തഞ്ചു ശതമാനത്തോളം മൽസ്യസമ്പത്ത് ഇൻഡ്യയ്ക്ക് കേരളത്തിൽ നിന്നാണ് ലഭിക്കുന്നത്.

നമ്മുടെ ബോട്ടുകളുടെ ഗുണത്തെസംബന്ധിച്ചും വിതരണത്തെ സംബന്ധിച്ചും ഒക്കെ പല വിമർശനങ്ങളും കേൾക്കുന്നുണ്ട്. നല്ല എഞ്ചിനുകളില്ലാത്തതിൻെറ ഫലമായി പല ബോട്ടുകളും ഇന്ന് മൽസ്യബന്ധനത്തിന് പോരാത്തതായി കലാശിച്ചിരിക്കുകയാണ് എന്നുള്ള വസ്തുതയും മന്ത്രി കണക്കിലെടുക്കണമെന്ന് ഈ സന്ദർഭത്തിൽ അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ തീര പ്രദേശത്ത് ഏതാണ്ട് നാനൂറുമൈൽ നീളത്തിൽ ഉള്ള സ്ഥലത്ത് മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മൽസ്യത്തൊഴിലാളികളുടെ പേരിൽ കുറെകൂടി ദയകാണിക്കണമെന്നും ചില കാര്യങ്ങൾ ചെയ്യണമെന്നും ബഹുമാനപ്പെട്ട ഗവൺമെൻറിനെ ഈയവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഇന്ന് നീണ്ടകരപോലുള്ള പല പ്രദേശങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് സേവനവ്യവസ്ഥയോ അത്തരത്തിലുള്ള കാര്യങ്ങളോ ഇല്ല. അതുപോലെതന്നെ അവർക്ക് ന്യായമായ വേതനവും ലഭിക്കുന്നുണ്ടോ എന്നുള്ള കാര്യവും അടിയന്തിരമായി അന്വേഷിക്കേണ്ടതാണ്. ആ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും വേണ്ടിവന്നാൽ ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും ബഹുമാനപ്പെട്ട മന്ത്രി അമാന്തിക്കരുതെന്ന് അദ്ദേഹത്തോടു അഭ്യർത്ഥിക്കുകയാണ്. നമ്മുടെ മൽസ്യ വ്യവസായ വികസനത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ നിർബന്ധമായും പ്രത്യേകമായ ശ്രദ്ധചെലുത്തേണ്ടരംഗമാണ് ഗവേഷണ രംഗം. നമ്മുടെ ഫിഷറീസ് റിസർച്ചിനെ സംബന്ധിച്ചാണ് പറയുന്നത്. ഫിഷറീസ് റിസർച്ചിനെ സംബന്ധിച്ച് ആണെങ്കിൽ ഇന്ന് സർവ്വകലാശാലയിലും ഡിപ്പാർട്ടുമെൻറിലുമായി ചിന്നിച്ചിതറി ചില പ്രവർത്തനങ്ങൾ നടത്തുന്നു എന്നുള്ള വസ്തുത നമുക്കറിയാം. ഉദാഹരണമായി കരുനാഗപ്പള്ളിയിൽ ആയിരംതെങ്ങ് എന്നു പറയുന്ന സ്ഥലത്ത് ഒരു മൽസ്യഗവേഷണകേന്ദ്രം ഉണ്ട്. ഈ സഭയിൽ പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ മുപ്പത് മുപ്പത്തഞ്ചു വർഷങ്ങൾക്കു മുമ്പ് സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് സ്ഥാപിതമായ ഒരു ഗവേഷണകേന്ദ്രമാണ്. പിന്നീട് അത് കേരള സർവ്വകലാശാലയ്ക്ക് വിട്ടുകൊടുത്തു. ഇന്നിപ്പോൾ അത് ഡിപ്പാർട്ടുമെൻറ് ഏറെറടുത്തിരിക്കുകയാണ്. ഏറെറടുക്കലും വിട്ടുകൊടുക്കലും വീണ്ടും ഏറെറടുക്കലുമൊക്കെയായി ഈ ഗവേഷണകേന്ദ്രം അത്ര ഭംഗിയായ രീതിയിൽ അല്ല ഇന്നും പ്രവർത്തിക്കുന്നത് എന്ന് പറയേണ്ടിവന്നതിൽ ഖേദം ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ സ്ഥിതി മാററണം. നമ്മുടെ മറൈൻ റിസർച്ചിന്റെ എല്ലാ ഘടകങ്ങളും ആധുനികമായ രീതിയിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ പദ്ധതി അടിയന്തിരമായി ആസൂത്രണം ചെയ്യണമെന്ന് ഗവൺമെന്റിനോട് അപേക്ഷിക്കുന്നു. നമുക്കിന്ന് പ്രയോജനപ്പെടാവുന്ന വളരെയേറെ കാര്യങ്ങൾ നിരന്തരമായ ഗവേഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും നേടിയെടുക്കാൻ കഴിയുമെന്നുള്ളത് പല പാശ്ചാത്യ രാജ്യങ്ങളും തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ ഗവൺമെന്റും കേന്ദ്രഗവൺമെന്റും നമ്മുടെ നാട്ടിലുള്ള സർവ്വകലാശാലകളും ഒത്തൊരുമിച്ച് വേണ്ട രീതിയിൽ ഈ ഗവേഷണം കൂടുതൽ അഭിവൃദ്ധിപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇന്ന് നമ്മുടെ മീൻപിടുത്തത്തിന്റെ കാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ മറെറാരു കാര്യം, മറെറാരു പ്രശ്നം, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സാധാരണ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന, ബോട്ടോ വള്ളമോ വലയോ ഇല്ലാത്ത സാധാരണ മീൻപിടുത്തക്കാരുടെ ഗതിയെ സംബന്ധിച്ചാണ് പറയുവാനുള്ളത്. വൻകിടആളുകൾ ഈ രംഗത്ത് കടന്ന് ട്രോളറുകളും മററും ഉപയോഗിച്ച് മീൻ പിടിച്ചുകൊണ്ടു പോകുന്നതുകൊണ്ട് സാധാരണ മൽസ്യത്തൊഴിലാളികൾക്ക് ജീവസന്ധാരണത്തിനാവശ്യമായ യാതൊന്നുമില്ലാത്ത ദു:സ്ഥിതിയാണ് ഇന്നുള്ളത്. ഇതു പറയുമ്പോൾ ഒരു കഥയാണ് ഓർമ്മ വരുന്നത്. വിശ്വ വിഖ്യാതനായ ഹെമിംഗ്വേയുടെ, "ഓൾഡ് മാൻ ആൻഡ് ദി സീ" എന്ന നോവലാണ് ഓർമ്മ വരുന്നത്. സാഗരത്തിന്റെ ബാഹ്യമായ ഭംഗിയേയും സൗന്ദര്യത്തെയും ഗാംഭീര്യത്തെയും അഗാധ നീലിമയെയും എല്ലാം കവികളും പാടിപ്പുകഴ്ത്തിയിട്ടുണ്ട്. എങ്കിലും യഥാർത്ഥ മുക്കുവന്റെ ജീവിതം ചിത്രീകരിച്ചിട്ടുള്ള, "ഓൾഡ്മാൻ ആൻറ് ദി സീ"യിലെ ആ അനശ്വര കഥാപാത്രത്തെ, ആ വൃദ്ധനെ, ഞാൻ ഓർത്തു പോവുകയാണ്. ആ വൃദ്ധന്റെ ഒരിക്കലും പൂർത്തിയാക്കാൻ കഴിയാത്ത അഭിലാഷങ്ങളുമായി അവസാനം ഒരു മീനിന്റെ മുള്ളിനെ നോക്കിക്കൊണ്ട് ദീർഘനിശ്വാസം വിടുന്നത് ഓർക്കുകയാണ്. ഇങ്ങനെയുള്ള സാധാരണ മുക്കുവന് ആപത്തുവരത്തക്കവണ്ണമുള്ള യന്ത്രവൽക്കരണമൊന്നും നടപ്പിൽ വരുത്തരുതെന്ന അഭ്യർത്ഥനയോടുകൂടി ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. വർക്കി പൈനാടൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാനെതിർക്കുകയാണ്. അന്ധമായി എതിർക്കുകയല്ല, അത് അന്തസ്സല്ലെന്നും അറിയാം. ഹരിജനക്ഷേമവകുപ്പിനെ സംബന്ധിച്ച് ട്രഷറിബഞ്ചു ഭാഗത്തുനിന്നു ശ്രീ. കെ. കെ. ബാലകൃഷ്ണൻ ഉന്നയിച്ച പ്രധാനമായ ആരോപണം., ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി പത്തിരുപത്തേഴുകൊല്ലമായിട്ടും ഇന്നും ഹരിജനങ്ങൾ പോലീസ് മർദ്ദനത്തിന് വിധേയരാകുന്നു എന്നതാണ്. ഹരിജനങ്ങൾ പോലീസ് മർദ്ദനത്തിന് വിധേയരാകുന്നുവെന്ന് മാത്രമല്ല എനിക്ക് പറയാനുള്ളത്. ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി അത് വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുന്നോ എന്ന് സംശയമാണ്. ഈ രാജ്യത്ത് മിച്ചഭൂമി ലഭിക്കുമെന്നും അതിന്റെ 50 ശതമാനം ഹരിജനങ്ങൾക്ക് ജീവിക്കാൻവേണ്ടി കൊടുക്കുമെന്നും പറഞ്ഞിട്ടുള്ളതാണ്. അതിനെസംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി ചില കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഹരിജനങ്ങൾക്ക് ഭൂമി കൊടുക്കുന്നു, പട്ടയം കൊടുക്കുന്നു എന്നു കാണിക്കുന്നതിനുവേണ്ടി 'ഹരിജനക്ഷേമം' എന്നുപറഞ്ഞു ഒരു പബ്ലിസിററി ബുക്ക് പ്രസിദ്ധം ചെയ്തിട്ടുണ്ട്. റവന്യൂമന്ത്രി ബേബി ജോൺ ഹരിജനാണോ എന്ന് എനിക്കറിഞ്ഞുകൂട; പടംകൊണ്ട് അദ്ദേഹത്തെ അതിൽ ഹരിജനാക്കിയിരിക്കുകയാണ്. ഹരിജനങ്ങൾക്ക് ഭൂമി കൊടുക്കുന്നകൂട്ടത്തിൽ അദ്ദേഹത്തിന്റെ പടം കാണുക



LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ, എറണാകുളം ഡിസ്ട്രിക്റ്റിൽ പറവൂർ താലൂക്കിൽ, തണ്ടരിക്കൽ കോളനിയിൽ 12 കൊല്ലമായി 82 ഹരിജനങ്ങൾ താമസിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ പലഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള ഹരിജനങ്ങൾ താമസിക്കുന്ന ഈ കോളനിയിൽ പട്ടയം വിതരണംചെയ്തിട്ടില്ല, ജലസേചനസൗകര്യമോ സ്ക്കൂൾ, വായനശാല മുതലായ സൗകര്യങ്ങളോ ഒന്നും ഉണ്ടാക്കിയിട്ടില്ല. ഡോക്ടറെ കാണണമെങ്കിൽ, ആശുപത്രിയിലെത്തണമെങ്കിൽ, അവിടെ വഴി ഇല്ല. ഈ പരാതികൾ നമ്മുടെ സംസ്ഥാനത്തിന്റെ നാനാഭാഗത്തുമുള്ള ഹരിജൻ കോളനികളിൽ നിന്നും ഉണ്ടാകുന്നുണ്ട്. പറവൂർ താലൂക്കിലെ മേൽപ്പറഞ്ഞ കടുങ്ങാനൂർ തണ്ടരിക്കൽ കോളനിയിൽ നിന്ന് ഈ കാര്യങ്ങൾ കാണിച്ച് പന്ത്രണ്ടുകൊല്ലമായി ഗവൺമെന്റിൽ നിവേദനം നടത്തുകയാണ്. ഒരു പ്രയോജനവുമുണ്ടായിട്ടില്ല. ഞാൻ പലപ്രാവശ്യം നിവേദനം നടത്തിയിട്ടുണ്ട്. കളക്ടറെ വിഷമങ്ങൾ അറിയിച്ചിട്ടുണ്ട്. എന്തുകൊണ്ട് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നില്ല എന്നു വ്യക്തമാക്കണം. മന്ത്രിമാർ പട്ടയം കൊടുത്തു ഹരിജനങ്ങളെയെല്ലാം ഭൂമിയുടെ ഉടമകളാക്കിയെന്നാണ് വിചാരം. മിച്ചഭൂമികിട്ടുമ്പോൾ 50 ശതമാനം കൊടുക്കുമെന്നാണ് പറയുന്നത്. മിച്ചഭൂമി ഉണ്ടാകുമോ എന്നതാണ് പ്രശ്നം. അതിലേക്ക് ഞാൻ കടക്കുന്നില്ല; ആവർത്തിച്ച് പറഞ്ഞിട്ടുള്ള കാര്യമാണത്. ഹരിജൻകോളനികളിൽ നിന്ന് വളരെമുൻപുതന്നെ നിവേദനം നടത്തിയിട്ടുള്ള അടിയന്തിരമായ ഒരു കാര്യമാണ് പൊതുശ്മശാനം ഉണ്ടാക്കുക എന്നത്. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളുണ്ട്. പത്തുസെന്റ് ഭൂമിയുള്ള ഒരു കുടുംബത്തിൽ ആരെങ്കിലും മരിക്കുകയാണെങ്കിൽ മറവുചെയ്യാനോ ദഹിപ്പിക്കാനോ ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പഞ്ചായത്തിൽ ഒരു പൊതുശ്മശാനം വേണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് വളരെ അടിയന്തിരമായ ഒരാവശ്യമാണ്. ഇക്കാര്യത്തിൽ ഇതുവരെ ഗവൺമെന്റ് ഒരു തീരുമാനമെടുത്തിട്ടില്ല.

പത്തിരുപത്തേഴുകൊല്ലമായിട്ടും ഹരിജനങ്ങളുടെ സ്ഥിതി തൃപ്തികരമല്ലാത്തതിനെസംബന്ധിച്ച് ഇവിടെ പറഞ്ഞു. ഹരിജനങ്ങളുടെ സ്ഥിതിയെപ്പററി പറയുന്ന പലരും വലിയവലിയ ആളുകളായി മാറിക്കൊണ്ടിരിക്കുകയാണ്. അപ്പുറത്തിരിക്കുന്നവർ പരസ്പരം നോക്കിയാൽ മതി അത് മനസ്സിലാകും.

കോട്ടുള്ളി പഞ്ചായത്തിലെ ഹരിജനങ്ങൾക്ക് തൊഴിൽസൗകര്യമുണ്ടാകാനുള്ള ചില സാഹചര്യങ്ങൾ വേണമെന്ന് കാണിച്ച് പുലയ മഹാസഭയിൽനിന്ന് അതുസംബന്ധിച്ച് ചില പ്ലാനൊക്കെ ഉണ്ടാക്കിക്കൊണ്ട് നിവേദനം നടത്തി. ആ നിവേദനം ഹരിജനക്ഷേമമന്ത്രിക്ക് കിട്ടിയമാത്രയിൽ ചെയ്തകാര്യമെന്താണെന്നോ ? കളക്ടർക്ക് അയച്ചുകൊടുത്തു. ജോലി തീർന്നല്ലോ; അതിനകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്താണെന്നു പരിശോധിക്കാൻപോലുമുള്ള സന്മനസ്സ് ഹരിജനക്ഷേമവകുപ്പുമന്ത്രിക്കുണ്ടായില്ല.

ഞാൻ അന്വേഷിച്ചപ്പോൾ നിവേദനം തഹസീൽദാരുടെ കൈയിൽ എത്തി, ഒരു പെട്ടിയിൽ കിടക്കുകയാണ്. അതുകൊണ്ട് പറയുകയാണ്, ജനങ്ങൾക്ക് ഈമാതിരിയുള്ള പ്രവർത്തനം വിശ്വാസം നൽകിയിട്ടില്ല. ഹരിജനക്ഷേമമന്ത്രി എന്ന നിലയിൽ ഒരു സ്ഥലത്തു ചെല്ലുന്നത് മുഖ്യമന്ത്രിയാണെങ്കിൽ ജനങ്ങൾക്ക് എന്തെങ്കിലും കാര്യങ്ങൾ നടക്കുമെന്ന് ഒരു വിശ്വാസമുണ്ടാകും. മുഖ്യമന്ത്രിയാണ് കാര്യങ്ങൾ അന്വേഷിക്കാൻ വരുന്നത് എന്ന രീതിയിൽ കുറെക്കൂടി ഗൗരവം ഉണ്ടാകാനും ജനങ്ങൾക്ക് ഒരു കോൺഫിഡൻസ് ഉണ്ടാകാനുംവേണ്ടിയെങ്കിലും ഈ വകുപ്പ് മുഖ്യമന്ത്രിയെ ഏൽപ്പിക്കാനുള്ള സന്മനസ്സ് കോൺഗ്രസ്സിനുണ്ടാകണം. അങ്ങനെയൊരു നിർദ്ദേശം ഞാൻ വയ്ക്കുകയാണ്. ഹരിജനക്ഷേമവകുപ്പ് മുഖ്യമന്ത്രി കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

Page 27 of 60

ചെയ്താൽ അന്നു മുതൽ ഹരിജനങ്ങളെല്ലാം വലതുകമ്മ്യൂണിസ്റ്റുകളാകുമെന്നൊന്നും ആരും ഭയപ്പെടേണ്ട. ഹരിജനവകുപ്പിനെപ്പറ്റി ഇത്രയുമേ പറയാനുദ്ദേശിക്കുന്നുള്ളു.

കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 1952-ൽ ആണ് സാമൂഹ്യവികസനവകുപ്പ് നമ്മുടെ രാജ്യത്ത് ആരംഭിച്ചത്. 1962 വരെ പത്തു കൊല്ലം ചില കാര്യങ്ങൾ നടത്തിയിട്ടുണ്ട്. ഇല്ലെന്നു പറയുന്നില്ല. അഴിമതി മാത്രം പാരമ്പര്യമാക്കിയിട്ടുള്ള നിങ്ങളെപ്പോലുള്ള ആളുകൾ കൺട്രാക്ടർമാരുമായി യോജിച്ച് നടത്തുന്നതുപോലെയല്ല. കുറെ വികസന പ്രവർത്തനങ്ങൾ 52 മുതൽ 62 വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി റോഡുകൾ, കിണറുകൾ, ആശുപത്രികൾ, ഹെൽത്ത് സെൻററുകൾ മുതലായവ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. എന്നാൽ 62-നുശേഷം ഇന്നുവരെയുള്ള സ്ഥിതി എന്താണെന്ന് ആലോചിക്കണം. കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറിന് ഇന്നു പ്രത്യേകമൊരു വകുപ്പില്ല. പ്രത്യേകം ഒരു വകുപ്പാണ് ആവശ്യം. മററുള്ള ഡിപ്പാർട്ടുമെൻറുകൾപോലെ കമ്മ്യൂണിററി ഡെവലപ്പുമെൻറിന് എന്തുകൊണ്ട് ഒരു വകുപ്പ് ഉണ്ടാക്കിക്കൂടാ? ജനങ്ങൾക്ക് എല്ലാ കാര്യങ്ങളും നേടിയെടുക്കാനുള്ള ഒരു ഏജൻസിയായി ഞാൻ കാണുന്നത് സാമൂഹ്യക്ഷേമവകുപ്പിനെയാണ്. അതുകൊണ്ടാണ് അങ്ങനെയൊരു പ്രത്യേക വകുപ്പുണ്ടാക്കണമെന്നു ഞാൻ പറയുന്നത്. ഇന്ന് ഈ പ്രവർത്തനങ്ങൾ കുത്തഴിഞ്ഞ പുസ്തകംപോലെ കിടക്കുകയാണ്. കോഴിക്കോർപ്പറേഷൻ ഉണ്ടാക്കാൻ പോകുന്നു. എട്ടുപത്തു കൊല്ലമായി കോഴി വളർത്തൽ പരിപാടി ഉണ്ടായിരുന്നതാണ്. എൻ. ഇ. എസ്. ബ്ലോക്കുകളിൽ നിന്നു വിതരണംചെയ്ത നല്ലയിനം കോഴികൾ മന്ത്രിയുടെ വീട്ടിലും കാണും. ഇവിടെയിരിക്കുന്ന പല മെംബർമാരുടെ വീട്ടിലും ഉണ്ട്. കോഴിക്കോർപ്പറേഷനോ മുട്ടാടു കോർപ്പറേഷനോ ഉണ്ടാക്കട്ടെ, വിരോധമില്ല.

സർ, ഈ ബ്ലോക്കുകളിൽ കുറെക്കാലമായി തുടർന്നുകൊണ്ടിരിക്കുന്ന ആർ. എം. പി. സ്കീം, ക്രാഷ് പ്രോഗ്രാം, ഫുഡ്ഫോർ വർക്ക് തുടങ്ങിയവയെപ്പററിയെല്ലാം പല ബ്ലോക്കുകളിലും ഉൽഘാടനം ചെയ്യാൻപോയും മററും മന്ത്രിമാർ മനസ്സിലാക്കിയിരിക്കുമെന്നാണ് വിശ്വസിക്കുന്നത്. അതിനെപ്പററി ബോദ്ധ്യപ്പെട്ടിട്ടില്ലെങ്കിൽ അത്തരം കാര്യങ്ങളുടെ കണക്കെടുത്ത് അത് വിജയിച്ചിട്ടുണ്ടോ, പരാജയപ്പെട്ടിട്ടുണ്ടോയെന്ന് നോക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോഴത്തെ അനിശ്ചിതാവസ്ഥയിൽ ബ്ലോക്കുകൾ തുടരണമോ വേണ്ടായോ എന്നുള്ള കാര്യത്തിൽ ഗവൺമെൻറിന് വ്യക്തമായ കാഴ്ചപ്പാടില്ല. മുഖ്യമന്ത്രി അച്യുതമേനോനും വെള്ളഈച്ചരനുമെല്ലാം ചോദിക്കുമ്പോൾ പറയുന്നത് കേന്ദ്രത്തിൽ നിന്നും ഇതിനുവേണ്ടി കുറെ കാശ് കിട്ടുന്നുണ്ട്. ബ്ലോക്കുകൾ നിലനിറുത്തിയില്ലെങ്കിൽ ഈ കാശ് കിട്ടുകയില്ല. അതുകൊണ്ട് ആണ് ബ്ലോക്കുകൾ നിലനിർത്തുന്നതെന്നാണ്. ഒരു ചിററമ്മനയമാണ് ഈ കാര്യത്തിൽ സ്വീകരിക്കുന്നത്. ബ്ലോക്കുകൾ ഇന്ന് അനിശ്ചിതാവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. പരിചയമില്ലാത്ത ആളുകൾ മന്ത്രിമാരായും ഉദ്യോഗസ്ഥൻമാർ ആയും വരുന്നതുകൊണ്ടാണ് ഇങ്ങനെ ഉള്ള സ്ഥിതി ഉണ്ടാകുന്നത്.

സർ, ഇന്ന് തൈനാൻ എന്നുള്ള ഒരു പുതിയതരം വിത്തുപയോഗിച്ച് കൃഷി ആരംഭിച്ചിട്ടുണ്ട്. എന്റെ ബ്ലോക്കിൽ അത് ചവിട്ടി മെതിക്കാൻവേണ്ടി ഒരു നപെട്ടിപോലുള്ള സാധനം കിടക്കുകയാണ്. ഇന്ന് അത് യാതൊരു പ്രയോജനവുമില്ലാതെ കിടക്കുകയാണ്. അതിന്റെ പ്രവർത്തനം പുന:പരിശോധിക്കണമെന്നു പറയാൻ ആഗ്രഹിക്കുകയാണ്.

സർ, അടുത്തതായി എനിക്ക് പറയാനുള്ളത് അർബൻ ഡെവലപ്പ്മെൻറ് കോർപ്പറേഷനെക്കുറിച്ചും പോർട്ടിനെക്കുറിച്ചും ആണ്. ഇന്ന് കൊച്ചി തുറമുഖ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ വികസനത്തിന് വിഘാതമായി പ്രവർത്തിക്കുന്ന ചില ശക്തികളുണ്ടെന്നുള്ള കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. പൂത്തോട്ടയിൽ വിമാനത്താവളം സ്ഥാപിക്കണമെന്നു തീരുമാനിച്ചിരുന്നതാണ്. എന്നാൽ വയലാർ രവി എം. പി. യും കെ. പി സി. സി. അദ്ധ്യക്ഷൻ ഏ. കെ. ആന്റണിയുംകൂടി അത് ചേർത്തലയിലേക്കു കൊണ്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ്. എറണാകുളം ഡി. ഡി. സി. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് പ്രമേയം പാസാക്കിയിട്ടുണ്ട്. കൊച്ചിനഗരത്തിന്റെ വികസനത്തിനും തുറമുഖത്തിന്റെ വികസനത്തിനും വിഘാതമുണ്ടാക്കുന്ന പ്രവൃത്തിയാണ് ഇത്.

സർ, ഫിഷറീസിന്റെ കാര്യത്തെപ്പറ്റി പറയുകയാണെങ്കിൽ ഫിഷറീസ് കോർപ്പറേഷന്റെ ചെയർമാൻ കെ. ആർ. വിജയനാണ്. എന്നാൽ മുസ്ലീം മന്ത്രിയുടെ കൈയിലാണ് ഡിപ്പാർട്ടുമെന്റ് ഇരിക്കുന്നത്. അവർ തമ്മിൽ മൽസരം നടക്കുകയാണ്.

**ശ്രീ. ഏ. കെ. ആന്റണി:** വിമാനത്താവളത്തിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ട് പറയുന്നതാണ്. ചേർത്തലയിലെന്നല്ല, എറണാകുളത്തെന്നല്ല, യാതൊരു സ്ഥലത്തും ഈ വിമാനത്താവളം സ്ഥാപിക്കുന്നതിനുവേണ്ടി ഞാൻ ഇടപെടുന്ന പ്രശ്നമില്ല. ചേർത്തല എം. എൽ. എ. ആണെങ്കിലും കേരളത്തിൽ അത് സ്ഥാപിക്കാൻ സൗകര്യപ്രദമായ സ്ഥലം എവിടെയാണോ അവിടെയാണ് സ്ഥാപിക്കേണ്ടത്. അതുകൊണ്ട് ഞാൻ നിവേദനത്തിൽ ഒപ്പിട്ടു കൊടുത്തതുപോലുമില്ല.

**ശ്രീ. വർക്കി പയ്യനാടൻ:** വളരെ വ്യക്തമായും അറിവുള്ളവർ പറഞ്ഞതുകൊണ്ടാണ് പറഞ്ഞത്. പൂത്തോട്ടയിൽ സ്ഥാപിക്കുന്നതിനുവേണ്ടി ഏവിയേഷൻ വകുപ്പ് ആ സ്ഥലം സന്ദർശിക്കുകയും മററും ചെയ്തിട്ട് അത് ചേർത്തലയിലേക്ക് മാററാനുള്ള സംരംഭങ്ങൾ നടത്തുന്നുണ്ട്. എത്ര ന്യായീകരിക്കാൻ ശ്രമിച്ചാലും അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. ഈ കാരണങ്ങളാലെല്ലാം തന്നെ ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്.

**ശ്രീ. ദാമോദരൻ കാളാശ്ശേരി:** സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമായിപ്പോയിയെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. കാരണം ഏതാണ്ടു അഞ്ചുകോടി മുപ്പത്തിയൊന്നു ലക്ഷത്തി എഴുപത്തിമൂവായിരം രൂപ മാത്രമാണ് ഹരിജനക്ഷേമപ്രവർത്തനത്തിനായി നീക്കിവച്ചിട്ടുള്ളത്. അതിൽ 80 ശതമാനം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചിരിക്കുകയാണ്. സർ, ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറ് ഇന്ന് വെറും വിദ്യാഭ്യാസപ്രവർത്തനത്തിന്റെ ഒരു മേഖലയായി അവശേഷിച്ചിരിക്കുകയാണ്. 1960 മുതൽ 1970 വരെയുള്ള കാലഘട്ടത്തിൽ ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം രാജ്യത്തുടനീളം ഉണ്ടായിട്ടുള്ള പരിഷ്ക്കാരങ്ങളും മററും പരിശോധിക്കുകയാണെങ്കിൽ പലതും മനസ്സിലാക്കാൻ സാധിക്കും. ഇന്ന് ഏതാണ്ട് 4 ലക്ഷത്തോളം ഹരിജൻ വിദ്യാർത്ഥികൾ ഹൈസ്ക്കൂളുകളിലും അപ്പർ പ്രൈമറി സ്ക്കൂളുകളിലും പ്രൈമറി സ്ക്കൂളുകളിലുമായി പഠിക്കുന്നുണ്ട്. 15 ലക്ഷത്തോളം വിദ്യാർത്ഥികൾ കോളേജിൽ പഠിക്കുന്നുണ്ട്. സ്റൈറപ്പൻറിന്റെയും ലംപ്സം ഗ്രാൻറിന്റെയും കാര്യമാണെങ്കിൽ ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾ ഒന്നും ഇല്ലാതെ വന്നിരിക്കുകയാണ്. ഏതാണ്ട് 1973-74-ൽ ഹരിജനക്ഷേമപ്രവർത്തനത്തിനുവേണ്ടി വക കൊള്ളിച്ചിട്ടുള്ളത് 5 കോടി

LIBRARY ARCHIVES Kerala Legislative Assembly

51 ലക്ഷത്തോളം രൂപ മാത്രമാണ്. ഇന്ന് അത് ഈ ബഡ്ജററിൽ 20 ലക്ഷത്തോളം കുറഞ്ഞിരിക്കുകയാണ്. ഓരോ കൊല്ലവും ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തിനുവേണ്ടി നീക്കിവയ്ക്കുന്ന തുകയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ലെന്നുള്ളത് പറയാതെ നിർവ്വാഹമില്ല. ഇന്ന് ഹരിജനങ്ങളുടെ ഇടയിലുള്ള പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ നിരാശാജനകമായ പ്രവർത്തനമാണ് ആ രംഗത്തുള്ളതെന്ന് കാണാൻ കഴിയും. മാത്രവുമല്ല, ഹരിജനങ്ങൾക്കുവേണ്ടി നീക്കിവയ്ക്കുന്ന നിയമനങ്ങളും അവർക്കുവേണ്ടി നീക്കിവയ്ക്കുന്ന ഭൂമിയുമെല്ലാം വിതരണം ചെയ്യുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷൻമാർ അനാസ്ഥ കാണിക്കുന്നുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും അതുപോലുള്ള ക്യാബിനററ് മന്ത്രിമാരുമെല്ലാം നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണർ കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗം ചെയ്ത അവസരത്തിൽ 3800-ഓളം വരുന്ന നിയമനങ്ങളിൽ എഴുന്നൂറോളം നിയമനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്. അതുപോലെ തന്നെ ഗസററഡ് ഉദ്യോഗസ്ഥൻമാരുടെ 163 ഓളം വരുന്ന നിയമനങ്ങളിൽ 56–57 ഓളം മാത്രമാണ് നടന്നിട്ടുള്ളത്. ഇതെല്ലാം സമയത്ത് ചെയ്യാത്തതുകൊണ്ട് ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്കു കിട്ടേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളുമെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സ്ഥിതിവിശേഷം മാറേറണ്ടതുണ്ട്. പുതിയതായി ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറ് ചില പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുന്നുയെന്നുള്ളത് സ്വാഗതാർഹമാണ്. ആദിവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ കുട്ടികൾക്ക് ധാരാളമായി വിദ്യാഭ്യാസം ലഭിക്കാതെ വരുന്നുണ്ട്. മലവർഗ്ഗക്കാരുടെ കുട്ടികളുടെ രക്ഷകർത്താക്കൾക്ക് സാമ്പത്തിക സഹായം ചെയ്യാനുള്ള ഒരു പരിപാടി ഉണ്ടാക്കിയിട്ടുണ്ട്. അവരെ വിദ്യാഭ്യാസമണ്ഡലത്തിലേക്ക് കൂടുതൽ ആകർഷിക്കാൻ ഇത് സഹായകമായിരിക്കും. സാമൂഹ്യവികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഹരിജനങ്ങൾ കൂടുതലായി തിങ്ങി താമസിക്കുന്ന പ്രദേശങ്ങളിൽ ആയിരിക്കണം അത്തരം പ്രവർത്തനങ്ങൾ നടത്തേണ്ടത്. അങ്ങനെ ഇന്ന് പ്രവർത്തനം നടത്തുന്നുയെന്ന് പറയാൻ സാധിക്കുകയില്ല. എങ്കിലും ശ്രീ. വെള്ളഈച്ചരൻ മന്ത്രിയായി ആ വകുപ്പിൻെറ ചുമതല ഏറെറടുത്തതിനുശേഷം ഹരിജനങ്ങളുടെയിടയിൽ പ്രത്യേകിച്ചും കുറച്ച് താൽപ്പര്യം കാണിച്ചിട്ടുണ്ട്. അതിൻെറ മാററങ്ങൾ കാണാനും കഴിയും. പഞ്ചായത്തുകളിലും മററും ധാരാളം വികസനപ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. കെയറിൻെറയും ഫുഡ് ഫോർ വർക്ക്സിൻെറയും പ്രവർത്തനങ്ങൾ എല്ലാം തന്നെ കൂടുതലും സംവരണ നിയോജകമണ്ഡലങ്ങളിൽ വ്യാപകമാക്കുന്നത് സഹായകരമായിരിക്കും. സംവരണ നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചിടത്തോളം അവിടെ ഭൂരിപക്ഷം ഹരിജനങ്ങൾ തിങ്ങി താമസിക്കുന്ന സ്ഥലം കണ്ടുപിടിച്ച് അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിക്കുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതും വളരെ അത്യാവശ്യമായിത്തീർന്നിരിക്കുകയാണ്.

സർ, അടുത്തതായി ഉദ്യോഗസ്ഥൻമാരെക്കുറിച്ചാണ് പറയാനുള്ളത്. പത്തും ഇരുപതും വർഷം സർവ്വീസുള്ള ഹരിജൻ ഉദ്യോഗസ്ഥൻമാർ വളരെ ഹൃദയവേദനയോടുകൂടി അവരുടെ കാര്യങ്ങളെക്കുറിച്ച് വിവരിക്കുകയുണ്ടായി.

സർ, ഐ. എ. എസ്. ഐ. പി. എസ്. എന്നീ കേഡറിലുള്ള ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഹരിജൻ ഡിപ്പാർട്ടുമെൻറിൽ നിന്നും ഒരാളെ മാത്രമേ എടുത്തിട്ടുള്ളു. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ സാധാരണഗതിയിൽ ഡയറക്ടറായി വരുന്ന ആളെ പ്രമോട്ട് ചെയ്താണ് കളക്ടറായി വിടുന്നത്. അത് പരിശോധിച്ചാൽ കാണാൻ കഴിയും. ആലപ്പുഴ ജില്ലാ കളക്ടറായി ഒരു ഹരിജനെ നിയമിച്ചത് വളരെ സ്വാഗതാർഹം തന്നെ.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഫണ്ടിൽ നിന്നും എൺപത് ശതമാനം തുക ഹരിജൻ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും ഗ്രാന്റും കൊടുക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നു കേൾക്കുന്നു. അത് ശരിയല്ലെന്നാണ് എന്റെ വിശ്വാസം. ഹരിജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടിയോ മററു പുരോഗമനപരമായ നടത്തിപ്പിനുവേണ്ടിയോ തുക കൊള്ളിച്ചാൽ അതു മുഴുവനും ഈ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നില്ല. ഇതിനെക്കുറിച്ച് പല പ്രാവശ്യം ഈ അസംബ്ലിയിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഗവൺമെന്റ് ഇതിനൊരു പരിഹാരം കണ്ടുപിടിച്ചില്ലെങ്കിൽ ലോകത്തെമ്പാടുമുള്ള ഹരിജനങ്ങളുടെ ഇടയിൽ നിന്നും വളരെയേറെ അപശബ്ദങ്ങൾ പുറപ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

സർ, ഇവിടെ ഒരു പബ്ലിക്സെൽ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. പക്ഷേ അതിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമായിട്ടല്ല നടക്കുന്നത്. അധഃകൃതരാണ്, അധഃപതിച്ചവരാണ് എന്നുള്ള വിചാരത്തോടുകൂടിയാണ് ഹരിജനങ്ങളെ വീക്ഷിക്കുന്നത്. ഇക്കാര്യങ്ങളെ സംബന്ധിച്ച് ഹരിജനങ്ങൾ ധാരാളം നിവേദനങ്ങൾ ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിനനുസരിച്ചുള്ള മാററത്തിന് ഗവൺമെന്റ് തയ്യാറായിട്ടില്ല.

സർ, മിച്ചഭൂമിയും വനഭൂമിയും ഒക്കെ പതിച്ചുകൊടുത്തതിലും ഹരിജനങ്ങളോട് വളരെയേറെ അപാകത കാണിച്ചിട്ടുണ്ട്. ഈ വക കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുകയും അതിനനുകൂലമായ മാററം ഉണ്ടാക്കുകയും ചെയ്തില്ലെങ്കിൽ രാജ്യത്തെമ്പാടുമുള്ള ഹരിജനങ്ങൾ പ്രക്ഷോഭണം കൂട്ടുമെന്നുള്ള കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർ, ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി 5 കോടിയിൽ ചില്വാനം രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നു പറയുന്നുണ്ട്. യഥാർത്ഥത്തിൽ അവർക്കുവേണ്ടി ചെലവഴിക്കുവാൻ പോകുന്നത് വളരെ തുച്ഛമായ ഒരു തുക മാത്രമാണ്. അവരുടെ സാമ്പത്തിക പുരോഗതിക്കും വ്യവസായ പുരോഗതിക്കും വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം.

സർ, മറെറാരു കാര്യം പറയുവാനുള്ളത്, സർക്കാർ സംഘടിപ്പിക്കുന്ന ബോർഡുകളിലും കമ്മററികളിലും ഹരിജനങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യം നൽകുന്നില്ല. പല പല കോർപ്പറേഷനുകളും ബോർഡുകളും സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ ഹരിജനങ്ങൾക്ക് യാതൊരു പ്രാതിനിധ്യവുമില്ല. ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ വക കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

**ശ്രീ. പി. കെ. ചാത്തൻമാസ്ററർ:** സർ, ഞാൻ ഈ ധനാർഭ്യത്ഥനകളെ അനുകൂലിക്കുകയാണ്. ബഡ്ജററിന്റെ പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ടും ഇന്നത്തെ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ടും പലരും പല അഭിപ്രായപ്രകടനങ്ങളും നടത്തുകയുണ്ടായി. ഹരിജനങ്ങൾക്ക് വേണ്ടിയായാലും മററു രംഗത്തായാലും എന്തെങ്കിലും വികസനപ്രവർത്തനങ്ങൾ ചെയ്യുവാൻ തയ്യാറായി മുമ്പോട്ടുവരുമ്പോൾ ഗവൺമെന്റിന്റെ ആ പ്രവർത്തനങ്ങളെ പരാജയപ്പെടുത്തുകയെന്നുള്ളത് ചിലരെ സംബന്ധിച്ചിടത്തോളം അനുവർത്തിച്ചുവരുന്ന ഒരു നയമാണ്.

സർ, ഹരിജനങ്ങളുടെ ഇടയിലുള്ള തൊഴിലില്ലായ്മയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. എംപ്ലോയ്മെന്റിൽനിന്നും കിട്ടിയ കണക്കനുസരിച്ച് ആണെങ്കിൽ പതിനയ്യായിരത്തിൽപരം അഭ്യസ്തവിദ്യരായ ആളുകൾ തൊഴിലില്ലാത്തവരായി നിൽക്കുകയാണ്. എസ്. എസ്. എൽ. സി. പാസ്സാകാതെ

LIBRARY ARCHIVES Kerala Legislative Assembly

ജോലിക്ക് അപേക്ഷിക്കുവാൻ സാധിക്കാത്തവരായി ഏതാണ്ട് എഴുപത്തയ്യായിരത്തിൽപരം പേരുണ്ട്. ഇങ്ങനെ ആ സമുദായത്തിലുള്ള അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മപ്രശ്നം വളരെ ഗൗരവതരമായ ഒരു സ്ഥിതിയിലെത്തിയിരിക്കുകയാണ്. ആ കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കേണ്ടതുണ്ട്. എംപ്ലോയ്മെന്റ് സെല്ലും റിവ്യൂകമ്മററിയും. അസംബ്ലിയുടെ കീഴിലുള്ള കമ്മററികളും മററു കൺസൾട്ടേററീവ് കമ്മററികളും രൂപീകരിച്ചിട്ടുണ്ട്. ആ കമ്മററികളുടെ നിയോഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നുള്ളത്. വളരെ ഖേദകരമായ ഒരു സംഗതിയാണ്. സർ, ഹരിജനങ്ങൾക്ക് ഗവൺമെന്റ് സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യം കിട്ടുന്നില്ല. ആ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വളരെയേറെ അനാസ്ഥ കാണിക്കുകയാണ്. അതുകൊണ്ട് റിസർവേഷൻപ്രകാരം ഹരിജനങ്ങൾക്കു കൊടുക്കേണ്ടതായ ആനുകൂല്യങ്ങൾ അതേപടി നൽകണമെന്ന് ഗവൺമെന്റ് ശക്തമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് പറയേണ്ടതുണ്ട്. ഇന്നവർക്ക് ന്യായമായ രീതിയിലുള്ള ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അതിലേക്ക് ഗവൺമെന്റ് വേണ്ട പരിശ്രമം നടത്തിയിട്ടുണ്ടെങ്കിലും അതിന്റെ പുരോഗതി അത്രക്ക് ആശാവഹമല്ലെന്നു പറയുവാൻ ഞാനീയവസരം ഉപയോഗപ്പെടുത്തുകയാണ്. തീർച്ചയായും ഉദ്യോഗനിയമനങ്ങളിൽ ഹരിജനങ്ങൾക്ക് കിട്ടേണ്ടതായ 10 ശതമാനവും കിട്ടണം. അതിന് സെക്രട്ടേറിയററ് തലത്തിലും പി. എസ്. സി. തലത്തിലും കാര്യക്ഷമമായ പല നടപടികളും സ്വീകരിച്ചേ മതിയാകൂ. ഹരിജനങ്ങളുടെ ഇടയിൽ ഇന്നു തൊഴിലില്ലാത്തവരായി എഴുപത്തയ്യായിരത്തിൽപരം ആളുകളുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് ഗവൺമെന്റ് തോന്നയ്ക്കൽ കോളനൈസേഷൻ സ്കീം നടപ്പിലാക്കുവാൻ മുമ്പോട്ടുവന്നത്.

സർ, ഇത്തരത്തിലുള്ള സ്കീമുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുമെന്നാണ് പറഞ്ഞിരുന്നത്. നിർഭാഗ്യമെന്നുതന്നെ പറയട്ടെ ഇന്ന് തോന്നയ്ക്കൽ കോളനൈസേഷൻ സ്കീംതന്നെ വളരെ ദയനീയമായ നിലയിലാണ് നടക്കുന്നത്. അതിനുവേണ്ടി കൊല്ലംജില്ലയിൽ എടുത്തിരുന്ന സ്ഥലം അന്യാധീനപ്പെട്ടു പോയിരിക്കുകയാണ്. സർ, ഒരു ലക്ഷത്തിലധികം വരുന്ന പാവപ്പെട്ട ഈ വിഭാഗത്തിൽപ്പെട്ടയാളുകൾക്ക് ജോലി അന്വേഷിച്ച് പുറത്തുപോകാൻ നിർവ്വാഹമില്ലാതെയും ഇവിടെത്തന്നെ തൊഴിൽ കിട്ടാതെയും വളരെ വിഷമിച്ചു കഴിയുകയാണ്. അതിനുവേണ്ടിയാണ് ഈ പരിപാടി. ഇക്കാര്യത്തെപ്പററി ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്.

സർ, എനിക്ക് അടുത്തതായി പറയുവാനുള്ളത് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. ഗവൺമെന്റിൽ നിന്നും നല്ല നടപടികളെല്ലാം എടുത്ത് അത് നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതൊന്നുംതന്നെ ശരിയായും വ്യക്തമായും ഉള്ള കാഴ്ചപ്പാടോടുകൂടി നടപ്പാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഇന്നുണ്ടായിരിക്കുന്നത്. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലും മററും വ്യക്തമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാവശ്യമാണ്. ഈ ഡിപ്പാർട്ടുമെന്റിന്റെ ഇന്നത്തെ പ്രധാന ജോലി ഹരിജൻ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസൗജന്യം ചെയ്തുകൊടുക്കുന്ന കാര്യം മാത്രമാണ്. ഹരിജൻ കോ-ഓപ്പറേററീവ് സൊസൈററികൾ ഉണ്ടാക്കി പ്രവർത്തിപ്പിക്കാൻ പ്രത്യേക സഹകരണവിംഗ്, ഹരിജനങ്ങൾക്ക് വീടുകളും മററും കെട്ടികൊടുക്കുന്നതിനുള്ള സ്പെഷ്യൽ എൻജിനീയറിംഗ്‌വിംഗ്, റവന്യൂവിംഗ്, എന്നിങ്ങനെ പല വിംഗുകളും; താലൂക്കുകളിലും ജില്ലകളിലും ആഫീസുകൾ— എന്നിവയൊക്കെ സംഘടിപ്പിച്ച് പ്രവർത്തിച്ചിരുന്ന വിപുലമായ പരിപാടികളത്രയും ഇന്ന് വെൽഫെയർ

ഡിപ്പാർട്ടുമെൻറിൽനിന്നും മററു വകുപ്പുകളിലേക്ക് നീക്കം ചെയ്തിരിക്കുകയാണ്. ഇന്ന് ഈ ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന ആകെയുള്ള ഒരു ജോലി വിദ്യാഭ്യാസസൗജന്യം കൊടുക്കുകയെന്നുള്ളത് മാത്രമാണ്. സർ, ഇതിന് ഇത്ര വലിയ ഡിപ്പാർട്ടുമെൻറും ഇത്രയേറെ ഉദ്യോഗസ്ഥൻമാരും ആവശ്യമുണ്ടോ? വളരെയധികം ഉദ്യോഗസ്ഥൻമാർ ഈ ഡിപ്പാർട്ടുമെൻറിലുണ്ടെങ്കിലും ഇവിടെ കാര്യമായ പ്രവർത്തനമൊന്നും നടക്കുന്നില്ലെന്നുള്ളതാണ് വസ്തുത. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ഹരിജനങ്ങളായിട്ടുള്ള ഉദ്യോഗസ്ഥൻമാരെയെല്ലാം തുരത്തിയോടിക്കുന്ന പ്രവണതയാണ് കാണുന്നത്. ഉദാഹരണത്തിന് ഇതിനു മുമ്പ് ഈ ഡിപ്പാർട്ടുമെൻറിൻെറ ഡയറക്ററായിരുന്ന സി. സി. കുഞ്ഞനെ അവിടെനിന്നും പുറത്ത് പറഞ്ഞയച്ചിരിക്കുകയാണ്. ഇങ്ങനെ പല ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലുമിരുന്നിരുന്ന ഹരിജനങ്ങളായ ഉദ്യോഗസ്ഥൻമാരെ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും നീക്കിയിരിക്കുകയാണ്. വെളുത്ത കുഞ്ഞ്, അപ്പു, ശശി തുടങ്ങിയവരെല്ലാംതന്നെ ഡയറക്ററ് റിക്രൂട്ട്മെൻറുവഴി ഉയർന്നുവന്ന ഉദ്യോഗസ്ഥൻമാരാണ്. അവരെയെല്ലാംതന്നെ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ പുറത്തേക്ക് പറഞ്ഞയച്ചുകൊണ്ടിരിക്കുകയാണ്. സർ, വളരെയധികം കാര്യശേഷിയുള്ളവരും ഈ സമുദായത്തിൽ ജനിച്ചുവളർന്നവരും, സമുദായത്തിലെ അവശതകളും മററു കാര്യങ്ങളും നല്ലതുപോലെ അറിയാവുന്നവരും, ഹരിജനങ്ങളുടെ നാഡിയിടിപ്പിനെപ്പററി അറിയാൻ കഴിവുള്ളവരുമായിരിക്കണം ഹരിജൻ വെൽഫെയർ ഡയറക്ററായി നിയമിതരാവേണ്ടത്. എങ്കിൽ മാത്രമേ ഹരിജനങ്ങളുടെ അവശതയറിഞ്ഞ് പ്രവർത്തിക്കാനും അവർക്ക് ഗുണം ഉണ്ടാക്കാനും സാധിക്കു. ഞാൻ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻമാരെല്ലാംതന്നെ ബിരുദധാരികളാണ്. അവരെ തരംതാഴ്ത്തുകയോ പുറത്തേക്ക് അയക്കുകയോ ചെയ്തുകൊണ്ട് S. S. L. C. ക്കാരെവരെ ഉയർന്ന തസ്തികയിൽ അവിടെ നിലനിറുത്തിയിരിക്കുകയാണ്. ഈ ഡിപ്പാർട്ടുമെൻറിൽ അടിമുടി ഒരു അഴിച്ചുപണി നടത്തിയേതീരൂ. ഗവൺമെൻറിൻെറ നയപരിപാടികൾ ഉൾക്കൊള്ളുന്ന ഒരു ഡിപ്പാർട്ടുമെൻറ് സംഘടിപ്പിക്കണം.

സർ, ഹരിജൻ സമുദായത്തിലുള്ളവർക്ക് ഭൂമിയുടെ പ്രശ്നമുണ്ട്. അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പംതന്നെ അവർക്ക് ഭൂമിയിൽ ഉറച്ചുനിന്ന് കൃഷി ചെയ്യാനുള്ള സാമ്പത്തികസഹായംകൂടി ചെയ്തുകൊടുക്കണം. ഇന്ന് ഹരിജനങ്ങൾക്ക് ഗവൺമെൻറിൽനിന്നും ഭൂമി പതിച്ചുകൊടുക്കുന്നുവെങ്കിലും അവരെ അവിടെനിന്നും ഇറക്കിവിട്ടു മററുള്ളവർ ഭൂമി കൈവശപ്പെടുത്തുന്ന സ്ഥിതിവിശേഷമുണ്ട്. ആ സ്ഥിതിവിശേഷം ഇല്ലാതാക്കി ഹരിജനങ്ങൾക്ക് കൊടുക്കുന്ന ഭൂമി അവർക്കുതന്നെ കിട്ടുമെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കേണ്ടതാണ്. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, ഹരിജനോദ്ധാരണ വകുപ്പിനെപ്പററി എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. ജെ. എ. ചാക്കോ വളരെ വ്യക്തമായി സംസാരിച്ചതുകൊണ്ട് അതിനെപ്പററി കൂടുതലായി ഒന്നും സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. പിന്നെ ബഹുമാനപ്പെട്ട ഹരിജനക്ഷേമവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം മാത്രമേപ്പെടുത്താനാഗ്രഹിക്കുന്നുള്ളൂ. ക്രാഷ്പ്രോഗ്രാം അനുസരിച്ച് പല മെമ്പറൻമാരും സംസരിച്ചതാണ്. പല സ്ഥലങ്ങളിലും ഈ സ്കീമിൽപ്പെടുത്തി നല്ല റോഡുകൾ ഗ്രാമപ്രദേശങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. പക്ഷെ അവയുടെ മെയിൻറനൻസ് നടത്തുന്നതിന് യാതൊരു ചുററുപാടുമില്ലാത്ത ഒരവസ്ഥയിലേക്ക് നീങ്ങുകയാണ്, രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പ്രാവശ്യം മഴപെയ്ത് വെള്ളപ്പൊക്കമുണ്ടായാൽ ഈ റോഡുകളെല്ലാം ഇല്ലാതാകുന്ന പരിതഃസ്ഥിതിയിലേക്ക് നീങ്ങുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കുവാനുള്ളത് ആ റോഡുകൾക്ക് പ്രയോറിട്ടി കൊടുത്ത് പബ്ലിക്‌വർക്സ് ഡിപ്പാർട്ടുമെൻറിനെ കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്.

സർ, രണ്ടാമതായി പറയാനുള്ളത് അപ്ലൈഡ് ന്യൂട്രിഷൻ പ്രോഗ്രാമിനെ സംബന്ധിച്ചാണ്. ഞങ്ങളുടെ പ്രദേശത്ത് ബുറംകരി ബ്ലോക്ക് അപ്ലൈഡ് ന്യൂട്രിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തണമെന്ന് വളരെ വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഡി. ഡി. സി. യിൽകൂടി ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് പ്രമേയം പാസാക്കി അയച്ചിട്ടും ഇതുവരെയും അതുൾപ്പെടുത്തുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. അടുത്ത വർഷമെങ്കിലും ഈ ബുറംക്കരി ബ്ലോക്ക് അപ്ലൈഡ് ന്യൂട്രിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, എനിക്ക് പ്രധാനമായിട്ട് പറയുവാനുള്ളത ഫിഷറീസ് ഇൻഡസ്ട്രീസിനെപ്പററിയും മൽസ്യബന്ധനവകുപ്പിനെപ്പററിയുമാണ്. നമുക്ക് ഏററവും കൂടുതൽ ഫോറിൻ എക്സ്ചേഞ്ച് ഉണ്ടാക്കിത്തരുന്ന ഒരു വലിയ വ്യവസായമായി മൽസ്യവ്യവസായം മാറിയിട്ടുണ്ട്. ഇതിനൊരു മാസ്ററർപ്ലാൻതന്നെ തയ്യാറാക്കിയിട്ടുണ്ടെന്നു പറഞ്ഞു. ഭരണകക്ഷിയിലുള്ള ബഹുമാനപ്പെട്ട മെമ്പർമാർതന്നെ പറയുന്നതു കേട്ടു. ഈ മാസ്ററർപ്ലാൻ മിക്കവാറും ഷെൽവ് ചെയ്തിരിക്കുന്നു, വലുതായിട്ട് ഇതിൻെറ പ്രവർത്തനമൊന്നും നടക്കുന്നില്ലെന്ന്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യം അർഹിക്കുന്ന ഒരു വ്യവസായമാണ് മൽസ്യബന്ധനം എന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട്, മാസ്ററർപ്ലാൻ നടപ്പിലാക്കാനാവശ്യമായ സഹായം ചെയ്തുതരാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മുടെ തീരപ്രദേശങ്ങളിലാണ് ലോകത്തിലേക്കും വച്ച് ഏററവും കൂടുതൽ ഫിഷിംഗ്ബങ്ക് ഉള്ളതെന്നാണ് വിദഗ്ദ്ധൻമാർ കണ്ടുപിടിച്ചിരിക്കുന്നത്. ജപ്പാനിൽനിന്നും റഷ്യയിൽനിന്നും എല്ലാം നമ്മുടെ കോസ്ററിൽ വന്ന് കോടിക്കണക്കിന് രൂപയുടെ മൽസ്യം പിടിച്ചുകൊണ്ടുപോകുകയാണ്. ഈ മൽസ്യം ശരിയായ രീതിയിൽ ചൂഷണം ചെയ്യാൻ കേരളത്തിന് മാത്രമല്ല ഇൻഡ്യയ്ക്കുപോലും സാധിച്ചിട്ടില്ല. അതിനുള്ള പ്രധാന കാരണം കോസ്ററലിന് അടുത്തു കിടക്കുന്ന സ്ഥലത്തുനിന്നും ചെറിയ ബോട്ടുകൾകൊണ്ടുമാത്രമാണ് ഇവിടെ മൽസ്യബന്ധനം നടത്തുന്നത്. പുറംകടലിൽപോയി ഇപ്പോഴത്തെ നവീന രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് മൽസ്യബന്ധനം നടത്തുന്നതിനുള്ള ബോട്ടും, ഫിഷിംഗ് വെസ്സൽസും നമുക്കില്ല. ഇക്കാര്യം ഒരു ചെറിയ കാര്യമായി കാണാതെ വലിയ ഒരു പ്രശ്നമായി കണക്കിലെടുത്ത് അന്യ രാജ്യങ്ങളിൽ ഉള്ളതുപോലെയുള്ള ഇലക്ട്രിക് ഉപകരണം ഘടിപ്പിച്ചിട്ടുള്ള ഫിഷിംഗ് ബോട്ടുകൾ ഒന്നോ രണ്ടോ അതിൽ കൂടുതലോ ലഭ്യമാക്കാൻ ശ്രമിക്കണം. അതുപയോഗിച്ച് മൽസ്യബന്ധനം നടത്തുന്നതിനുള്ള നടപടികൾ എടുക്കണം.

സർ, ഇതു പറയുമ്പോൾ ഫിഷിംഗ് കോർപ്പറേഷനെപ്പററി പറയാതിരിക്കാൻ നിവൃത്തിയില്ല. അവിടെയുള്ള ഉദ്യോഗസ്ഥൻമാർ വെറും വൈററ് എലിഫെൻറ്സായി മാറിയിരിക്കുകയാണ്. വളരെയധികം തുക ചെലവഴിച്ചിട്ടും അതിൻെറ പ്രവർത്തനം തൃപ്തികരമല്ല. ദയവുചെയ്തു പൊതുമേഖലയിൽനിന്നും മാററി പ്രൈവററ്മേഖലയിൽ കൊടുക്കുക. ഈ കോർപ്പറേഷൻ, പബ്ലിക് സെക്ടറിന് ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കി കൊടുക്കുന്നതിന് അതായത് ലോൺ കൊടുക്കുന്നതിനും മററുമുള്ള ഏർപ്പാട് മാത്രം ചെയ്യുക. കോർപ്പറേഷൻെറ കീഴിലുള്ള ബോട്ടുകൾ പോയാൽ വളരെ കുറച്ചു



LIBRARY ARCHIVES Kerala Legislative Assembly

മൽസ്യം മാത്രമേ കൊണ്ടുവരികയുള്ളു. അതേസമയം അതേസ്ഥലത്ത് പ്രൈവററ് ബോട്ടുകൾ പോയാൽ വളരെ അധികം മൽസ്യം കൊണ്ടുവരുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇതിനുള്ള പ്രധാന കാരണമായിട്ടറിയുന്നത്, കോർപ്പറേഷൻവക ബോട്ടുകൾ പുറംകടലിൽ പോയി മൽസ്യബന്ധനം നടത്തിയിട്ട് അതവിടെ വച്ചുതന്നെ പ്രൈവററു ബോട്ടുകാർക്ക് വിൽക്കുന്നുവെന്നാണ്. ഇതൊക്കെ സൂപ്പർവൈസ് ചെയ്യാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്. പ്രത്യേകിച്ച് പബ്ലിക്ക് സെക്ടറിനെ സംബന്ധിച്ചിടത്തോളം. അതുകൊണ്ട് ഇത് പബ്ലിക് സെക്ടറിൽ അണ്ടർടേക്ക് ചെയ്യാതിരിക്കുന്നതാണ് നല്ലതെന്നാണ് എന്റെ പ്രായോഗിക ബുദ്ധിയിൽ തോന്നുന്നത്. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ നിന്നോ റഷ്യയിൽനിന്നോ ജപ്പാനിൽനിന്നോ, വളരെ മൽസ്യങ്ങൾ ഒന്നിച്ചുകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് കണ്ടുപിടിക്കുന്നതിനുള്ള പ്രത്യേകമായ ആധുനികമായ ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുള്ള ഇലക്ട്രിക് ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുള്ള ആധുനിക രീതിയിലുള്ള ബോട്ടുകൾ എത്രയധികം വിലകൊടുത്തായാലും വേണ്ടില്ല ഒന്നുരണ്ടെണ്ണം മോഡൽ നോക്കുന്നതിനുവേണ്ടി വാങ്ങി, കൊച്ചിയിൽ അതേപോലെയുള്ളത് നിർമ്മിച്ച് മൽസ്യബന്ധനം നടത്തുന്നതിനുവേണ്ടി ഉപയോഗിക്കേണ്ടതാണ്.

അതുപോലെതന്നെ നമ്മുടെ ഫിഷിംഗ് ഹാർബറുകളിൽ ചെറിയ ബോട്ടുകളുടെ എൻജിൻ നന്നാക്കുന്നതിനും മെയിൻറനൻസ് നടത്തുന്നതിനും ഇന്നു യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല. ചെറിയ ബോട്ടുകൾക്ക് അത്യാവശ്യം വേണ്ട പ്രവൃത്തികൾ ചെയ്തുകൊടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. നല്ല വർക്ക്ഷാപ്പുകൾ തുടങ്ങുന്നതിനുവേണ്ടി മുന്നോട്ടുവരുന്ന ആളുകൾക്ക് പ്രോൽസാഹനമായി കുറഞ്ഞ പലിശക്ക് ലോണോ മററന്തെങ്കിലുമോ കൊടുത്ത് അതിനുവേണ്ട ഏർപ്പാട് ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഫ്രഷ്വാട്ടർ ഫിഷിംഗ് നമ്മുടെ രാജ്യത്തിന് ഏററവും പററിയ ഒരു വ്യവസായമാണ്. അതിൽ ഇതുവരെ കാര്യമായി ശ്രദ്ധിച്ചിട്ടില്ല. കോഴഞ്ചേരിയിൽ ഒരു ഫിഷ്ഫാം ഉണ്ട്. അവിടെ ധാരാളം മീൻകുഞ്ഞുങ്ങളെ ഇറക്കുന്നുണ്ട്. അത് ശരിയായ രീതിയിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. പക്ഷേ അവർക്ക് സ്വന്തമായി കുളം നിർമ്മിക്കുന്നതിന് യാതൊരു സഹായവും ഗവൺമെൻറിൽനിന്നു ചെയ്തുകൊടുക്കുന്നില്ല. കുളം നിർമ്മിക്കുന്നതിന് ആദ്യം കൂടുതൽ ചെലവുണ്ട്. ആ ചെലവിന് ദീർഘകാലാടിസ്ഥാനത്തിൽ വായ്പ കൊടുക്കുകയാണെങ്കിൽ ധാരാളം ആളുകൾ മുന്നോട്ടുവരും. ഇത് ശരിയായ രീതിയിൽ നടത്തുകയാണെങ്കിൽ ഒരേക്കറിൽനിന്ന് എല്ലാ ചെലവും കഴിഞ്ഞ് പതിനായിരം രൂപ മിച്ചമുണ്ടാക്കാൻ സാധിക്കും. ഇങ്ങനെയുള്ള ധാരാളം സ്ഥലങ്ങൾ ഉപയുക്തമാക്കാതെ കിടപ്പുണ്ട്. അത് തീർച്ചയായും ഉപയോഗിക്കാൻ സാധിക്കും. കുമരകത്ത് ഒരു ഫിഷ്ഫാം തുടങ്ങാൻ ആലോചനയുണ്ടെന്നു കേട്ടിട്ട് വളരെ വർഷങ്ങളായി. ഇതുവരെ അതിനു യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല. അത് എളുപ്പം തുടങ്ങണം. ഫ്രഷ് വാട്ടറിലും സലായിൻ വാട്ടറിലും ഒരുപോലെ വളരുന്ന ചില മീനുകളുണ്ട്. ആ മീൻ വളർത്തുന്നതിന് പററിയ സ്ഥലങ്ങൾ, ആയിരംതെങ്ങ്, കുമരകംപോലുള്ള സ്ഥലങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് ആ കാര്യവും ശ്രദ്ധിക്കണം. എടത്വായിൽ കേന്ദ്രഗവൺമെൻറിന്റെ കീഴിലുള്ള ഒരു സെൻട്രൽ റിസർച്ച് സ്റേറഷനുണ്ട്. ലക്ഷക്കണക്കിന് രൂപ ചെലവാക്കി ഉണ്ടാക്കിയതാണ് ഈ റിസർച്ച് സ്റേറഷൻ. അവിടെ യാതൊരു പണിയും ഇന്നു നടക്കുന്നില്ല. അവിടെ സ്ററാഫിനുവേണ്ടി പൊങ്ങിയ സ്ഥലംവാങ്ങി ക്വാർട്ടേഴ്സ് ഉണ്ടാക്കിയിട്ട് താമസിക്കാൻ ആളില്ലാതെ വെറുതേ കിടക്കുകയാണ്. തീർച്ചയായും അതു പ്രവർത്തനക്ഷമമാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

Page 35 of 60

തിനുള്ള നടപടി സ്വീകരിക്കണം. മറയിൻബയോളജി റിസർച്ച് ഇങ്ങനെയുള്ള കാര്യങ്ങൾക്ക് പ്രയോജനപ്പെടത്തക്ക വിധത്തിൽ കിട്ടുന്നില്ല. പല റിസർച്ചുകളും ഇതേ സംബന്ധിച്ച് നമ്മുടെ യൂണിവേഴ്സിറ്റികളിൽ നടത്തുന്നുണ്ട്. പല കണ്ടുപിടിത്തങ്ങളും ഉണ്ടാക്കുന്നുണ്ട്. പക്ഷേ ജനങ്ങളുടെ ഇടയിൽ അതിന്റെ പ്രയോജനം എത്തിക്കുന്നതിന് ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല.

അവസാനമായി എനിക്ക് പറയാനുള്ളത്, നമ്മുടെ ഹാർബറുകളിൽ കോടിക്കണക്കിന് രൂപവിലയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നുണ്ട്. ഡ്രഡ്ജർ, ഞാർജർ, ട്രോളർ ഇതെല്ലാം വാങ്ങുന്നുണ്ട്. അത് വാങ്ങിയാൽ അത് കടലിൽ കിടക്കുകയാണ് ചെയ്യുന്നത്. കരയിൽ കയററി ശരിയായ രീതിയിൽ അതിന്റെ മെയിൻറനൻസ് ചെയ്തില്ലെങ്കിൽ അതിന്റെ ആയുസ് കുറഞ്ഞുപോകും. അതിന്റെ അടിയിലെ ഇരുമ്പുതകിട് തുരുമ്പുപിടിച്ച് ദ്രവിച്ചുപോകുമെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് ഇങ്ങനെയുള്ള ഉപകരണങ്ങൾ വാങ്ങുമ്പോൾ അതിനെവലിച്ച് കരയ്ക്ക് കയററി അടിഭാഗം ചുരണ്ടി പെയിൻറടിച്ച് സൂക്ഷിക്കുന്നതിനുള്ള ഇടപാടുകൂടി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. കെ. കെ. എസ്. തങ്ങൾ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. 1971-ലെ സെൻസസ് പ്രകാരം 17·22ലക്ഷം ഷെഡ്യൂൾഡ് കാസ്ററും, 2·69 ലക്ഷം ഷെഡ്യൂൾഡ് ട്രൈബ്സും കേരളത്തിൽ ഉണ്ട്. ഏകദേശം ജനസംഖ്യയുടെ 10 ശതമാനം വരുന്ന ഈ ജനവിഭാഗത്തെ സമുദ്ധരിക്കാനുള്ള പല പദ്ധതികളും ഗവൺമെൻറ് ഇന്നു ആവിഷ്കരിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. 1973—74-ലെ ബഡ്ജററിൽ ഹരിജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി603·74 ലക്ഷം രൂപവകയിരുത്തിയിരുന്നു. നാം ചെലവാക്കുന്ന ഈ തുക യഥാർത്ഥത്തിൽ ഹരിജനങ്ങളുടെ നാനാവിധത്തിലുള്ള അഭിവൃദ്ധിക്കുവേണ്ടി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന കാര്യം വളരെകാര്യമായി പരിശോധിക്കണമെന്ന അഭ്യർത്ഥന എനിക്കുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസരംഗത്ത് അഭിവൃദ്ധിയുണ്ടാക്കാൻ വേണ്ടി ഗവൺമെൻറ് പരിശ്രമിക്കുന്നുണ്ട്, സാമ്പത്തികാഭിവൃദ്ധിയുണ്ടാക്കാൻ വേണ്ടി ഗവൺമെൻറ് ശ്രമിക്കുന്നുണ്ട്, വൈദ്യസഹായരംഗത്ത് അഭിവൃദ്ധിയുണ്ടാക്കാൻവേണ്ടിശ്രമിക്കുന്നുണ്ട്. താമസിക്കാൻവീടില്ലാത്തവർക്ക് വീട് കെട്ടിക്കൊടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ആ കാര്യത്തിൽ ഗവൺമെൻറ് പരമാവധി പരിശ്രമിക്കുന്നുണ്ട്. പക്ഷേ ഈ പരിശ്രമങ്ങളുടെ ഒക്കെത്തന്നെ പൂർണ്ണമായ ഫലം അവർക്ക് ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കുമ്പോൾ എനിക്ക് ചില സംശയങ്ങൾ വരികയാണ്. കേരളത്തിലുള്ള 56 വെൽഫയർ ഹോസ്ററലുകളിൽ പൂർണ്ണമായി അവരുടെ ആവശ്യത്തിനനുസരിച്ച് ഭക്ഷണസാധനങ്ങളും ജീവിതസൗകര്യങ്ങളും ഉണ്ടോ എന്നു പരിശോധിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്. അതുപോലെ തന്നെ കോസ്മോപോളിററൻ ഹോസ്ററലുകളിലും അവരുടെ ആവശ്യത്തിനനുസരിച്ചുള്ള സൗകര്യങ്ങൾ കിട്ടുന്നുണ്ടോ എന്നുള്ളതും പരിശോധിക്കേണ്ടതാണ്. അട്ടപ്പാടി ട്രൈബൽ ബ്ലോക്കിൽ ഗവൺമെൻറ് കോടിക്കണക്കിന് രൂപ ചെലവാക്കുന്നുണ്ട്. ഒരു ആക്ഷേപമായി ഞാൻ പറയുകയല്ല. അവിടെ ഹരിജനങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും വേണ്ടി ചെലാക്കുന്ന സംഖ്യയിൽ വളരെ ചുരുക്കിപ്പറഞ്ഞാൽ, 50 ശതമാനമെങ്കിലും അവർക്ക് ഉപയോഗപ്പെടുന്നില്ലെന്നുള്ള യാഥാർത്ഥ്യം ഇന്നും നിലനിൽക്കുകയാണ്. വളരെ കൊല്ലങ്ങളായി അനുവർത്തിച്ചുവരുന്ന ഒരു നയത്തിന്റെ ഭാഗമാണ് ഇത്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ചൂഷിത വർഗ്ഗത്തെ ചൂഷണം ചെയ്യാനുള്ള എല്ലാ വിധപ്രവർത്തനങ്ങളും എല്ലാ വിധ രംഗത്തും ഇന്നും നടന്നു വരുന്നുണ്ടെന്നുള്ളത് ഒരു

യാഥാർത്ഥ്യമാണ്. വീടുകൾ കെട്ടിക്കൊടുക്കുന്ന കാര്യത്തിൽ മാത്രമല്ല വിദ്യാലയങ്ങൾ സ്ഥാപിച്ച് അവരുടെ കുട്ടികളെ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിലും ഇതു നമുക്ക് കാണാൻ സാധിക്കും. വൈദ്യസഹായരംഗത്ത് പരിശോധിക്കുകയാണെങ്കിൽ അവിടേയും നമുക്ക് ഇത് കാണാൻ കഴിയും. ഏതു രംഗത്തു പരിശോധിക്കുകയാണെങ്കിലും ഈ ആവശ്യങ്ങൾക്കുവേണ്ടി ഗവൺമെൻറ് ചെലവാക്കുന്ന സംഖ്യ പൂർണ്ണമായി അവർക്ക് പ്രയോജനപ്പെടുന്നില്ലെന്നു കാണാൻ സാധിക്കും. അതുകൊണ്ട് ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ അതിനെതിരായി വരുന്ന പ്രവർത്തനങ്ങളേയും കർണിശമായി നമുക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിൻെറ പൂർണ്ണമായ പ്രയോജനം അവർക്ക് ലഭിക്കുകയില്ല. ലക്ഷം വീട് പദ്ധതിയിൽ 50 ശതമാനം വീടുകൾ ഹരിജനങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ഇന്നു വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഹരിജനങ്ങൾക്ക് വീട് കെട്ടിക്കൊടുക്കാനുള്ള സംഖ്യ വകയിരുത്തി അതാതുവർഷം വിതരണം ചെയ്യുന്നുണ്ട്. ഇന്നു ലക്ഷം വീട് പദ്ധതി പ്രകാരം 50 ശതമാനം വീടുകൾ ഹരിജനങ്ങൾക്ക് കെട്ടിക്കൊടുക്കാനുള്ള നിർദ്ദേശം ഉണ്ടായിരിക്കേ, വ്യക്തികൾക്ക് വീടുകെട്ടുന്നതിന് പ്രത്യേകമായി കൊടുക്കുന്ന സംഖ്യ പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണെങ്കിൽ പണമില്ലാതെ വിഷമിക്കുന്ന പല പഞ്ചായത്തുകൾക്കും ഹരിജനങ്ങൾക്കുവേണ്ടി വളരെ വേഗത്തിൽ വീടുകൾ കെട്ടിക്കൊടുക്കാൻ കഴിയും. കാൺട്രിബ്യൂഷൻ പ്രകാരം പഞ്ചായത്തുകൾ പണം പിരിച്ച് വീടു കെട്ടുന്നതിന് ഭീമമായ സംഖ്യ ചെലവാക്കണമെന്നു പറയുമ്പോൾ പഞ്ചായത്തുകൾക്ക് വളരെയധികം വിഷമം വരുന്നുണ്ട്. അതു പരിഹരിക്കാൻവേണ്ടി ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെൻറിൽ നിന്നും ഹരിജനങ്ങൾക്കായി വീട് കെട്ടുന്നതിന് വ്യക്തികൾക്ക് നൽകുന്ന തുക പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണെങ്കിൽ വീടുകളുടെ നിർമ്മാണം കഴിയുന്നതുംവേഗം പൂർത്തിയാക്കുകയും 50 ശതമാനം വീടുകൾ ഹരിജനങ്ങൾക്ക് നൽകുകയും ചെയ്യുന്നതിന് കഴിയും. ആ കാര്യം ഗവൺമെൻറ് പരിശോധിക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

സാമൂഹ്യവികസന രംഗത്ത് നമ്മുടെ ഗവൺമെൻറ് പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നുണ്ട്. സമൂഹത്തെ സംബന്ധിച്ചിടത്തോളം സമൂലമായ പരിവർത്തനമുണ്ടാകണമെന്ന് വാസ്തവത്തിൽ ഗവൺമെൻറും, ഈ നാട്ടിലെ ജനങ്ങളും ആഗ്രഹിക്കുന്നുണ്ട്. അതിൻെറ ഫലമായിട്ടാണ് എല്ലാ സ്ഥലങ്ങളിലും ബ്ലോക്കുകളുടെ പ്രവർത്തനം ആരംഭിച്ചത്. ബ്ലോക്കുകൾക്ക് ഫസ്ററ് സ്റേറജിൽ അനുവദിക്കുന്ന 5 ലക്ഷം രൂപ ശമ്പളവും മററും നൽകുന്നതു കഴിച്ചാൽ വികസനരംഗത്ത് ചെലവാക്കുന്നതിന് വളരെ കുറച്ചുമാത്രമേ കാണുകയുള്ളു. സെക്കൻറ് സ്റേറജു വരുമ്പോൾ ഒന്നും കാണുകയില്ല. പോസ്ററ് സ്റേറജു വരുമ്പോഴും ഗതി ഇതുതന്നെയാണ്. വികസനരംഗത്ത് നാം ആഗ്രഹിക്കുന്ന രീതിയിൽ മാററം വരുത്തണമെങ്കിൽ ബ്ലോക്കുകളുടെ ഇന്നത്തെ പ്രവർത്തനത്തിൽ ചില മാററങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ബ്ലോക്കുകളുടെ ഓരോ സ്റേറജു കഴിയുന്തോറും ജനങ്ങൾക്ക് പൂർണ്ണമായി പ്രയോജനം ലഭിക്കത്തക്കരീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ മാത്രമേ ജനങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുകയുള്ളു.

സർ, ഞാൻ ഒരുദാഹരണം പറയാം; കാർഷികരംഗത്ത് അഭിവൃദ്ധി കൈവരുത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ട് കുറേ കാർഷിക ഉദ്യോഗസ്ഥൻമാരെ എല്ലാ ബ്ലോക്കുകളിലും നിയമിക്കുന്നുണ്ട്. ഞാൻ പറയുന്നത് കാർഷിക രംഗത്തു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർ ഷൂസും പാൻറും ധരിച്ച്, അതുപോലെയുള്ള നല്ല വസ്ത്രങ്ങളും ധരിച്ച് വയലിൽ ചെന്ന് ഇങ്ങനെയുള്ള

Page 37 of 60

രോഗങ്ങൾ പരിശോധിക്കാൻ ചെളിയിൽ ഇറങ്ങുകയെന്നു പറഞ്ഞാൽ അതു കുറേ വിഷമമുള്ള കാര്യമാണ്. സ്വാഭാവികമായും അവരുടെ വസ്ത്രധാരണ രീതി കൊണ്ടുതന്നെ കാർഷികരംഗത്ത് മാർഗ്ഗനിർദ്ദേശം നൽകാനും പരിശോധിക്കാനുമുള്ള ഉദ്യോഗസ്ഥൻമാർക്ക് അത് നിർവ്വഹിക്കാൻ സാധിക്കുന്നില്ല എന്നുള്ളത്, യാഥാർത്ഥ്യമാണ്. ഇത് പരിഹരിക്കേണ്ടത് ആവശ്യമാണ്. കാരണം എല്ലാ തുറകളിലും അഭിവൃദ്ധി ഉണ്ടാക്കുകയും ജനങ്ങളെസംബന്ധിച്ചിടത്തോളം ആവശ്യമായ നിർദ്ദേശങ്ങൾ അതാതു സമയത്ത് നൽകുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എല്ലാ വിഭാഗം ഉദ്യോഗസ്ഥൻമാരെസംബന്ധിച്ചിടത്തോളവും അവർ പ്രവർത്തിക്കുന്ന രംഗത്ത് ഏത് തരത്തിലുള്ള വസ്ത്രങ്ങളാണ് ധരിക്കേണ്ടതെന്നുള്ളതു മനസ്സിലാക്കി അത്തരത്തിലുള്ള വസ്ത്രങ്ങൾ കൊടുത്തെങ്കിൽ മാത്രമേ അതിനനുസരിച്ചുള്ള ചിന്താഗതി അവരിൽ വളരുകയുള്ളു. എങ്കിൽ മാത്രമേ പൂർണ്ണമായ അഭിവൃദ്ധി ആ രംഗത്ത് ഉണ്ടാക്കാൻ സാധിക്കുകയുള്ളു. ഇന്ന് ബ്ലോക്ക് ഡെവലപ്പുമെൻറ് ആഫീസർമാർ മുഖേന നടത്തിവരുന്ന ക്രാഷ് പദ്ധതികൾ പലതും നടപ്പിൽ വരുത്തിക്കഴിഞ്ഞു. പല റോഡുകളും പല ഇറിഗേഷൻ പ്രവർത്തനങ്ങളും നടത്തിക്കഴിഞ്ഞു. ഈ പദ്ധതികളെല്ലാം കാലവർഷംകൊണ്ട് നശിച്ചുപോയിരിക്കുകയാണ്. പൂർത്തിയാക്കിയ പല പദ്ധതികളും മെയിൻറനൻസ് നടത്താതെ, പ്രവർത്തനം പൂർത്തീകരിച്ചതുതന്നെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഭാഗികമായി പ്രവൃത്തി അവസാനിപ്പിക്കാത്ത പല പദ്ധതികളും നിലവിലുണ്ട്. ഇത് അവസാനിപ്പിക്കാൻ സാധിച്ചില്ലെങ്കിൽ ഉദ്ദേശിച്ച ഫലം ഈ പദ്ധതി മുഖേന ജനങ്ങൾക്കുണ്ടാവുകയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അനവധി സ്പിൽ ഓവർ വർക്കുകളും ഇന്നു നിലവിലുണ്ട്. ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാകാനുള്ളതെന്നു നോക്കിക്കൊണ്ട് ഈപദ്ധതികളൊക്കെഅവസാനിപ്പിക്കാനുംപൂർത്തിയാക്കാനുംപ്രത്യേകമായിഏതെങ്കിലും ഒരു പദ്ധതി ആവിഷ്കരിച്ചുകൊണ്ട് ഇത് പൂർത്തീകരിക്കാനുള്ള നടപടികൾ ഉണ്ടാകണം. എങ്കിലേ ഉദ്ദേശിച്ച ഫലം ഉണ്ടാവുകയുള്ളു. തൊഴിലിനോടൊപ്പം തന്നെ പുരോഗതി ഉണ്ടാകണം, നാട്ടിൽ അഭിവൃദ്ധി ഉണ്ടാകണം. അത് സാധിതപ്രായമാകണമെങ്കിൽ പണി തീർന്ന പദ്ധതികളിൽ മെയിൻറനൻസ് നടത്തുകയും ആവശ്യമായ മററു പണികൾ നടത്തുകയും, മുഴുമിക്കാത്ത പദ്ധതികൾ മുഴുമിപ്പിക്കുകയും ചെയ്യണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി പെണ്ണമ്മജേക്കബ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറുകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏററവും അവശതയനുഭവിക്കുന്ന ഒരു വിഭാഗം എന്ന നിലയിൽ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഈ ഗവൺമെൻറ് ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടെന്നുള്ളതിൽ സന്തോഷമുണ്ട്. ഇന്ന് സെക്രട്ടറിയേററ് ഗേററിലേക്ക് ആയിരക്കണക്കിന് ഹരിജനങ്ങൾ ജാഥയായി വന്ന് പ്രക്ഷോഭണം നടത്തുന്നതിൽ നിന്നും അവർക്കുംവളരെയധികംബുദ്ധിമുട്ടുണ്ടെന്നു മനസ്സിലാകുന്നുണ്ട്. വികസന രംഗത്ത് ഈ ഗവൺമെൻറ് പലതും പ്രവർത്തിക്കുന്നുണ്ടെന്നു പറയുന്നുണ്ടെങ്കിലും അത് അതിനർഹതായ തലങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുന്നില്ല എന്നുള്ളത് ഗവൺമെൻറ് മനസിലാക്കേണ്ടതുണ്ട്. രണ്ടു ഹരിജൻ യുവാക്കളും ഒരു മൽസ്യത്തൊഴിലാളിയും അവരുടെ ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭൂമിസഹിതം വിററതിനുശേഷം ഒരു കമ്പനിയിൽ നിക്ഷേപിച്ചപ്പോൾ അത് അടച്ചു പൂട്ടിയ നിർഭാഗ്യകരമായ സ്ഥിതി ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് പാവപ്പെട്ട ആളുകൾക്കുവേണ്ടി ജനാധിപത്യപരമായ രീതിയിൽപ്രസംഗിക്കുകയെന്നതിനുപരി ഈ സംസ്ഥാനത്ത് യാതൊന്നും ചെയ്യുന്നില്ല എന്നുള്ളതാണ് വസ്തുത. പാവപ്പെട്ട ഹരിജനങ്ങൾക്കും അതുപോലെ

Page 38 of 60

മൽസ്യത്തൊഴിലാളികൾക്കും ഈ സംസ്ഥാനത്തെ വേളാർ സമുദായത്തിൽപ്പെട്ട ആളുകൾക്കും ഈ സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഒരു നല്ല പങ്ക് നീക്കിവയ്ക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി ഞാൻ എതിർക്കുകയാണ്.

ശ്രീ. ഇ. നാരായണൻ നായർ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള എല്ലാ ധനാഭ്യർത്ഥനകളേയും ഞാൻ അനുകൂലിക്കുകയാണ്. എനിക്ക് സംസാരിക്കാനുള്ളത് ഫിഷറീസ് വകുപ്പിനെ സംബന്ധിച്ചാണ്. ഫിഷറീസ് വകുപ്പ് കഴിഞ്ഞകാലത്തെ തെററുകളും, അപാകതകളും തിരുത്തിക്കൊണ്ട് വളരെയധികം മുന്നോട്ടു വന്നിട്ടുണ്ട്. അതിന്റെ ഫലം ഈ രാജ്യം അനുഭവിക്കാൻ തുടങ്ങിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിൽ വളരെ വ്യക്തമായും പറയുകയുണ്ടായി, മൽസ്യോൽപ്പന്നങ്ങളുടെ കയററുമതി കൊണ്ട് 1973-ൽ സംസ്ഥാനത്ത് പുതിയ റെക്കാർഡുതന്നെ സ്ഥാപിച്ചിട്ടുണ്ടെന്ന്. താഴോട്ടുള്ള കണക്കുകളും പറയുന്നുണ്ട്. മറേറതു കൊല്ലത്തേക്കാളും കൂടുതൽ കടൽ സമ്പത്തു നേടിയെടുക്കാനും വിദേശനാണ്യം നേടിയെടുക്കാനും സാധിച്ചിട്ടുണ്ട്. മറെറാരു ഭാഗത്ത് ധനകാര്യമന്ത്രിയുടെ ബഡ്ജററിൽ പറയുന്നത്, മൽസ്യബന്ധനരംഗത്തുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് രണ്ടരക്കോടി രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ടെന്നാണ്. ഈ സംഖ്യ അപര്യാപ്തമാണെന്നാണ് എന്റെ അഭിപ്രായം. ഭക്ഷ്യരംഗത്തുള്ള കുറവുകൾ നികത്താനും തൊഴിൽ രംഗത്തുള്ള കുറവുകൾ നികത്താനുമെല്ലാം നാം ആശ്രയിക്കുന്നത് കടലിനെയാണ്. കടൽ വിഭവങ്ങൾ ചൂഷണം ചെയ്ത് എടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സ്ഥിതിക്ക് മററുവകുപ്പുകൾക്കനുവദിച്ച തുകയെ അപേക്ഷിച്ച് ആനുപാതികമായി നോക്കുമ്പോൾ ഇതു പര്യാപ്തമല്ലെന്നാണ് എന്റെ അഭിപ്രായം. മൽസ്യബന്ധനവികസനരംഗത്ത് നാം വളരെയൊക്കെനീങ്ങിയിട്ടുണ്ട്. കട്ടമരത്തിൽനിന്നും വള്ളത്തിലേക്കും, വള്ളത്തിൽനിന്ന് യന്ത്രവൽക്കൃത ബോട്ടുകളിലേക്കും യന്ത്രവൽക്കൃത ബോട്ടുകളിൽനിന്ന് ട്രോളറുകളിലേക്കും നാം വളർന്നിട്ടുണ്ട്. കഴിഞ്ഞ മൂന്നരക്കൊല്ലംകൊണ്ട് ഈ രംഗത്ത് വളരെയധികം നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ അറുന്നൂറോളം കിലോമീററർ കടൽക്കരയുടെ ഒരററത്തുനിന്ന് മറേറ അററത്തേക്ക് നേരിട്ടു നടന്നുനോക്കിയാൽ 10 കൊല്ലം അപ്പുറത്ത് കാണാൻ സാധിക്കാതിരുന്ന വളരെയധികം പുരോഗതി കാണാൻ സാധിക്കും. ചെററക്കുടിലുകൾ നിന്നിരുന്ന സ്ഥാനത്ത് ഓടുമേഞ്ഞ വീടുകൾ കാണാൻ സാധിക്കും. രണ്ടായിരത്തോളം യന്ത്രവൽക്കൃതബോട്ടുകൾ കാണാൻസാധിക്കും. ഇങ്ങനെ വളരെയധികം പുരോഗമനം കഴിഞ്ഞ മൂന്നരക്കൊല്ലമായി ഉണ്ടായിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും മൽസ്യബന്ധന രംഗത്ത് രണ്ടുവിഭാഗം ആളുകൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് കടലിലിറങ്ങി മൽസ്യം പിടിക്കുന്ന കുറെ തൊഴിലാളികൾ, മറെറാന്ന് ഇങ്ങനെ പിടിക്കുന്ന മൽസ്യം കൂടകളിലാക്കിവച്ചാൽ കൂടകളിൽ നിന്നുപിടിക്കുന്ന മറെറാരുവർഗ്ഗം. അതായത് ഇടത്തട്ടുകാർ. ഇന്ന് മുതൽ മുടക്കിയിട്ടുള്ള സംഖ്യയുടെ ഗുണാംശം അനുഭവിക്കുന്നത്, 70 ശതമാനവും തട്ടിയെടുത്തിട്ടുള്ളത് ഈ ഇടത്തട്ടുകാരാണ്. കടലിൽ ഇറങ്ങി മൽസ്യം പിടിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ ഇന്നും പഴയ പട്ടിണി കിടക്കുന്ന തൊഴിലാളികൾതന്നെയാണ്. മാററമുണ്ടായി എന്നു പറയുന്നത് ആയിരത്തിലധികം വീടുകൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. അതിനുപുറമെ കടലിൽപോയി അപകടമരണം സംഭവിച്ചാൽ മൂവായിരം ഉറുപ്പിക ഒരു കുടുംബത്തിനു കൊടുക്കുന്നുണ്ട്. കുട്ടികൾക്ക് പഠിക്കാൻ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. അതിൽക്കവിഞ്ഞ് അവന് തൊഴിലാനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം പഴയതിൽനിന്നും വ്യത്യസ്ഥമായി യാതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

Page 39 of 60

ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ല എന്നത് പരമാർത്ഥമാണ്. അതിനുള്ള കാരണം (ഈ രംഗത്തു പ്രവർത്തിക്കുന്ന 2 ലക്ഷത്തോളം കടലിൽ ഇറങ്ങി മൽസ്യം പിടിക്കുന്ന തൊഴിലാളികളുണ്ടെന്നാണ് ഗവൺമെൻറിന്റെ കണക്ക്). ഈ തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം അവർക്കനുകൂലമായ യാതൊരു തൊഴിൽ നിയമങ്ങളും ഈ രാജ്യത്തില്ല. ഇവിടെ കർഷകത്തൊഴിലാളികൾക്ക് നിയമമുണ്ടാക്കി, വ്യവസായത്തൊഴിലാളികൾക്ക് നിയമമുണ്ടാക്കി. അതുകൊണ്ട് ഇവരുടെ ജീവിതത്തിനു പൂർണ്ണമായും മാററം വരുത്താൻ സാധ്യമല്ല. ഈ സമ്പദ്‌വ്യവസ്ഥയിൽ സാധ്യമല്ല. ഈ സങ്കരസമ്പദ്‌വ്യവസ്ഥയിൽ മുതലാളിമാർ കാണും, ഇടത്തട്ടുകാർ കാണും. എങ്കിലും ഈ തൊഴിൽ നിയമങ്ങളുണ്ടാക്കി കുറെക്കൂടി മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും ആനുകൂല്യങ്ങളും ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. സർ, കഴിഞ്ഞ ബഡ്ജററു പ്രസംഗത്തിലും ഞാൻ ഇതിനെക്കുറിച്ച് സംസാരിച്ചിരുന്നു. പക്ഷേ ഇക്കാലമത്രയും അവർക്കുവേണ്ടി ഒരു നിയമമുണ്ടാക്കുവാനുള്ള നീക്കം ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അവർ ഇന്നും അടിമകളാണ്. ഓടത്തിൽ പോയാൽ മൽസ്യം കിട്ടുകയാണെങ്കിൽ അതിന്റെ പത്തിൽ ഒരു ഓഹരിയാണ് അവരുടെ കൂലി. മൽസ്യം കിട്ടിയില്ലെങ്കിൽ അന്നത്തെ ചെലവിനുള്ള പൈസ മുതലാളി കൊടുക്കും. അത് കണക്കിലെഴുതിവയ്ക്കുകയും ചെയ്യും. അങ്ങനെ അവൻ എന്നും അയാൾക്ക് അടിമയാണ്. അവന് ആ മുതലാളിയെ വിട്ട് മററൊരു മുതലാളിയുടെ കീഴിൽ പോകണമെങ്കിൽ ആ മുതലാളിക്ക് കൊടുക്കുവാനുള്ള സംഖ്യ കൊടുക്കണം. അവന്റെ അനുഭവം അടിമത്തമാണ്. മററു യാതൊരാനുകൂല്യങ്ങളുമില്ല. അടുത്ത കാലത്തായി ചികിൽസാസൗകര്യത്തിനായി ഫിഷറീസ് ആശുപത്രികൾ ഉണ്ടായിട്ടുണ്ട്. അല്ലാതെ അടിസ്ഥാനപരമായി കൂടുതൽ ആനുകൂല്യങ്ങൾ നേടിക്കൊടുക്കുവാൻ നിയമമില്ലാത്തതിന്റെ അപര്യാപ്തത എല്ലാ രംഗത്തും കാണാൻ കഴിയും. സർ, അതുകൊണ്ട് ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രിയുടെ കാലഘട്ടത്തിൽത്തന്നെ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു നിയമം ഉണ്ടാക്കണം. അവരെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ ഗവൺമെൻറിനെ മററു വിധത്തിൽ ആശ്രയിക്കാത്ത ആളുകളാണ്. അവർക്കാവശ്യമുള്ള എല്ലാ സാധനങ്ങളും, യന്ത്രവൽകൃതബോട്ടുകൾ കൊടുക്കുന്നതൊഴിച്ച് ബാക്കിയെല്ലാം അവർതന്നെ സമ്പാദിച്ച് കടലിൽ ഇറങ്ങി മൽസ്യം പിടിച്ച് വിദേശനാണ്യവും മററു ഭക്ഷണ സാധനങ്ങളും സമ്പാദിച്ചുതരുന്നവരാണ്. ഒരു തൊഴിൽശാല സ്ഥാപിക്കണമെങ്കിൽ യന്ത്രസാമഗ്രികളും മററു പലതും കൊടുക്കണം. അങ്ങനെ യാതൊന്നും കൊടുക്കാതെ അവനു വേണ്ടതായ വലയും മററെല്ലാ ഉപകരണങ്ങളും അവൻതന്നെ ഉണ്ടാക്കി ഈ രാജ്യത്തിനു സമ്പത്തു നേടിത്തരുന്ന ഒരു വർഗ്ഗമാണ് ഇവർ. ഈ സംസ്ഥാനത്ത് കടലുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർ 20 ലക്ഷം പേരാണുള്ളത്. ജനസംഖ്യയുടെ പത്തിലൊന്നുവരുന്ന ഒരു വിഭാഗം ആളുകളും ഈ തൊഴിലിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. ആ വിഭാഗത്തെ ഗവൺമെൻറ് വേണ്ടത്ര പരിഗണിച്ചിട്ടില്ല. ഈ ബഡ്ജററിൽ രണ്ടരകോടി രൂപയാണ് കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ തുക കൊള്ളിക്കണമെന്നാണ് എനിക്ക് ഇതിനെസംബന്ധിച്ച് പറയാനുള്ളത്.

നാം ഫിഷറീസിന്റെ വികസനത്തിനായി ഒരു മാസ്ററർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആ മാസ്ററർ പ്ലാൻ കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ച് മിക്കവാറും അനുമതി കിട്ടിക്കഴിഞ്ഞു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 310 കോടി രൂപ മൽസ്യബന്ധന രംഗത്ത് ചെലവു ചെയ്ത് വിപുലമായ മാററങ്ങൾ ഉണ്ടാകത്തക്ക വിധത്തിലുള്ള വളരെ ബൃഹത്തായ ഒരു പദ്ധതിയാണിത്. ഇതു പ്രാവർത്തികമാക്കാനുള്ള ശ്രമം ആരംഭിക്കണമെന്നു മാത്രമാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം എനിക്കു പറയാനുണ്ട്. എൻെറ നിയോജകമണ്ഡലം 22 കിലോമീററർ കടലോരമുള്ള ഒരു പ്രദേശമാണ്. രണ്ടുഭാഗത്തായി രണ്ട് അഴിമുഖങ്ങളുണ്ട്. ഒന്ന് എലത്തൂരും മറെറാന്ന് കോട്ടയ്ക്കലുമുള്ള ഇരിങ്ങൽ അഴിമുഖവും. അതിൽ ഒരു അഴിമുഖം വാസ്കോഡിഗാമ ഇറങ്ങിയ സ്ഥലമാണ്. ആദ്യമായി ഒരു വൈദേശികൻ വന്ന സ്ഥലമാണ്. ആ സ്ഥലം ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറ് ഏറെറടുത്തു വികസിപ്പിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വടക്കേ അററത്ത് കുഞ്ഞാലിമരയ്ക്കാൻ പോർട്ടുഗീസുകാരെ ആട്ടിയോടിക്കുവാൻവേണ്ടി അവരോടു സമരം ചെയ്ത കുഞ്ഞാലിമരയ്ക്കാറുടെ ജൻമസ്ഥലമാണ്. അതൊരു പ്രകൃതിദത്തമായ ഹാർബറാണ്. ഈ ഭാഗത്ത് കടൽ ഒരു കിലോമീററോളം ഉള്ളിലോട്ടുതള്ളിക്കിടക്കുന്ന പ്രകൃതിദത്തമായ തുറമുഖമാണ്. 1952-ൽ മലബാർ മദ്രാസിൻെറ ഭാഗമായിരുന്ന സന്ദർഭത്തിൽ അന്ന് അവിടത്തെ എം. എൽ. എ. ആയിരുന്ന ശ്രീ. കുഞ്ഞിരാമക്കുറുപ്പ് അവിടം ഒരു ഫിഷിംഗ് ഹാർബർ ആക്കണമെന്നു നിവേദനം നടത്തി. മദ്രാസ് ഗവൺമെൻറിലെ ഉദ്യോഗസ്ഥൻമാർ വന്നു പരിശോധിച്ചു. തരക്കേടില്ല ഒരു തുറമുഖമായി വികസിപ്പിക്കുവാൻ കൊള്ളാം, വലിയ പണച്ചെലവില്ലാതെ തുറമുഖമാക്കാൻ കഴിയുമെന്നു പറഞ്ഞു. പക്ഷേ കുറുപ്പിനു മറുപടി കിട്ടിയപ്പോൾ 'കാര്യം പരിഗണിച്ചു വരുന്നു' എന്നാണ് പറഞ്ഞിരുന്നത്. ആ പരിഗണന 1957 വരെ തുടർന്നു. 1957-ൽ കുഞ്ഞിരാമക്കുറുപ്പുപോയി പി. എം. കുഞ്ഞിരാമൻനമ്പ്യാർ വന്നു. നമ്പ്യാരും നിവേദനം നടത്തി. കേരളാഗവൺമെൻറിൻെറ ഉദ്യോഗസ്ഥൻമാർ വന്നു, പരിശോധിച്ചു. ഒരു പഴയ നാവികത്താവളമാണ്, കൊള്ളാം എന്നെല്ലാം പറഞ്ഞു റിപ്പോർട്ടു സമർപ്പിച്ചു. നമ്പ്യാർക്കു കിട്ടിയ മറുപടിയും 'പരിഗണിച്ചുവരുന്നു' എന്നുതന്നെയാണ്. അങ്ങനെ ആ പരിഗണന തുടർന്നു. അതേ കുഞ്ഞിരാമൻ നമ്പ്യാർ പിന്നെയും ശ്രമിച്ചു, പിന്നെയും പരിഗണന തുടർന്നു. 1967-ൽ കുഞ്ഞിരാമക്കിടാവു വന്നു, കിടാവും നിവേദനം നടത്തി. കിടാവിനും കിട്ടിയ മറുപടി ഇതുതന്നെയാണ്. 1970-ൽ നായർ വന്നു. നായരും സമർപ്പിച്ചു നിവേദനം. എനിക്കു കിട്ടിയ മറുപടി മേൽപ്പറഞ്ഞ 'പരിഗണന' തന്നെയാണ്. മേൽപ്പറഞ്ഞ കാര്യം സർക്കാരിൻെറ പരിഗണനയിലിരിക്കുകയാണെന്ന വിവരം താങ്കളെ അറിയിച്ചുകൊള്ളുന്നു. എനിക്കു പറയുവാനുള്ളത് ദയവുചെയ്ത് ആദ്യമായി ഈ പരിഗണന അവസാനിപ്പിക്കണമെന്നാണ്. ഞാൻ ഈ പരിഗണനയെപ്പററി അന്വേഷിച്ചു. പരിഗണിച്ചുവരുന്നു, പരിഗണിച്ചുവരുന്നു എന്നു പറഞ്ഞാൽ ഇക്കാര്യം ചെയ്യുന്നതിനെതിരായി സാങ്കേതികമായ കാര്യങ്ങൾ തേടിപ്പിടിച്ച് ഫയലോടു ചേർത്തു തുന്നിപ്പിടിപ്പിക്കുന്നതാണ് 'പരിഗണന' എന്നെനിക്കു മനസ്സിലായി. അതുകൊണ്ട് ഈ പരിഗണന അവസാനിപ്പിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരിട്ടു കണ്ടിട്ടുള്ള ആ സ്ഥലത്ത് ഒരു ഫിഷിംഗ് ഹാർബർ ഉണ്ടാക്കണം. വളരെ ചുരുങ്ങിയ സംഖ്യ ചെലവാക്കിയാൽ മതി, അതുകൊണ്ട് ഇതുവളരെ കാര്യമായി കണക്കിലെടുക്കണം.

കടലാക്രമണ നിവാരണ പ്രവർത്തനങ്ങൾക്കായി കോടിക്കണക്കിന് രൂപ ചെലവാക്കി കടൽഭിത്തി കെട്ടുന്നുണ്ട്. കൊയിലാണ്ടിയിൽ ഒരു ഗവൺമെൻറ് ഐസ് ഫാക്ടറിയുണ്ട്. ഈ ഐസ് പ്ലാൻറിൻെറ മുൻഭാഗത്ത് കടൽ ഭിത്തി കെട്ടിയിട്ടുണ്ട്. ഈ ഐസ് പ്ലാൻറിൻെറ മുൻഭാഗത്ത് ഓടം അടുപ്പിക്കുവാൻ നിവൃത്തിയില്ല. അവിടെ കടൽഭിത്തി അൽപ്പം പൊളിച്ചുകെട്ടണമെന്നു പറഞ്ഞിട്ട് ഇതേവരെ നടന്നിട്ടില്ല. എന്നാൽ തൊട്ടടുത്ത് ഒരു സ്വകാര്യ ഐസ് പ്ലാൻറ് പ്രവർത്തിക്കുന്നുണ്ട്. അവിടെ ഓടം അടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ "ഗവൺമെൻറ് ഐസ് പ്ലാൻറിൻെറ" സ്ഥലത്ത് ഒരു ഗ്യാപ്പ് ഉണ്ടാക്കിക്കൊടുക്കണമെന്നു മൽസ്യത്തൊഴിലാളികൾ നിവേദനം സമർപ്പിച്ചു. എന്നിട്ട് ഒന്നും ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കടലാക്രമണം ഉണ്ടായാൽ അവരുടെ വീടുകളും അവരുണ്ടാക്കിയ വൃക്ഷങ്ങളും എല്ലാം നഷ്ടപ്പെട്ടാൽ അതിന് നഷ്ടപ്രതിഫലം കൊടുക്കുന്ന ഒരു സംപ്രദായമില്ല. ഇതിന് യാതൊരു പ്രതിഫലവും കൊടുക്കുന്ന സംപ്രദായമില്ല. പ്രകൃതി ക്ഷോഭംകൊണ്ട് നഷ്ടമുണ്ടാകുന്ന സ്ഥലങ്ങളിൽ നഷ്ടത്തിനു പ്രതിഫലം കൊടുക്കുവാനുള്ള സൗകര്യമുണ്ടാക്കണം. എനിക്ക് ഒന്നുകൂടി ആവർത്തിച്ചു പറയാനുള്ളത് ഈ രാജ്യത്ത് സമ്പത്ത് നേടിത്തരുന്ന, ക്ഷണവിഭവങ്ങൾ നേടിത്തരുന്ന ഈ വിഭാഗത്തിനുവേണ്ടി ഈ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ ത്തന്നെ ഒരു ക്ഷേമനിധിയും ഒരു തൊഴിൽനിയമവും ഉണ്ടാക്കണമെന്നാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. കുഞ്ഞൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഭരണപക്ഷത്തു നിന്നു സംസാരിച്ച മെമ്പറൻമാരിൽ ശ്രീ. കെ. കെ. ബാലകൃഷ്ണൻ ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഹരിജനോദ്ധാരണത്തിനു കടകവിരുദ്ധമായി പ്രവർത്തിക്കുന്നത് ഉദ്യോഗസ്ഥ മേധാവികളാണെന്നും അത് അവസാനിപ്പിക്കണമെന്നും അദ്ദേഹം ഗവൺമെൻറിനോടഭ്യർത്ഥിച്ചു. സർ, ഞാൻ ഒരു കാര്യം ചോദിക്കുകയാണ്. സ്വാതന്ത്ര്യം കിട്ടി 26 കൊല്ലം കഴിഞ്ഞിട്ടും ഈ രാജ്യത്തിലെ ഉദ്യോഗസ്ഥ മേധാവികളിൽ അതേ സ്വഭാവം ഈ രാജ്യത്തു വച്ചുപൊറുപ്പിക്കുവാൻ അവർ ചെയ്യുന്ന അഴിമതികൾക്കു താങ്ങും തണലുമായി നിൽക്കുവാൻ ഈ സർക്കാർ തയ്യാറായാൽ ഈ സർക്കാരിനെ നിലനിർത്താൻ പരിശ്രമിക്കുന്ന ശ്രീ. കെ. കെ. ബാലകൃഷ്ണനും അനുയായികളുമാണ് ഈ രാജ്യത്തെ ഹരിജനോദ്ധാരണത്തിനു എതിരായിട്ടുള്ളതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹം രണ്ടാമതുപറഞ്ഞത്, മാർക്സിസ്ററുപാർട്ടി ഹരിജനങ്ങളെ മർദ്ദിക്കുന്നു, പോലീസ് അന്വേഷിക്കുന്നില്ല എന്നാണ്. സർ, ഞാൻ കേരളത്തിലെ കാര്യം പറയുന്നതിനുമുൻപ് മററുചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നു. ഇപ്പോൾ ശ്രീ. ബാലകൃഷ്ണൻ ഇവിടെയില്ല. ഈ രാജ്യത്ത് ഹരിജനോദ്ധാരണത്തിൻെറ പ്രധാനഭാഗമാണ് സാമൂഹ്യപ്രവർത്തനം. ഈ രാജ്യത്ത് അയിത്തം നിരോധിച്ചുകൊണ്ട് നിയമം പാസ്സാക്കി 20 കൊല്ലം കഴിഞ്ഞിരിക്കുകയാണ്. ഇന്നും നമ്മുടെ ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളിലും അയിത്തം നിലനിൽക്കുന്നു എന്നു ശ്രീ. ബാലകൃഷ്ണനടക്കം ബോധ്യമുള്ളതാണ്. കഴിഞ്ഞ നിയമസഭാ കമ്മിററി മററു സംസ്ഥാനങ്ങൾ സന്ദർശിച്ചപ്പോൾ നമ്മുടെ ഏററവും അയൽ പ്രദേശമായ മൈസൂറിൽ ചെന്നപ്പോൾ, ഇന്ദിരാഗാന്ധിയുടെ ശിഷ്യൻമാർ ഭരിക്കുന്ന അവിടത്തെ, നിയമസഭാകമ്മിററി പറഞ്ഞു, ഞങ്ങൾക്കു വെളിയിൽ നടക്കാൻപോലും സാധിക്കുന്നില്ല, കല്യാണം കഴിച്ച് വഴിയിൽകൂടി കൊണ്ടുപോകാൻ സാധിക്കുന്നില്ല എന്ന്.

കുട്ടികൾക്ക് പൊതു കിണറുകളിൽനിന്ന് വെള്ളംകോരാൻ പററുകയില്ല. ഗവൺമെൻറ് നടത്തുന്ന സ്ക്കൂളുകളിൽ ബക്കററെടുത്തു വെള്ളമെടുക്കാൻ നിവൃത്തിയില്ല. അതു മാത്രമല്ല സർ, സർവ്വീസ് കമ്മിഷൻെറ ഓപ്പൺ കാമ്പിറേറഷനിൽ ഹരിജൻ കുട്ടികൾക്ക് ഇരിക്കാൻ പാടില്ല. ഇതൊക്കെയാണ് അവർ പറഞ്ഞത്. പൊതുവഴിയിലൂടെ നടക്കുന്ന ഹരിജനങ്ങളെ മർദ്ദിക്കുന്നു. ശ്രീമാൻ കെ. കെ. ബാലകൃഷ്ണന് എന്തു പറയാനുണ്ട്, അദ്ദേഹത്തിൻെറ പാർട്ടിക്കാർക്ക് എന്തു പറയാനുണ്ട്. ഈ പറഞ്ഞതു തെററാണെങ്കിൽ ആ റിപ്പോർട്ടു വായിച്ചുനോക്കിയാൽ അറിയാം. അങ്ങനെ ഹരിജനങ്ങൾക്ക് വഴിയിലൂടെ നടക്കാൻപോലും അനുവദിക്കാതെ ഭരിക്കുന്ന കോൺഗ്രസ്സാണ് ഇവിടെയും ഭരിക്കുന്നതെങ്കിൽ ഈ സംസ്ഥാനത്തും മറെറന്താണ് നടക്കുക.



LIBRARY ARCHIVES Kerala Legislative Assembly

Page 42 of 60

യു. പി. യിൽ എന്താണു നടന്നത്, ആന്ധ്രയിൽ എന്താണു നടന്നത്? ആന്ധ്രയിൽ ഒരു ഹരിജൻ ബാലനെ സ്പിരിറ്റൊഴിച്ചു കത്തിച്ചകാര്യം പാർലമെന്റിൽ ചർച്ചയ്ക്കു വന്നപ്പോൾ ശ്രീമാൻ ബാലകൃഷ്ണന് ആയതിനെ സംബന്ധിച്ചു ഒന്നും പറയാനില്ല. യാതൊരു ഖേദവുമില്ല. ഡൽഹിയിൽ ഒരു ഹരിജൻ സ്ത്രീയെ ബലാൽസംഗംചെയ്തു കൊന്ന സംഭവം പാർലമെന്റിൽ ചർച്ചയ്ക്കു വന്നപ്പോഴും ശ്രീമാൻ ബാലകൃഷ്ണന് അതിനെപ്പററി ഇവിടെ ഒന്നും പറയാനില്ലായിരുന്നു. അദ്ദേഹത്തിന് പറയാൻ പററുകയില്ല. കാരണം, അതാണ് കോൺഗ്രസ്സിന്റെ നയം. ഈ രാജ്യത്തെ ഹരിജനങ്ങളെ മർദ്ദിച്ചൊതുക്കി, ഈ രാജ്യത്തെ അധ്വാനിക്കുന്ന ജനങ്ങളെ മുതലാളിത്തത്തിന്റെ ഉയർച്ചയ്ക്കും സുഖത്തിനുമുള്ള ചട്ടുകമാക്കി മാററുകയെന്നുള്ള നയമാണ് ഈ രാജ്യത്തെ കോൺഗ്രസ്സു ഗവൺമെന്റുകൾ തുടർന്നുവരുന്നത്. അയിത്തം ഈ രാജ്യത്തുനിന്നും മാററാൻ കഴിഞ്ഞെന്ന് കോൺഗ്രസ്സിനോ ബഹുമാനപ്പെട്ട മന്ത്രിക്കോ പറയാൻ സാധിക്കുമോ? അയിത്തം മാറിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കു പറയാൻ സാധിക്കുകയില്ല. നിങ്ങളുടെ നേതാവായ ജഗജ്ജീവൻ റാമിന്റെ നാട്ടിൽ എന്താണ് നടക്കുന്നത്. അവിടെ ഹരിജനങ്ങൾക്കു വഴിനടക്കാൻ പററുമോ? അയിത്തം മാററാൻ സാധിച്ചെന്നു പറയാൻ പററുമോ? എന്നാൽ കേരളത്തിൽ കുറച്ചു മാററം വന്നിട്ടുണ്ടെന്നു സമ്മതിക്കുന്നു. അത് കോൺഗ്രസ്സിന്റെ പ്രവർത്തനംകൊണ്ടല്ല, കോൺഗ്രസ്സിന്റെ ഹരിജൻ പ്രേമംകൊണ്ടല്ല. ഈ രാജ്യത്തെ സംഘടിത തൊഴിലാളിവർഗ്ഗം ഈ രാജ്യത്തെ മുതലാളിത്തത്തിനും ജൻമിത്തത്തിനും അനീതിക്കും എതിരായി നടത്തിയ നിരന്തരമായ സമരത്തിന്റെ ഫലമായിട്ടാണ് ഈ മാററം ഉണ്ടായത്. അതു കോൺഗ്രസ്സിന്റെ നേട്ടമല്ല. അത്തരം സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻപോലും കോൺഗ്രസ്സു പ്രമാണിമാർ പരിശ്രമിച്ചിട്ടുണ്ട്. കാസർകോട്ടു അയിത്തമുണ്ട്. ശ്രീമാൻ കെ. കെ. ബാലകൃഷ്ണന്റെ മുഖത്തു നോക്കിക്കൊണ്ട് കെ. പി. സി. സി. സെക്രട്ടറിമാരിൽ ഒരാൾ തന്റെ നാട്ടിൽ ഹരിജനങ്ങൾക്ക് വെള്ളം ചിരട്ടയിലാണ് കൊടുക്കുന്നതെന്നു പറഞ്ഞു. ഇപ്പോൾ പറയുന്നത് ഈ അയിത്തം മാററുന്നതിന് ഒരു പബ്ലിസിററി വിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്നാണ്. അവർ എന്താണു ചെയ്യുന്നതെന്നറിയാമോ സിനിമാ കാണിക്കലാണ്. ഇതുകൊണ്ട് അയിത്തം മാററാൻ കഴിയുമോ? സർ, കാസർകോട്ടു മാത്രമല്ല, നെടുമങ്ങാട്ടു താലൂക്കിലും അയിത്തമുണ്ട്. അതുമാററാൻ നിങ്ങൾക്കു സാധിച്ചിട്ടുണ്ടോ? അങ്ങനെ ഈ സംസ്ഥാനത്ത് അയിത്തംപോലും തുടച്ചുനീക്കാൻ നിങ്ങൾക്കു സാധിച്ചിട്ടില്ല. ഈ രാജ്യത്ത് നായരെന്നോ നമ്പൂരിയെന്നോ ഹരിജനെന്നോ വ്യത്യാസമില്ലാതെ ജീവിക്കാൻ പററുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടി സംഘടിതമായ സമരം നടന്നു. അതിന്റെ ഫലമായി കുറെ മാററം വന്നിട്ടുണ്ട്.

സർ, വിദ്യാഭ്യാസത്തിന്റെകാര്യം പറയുകയാണെങ്കിൽ ഇവിടെ കുറെ ഹോസ്ററലുകളുണ്ട്. അതുപോലെതന്നെ കുറെ കോസ്മോപൊളിററൻ ഹോസ്ററലുകളുമുണ്ട്. തിരുവനന്തപുരത്ത് ഹരിജൻ വെൽഫെയർ ഡയറക്ടറുടെ മൂക്കിനുമുമ്പിൽതന്നെ മൂന്നു കോസ്മോപൊളിററൻ ഹോസ്ററലുകൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനത്തെസംബന്ധിച്ച്, ഒരു ആഡിററു നടത്തുകയാണെങ്കിൽ പല കള്ളികളും പുറത്തുകൊണ്ടുവരാൻ സാധിക്കും. പതിനായിരക്കണക്കിന് രൂപാ നിശ്ചയിച്ചതിൽ കൂടുതൽ ചെലവാക്കിയിട്ടുണ്ട്. അതുപോലെതന്നെ ഹോസ്ററലുകളുടെയും സ്ഥിതി ഇതാണ്. ഈ ഹോസ്ററലിലെ ജീവനക്കാർക്ക് വേണ്ടത്ര ശമ്പളം കൊടുക്കുന്നില്ല, ജോലിസ്ഥിരതയില്ല. മാസം 25 രൂപയാണു അവർക്കു കൊടുത്തിരുന്നത്. 25 രൂപാവാങ്ങി ജീവിച്ചുകൊള്ളണം. അനുവദിച്ച സംഖ്യ ഏതുവിധത്തിൽ ചെലവാക്കണം, എങ്ങനെ ചെലവാക്കണം എന്നുള്ളതിനെ സംബന്ധിച്ച്

Page 43 of 60

യാതൊരു കഴ്ചപ്പാടുമില്ല. അങ്ങനെ വിദ്യാഭ്യാസത്തിന്റെ പേരിൽ കണ്ടമാനം പണം ചെലവാക്കുകയാണ്. അതുകൊണ്ട് ഇതിനെപ്പററി പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

വീടുകളുടെ കാര്യം പറയുകയാണെങ്കിൽ ഹരിജനങ്ങൾക്ക് വീടുകൊടുക്കുന്നുവെന്നാണ് പറയുന്നത്. എല്ലാ ഹരിജനങ്ങൾക്കും വീട്. ഇപ്പോൾ പറയുകയാണ് ഓടിട്ട വീടുകൾ എന്ന്. സർ, കൊടുത്ത ഓടിട്ട വീടുകളുടെ ചരിത്രത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഹരിജനങ്ങൾക്കു വീടു കൊടുക്കുന്നു എന്നു പറയുമ്പോൾ എന്താണു ഇവർ ചെയ്യുന്നത്? ഇന്നുള്ള കുടിയിരുപ്പുകളെങ്കിലും നിലനിറുത്താൻ അനുവദിച്ചാൽ മതിയായിരുന്നു. ജൻമിമാർ കുടിലുകൾ ഒഴിപ്പിക്കുകയാണ്. അങ്ങനെ ഒഴിപ്പിക്കാൻ സാധിക്കാതെ വരികയാണെങ്കിൽ തീവയ്ക്കുന്നു. നെയ്യാററിൻകര താലൂക്കിലെ അതിയന്നൂർ പഞ്ചായത്തിൽ മൂന്നു ഹരിജനങ്ങളെ ഒഴിപ്പിക്കാൻ സാധിക്കാത്തതിന്റെ പേരിൽ ആ വീടുകൾ തീവച്ചു നശിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രിക്കു നിവേദനം സമർപ്പിച്ചു, പോലീസ് ഉദ്യോഗസ്ഥൻമാർക്ക് നിവേദനം സമർപ്പിച്ചു, ഐ. ജി. ക്ക് നിവേദനം സമർപ്പിച്ചു ഒരു നടപടിയും ഉണ്ടായില്ല. കാരണം, ഈ ജൻമിമാർ കോൺഗ്രസ്സുകാരാണ്. അവർക്ക് ഹരിജനങ്ങളുടെ വീടുകൾ ഒഴിപ്പിക്കണം. ഒഴിപ്പിക്കുന്നതിനെ സംഘടിത തൊഴിലാളിവർഗ്ഗം എതിർത്തു. എതിർത്തപ്പോൾ തീവച്ചു നശിപ്പിച്ചു. നടപടിയൊന്നും എടുത്തില്ല. ഇവിടെ ലക്ഷംവീടിന്റെ കാര്യം പറഞ്ഞുനടക്കുന്നല്ലോ. ഈ ഹരിജനങ്ങൾക്ക് മിച്ചഭൂമി പതിച്ചു കൊടുക്കണം. ഹരിജനങ്ങൾക്ക് ആവശ്യമായിട്ടുള്ളത് അധ്വാനിക്കാൻ ഭൂമിയും അധ്വാനത്തിനുള്ള മതിയായ കൂലിയുമാണ്. അധ്വാനിക്കാൻ കഴിവുള്ളവരാണ്, അധ്വാനിക്കാൻ ശേഷിയുള്ളവരാണ്. അവർക്ക് ഭൂമികൊടുക്കാൻ തയാറാണോ ? ന്യായമായ കൂലിയും കൊടുക്കണം. കൂലി കൊടുക്കണമെന്നു പറയുമ്പോൾ രാഷ്ട്രീയമായി.

സർ, ഈ രാജ്യത്തെ കർഷകത്തൊഴിലാളികളിൽ നല്ലൊരുശതമാനം ഹരിജനങ്ങളാണ്. ഹരിജനങ്ങൾ ജൻമിമാർക്ക് അടിമപ്പണി ചെയ്യുന്നവരായിരുന്നു. അവർ സംഘടിച്ച് ജീവിക്കാൻ ആവശ്യമായ കൂലി ആവശ്യപ്പെട്ടു. എന്നിട്ട് എന്താണ് പാലക്കാടു ജില്ലയിൽ ഉണ്ടായത് ? ഐ. എൻ. ടി. യു. സി. പ്രവർത്തകൻമാരും ചിററൂരിൽവച്ച് കൂലി കൂട്ടിക്കിട്ടണമെന്ന ഡിമാൻഡിൽ ഒപ്പുവച്ചു. പക്ഷെ, അവിടത്തെ മുതലാളിമാർ കണ്ണ് ഉരുട്ടിക്കാണിച്ചപ്പോൾ അവർ സമരത്തിൽനിന്നും പിൻമാറുകയും പോലീസിനെക്കൊണ്ട് തൊഴിലാളികളെ മർദ്ദിപ്പിക്കുകയും ചെയ്തു.

സർ, ഹരിജൻ ഉദ്യോഗസ്ഥൻമാർ വന്നാൽ ഈ രാജ്യത്തെ ഹരിജനങ്ങൾക്ക് രക്ഷകിട്ടുമെന്നാണ് പറയുന്നത്. അങ്ങനെവരണ്ട എന്ന അർത്ഥത്തിലല്ല ഞാൻ പറയുന്നത്. ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ ഒരു ഹരിജൻ ഉദ്യോഗസ്ഥനായി വന്നതുകൊണ്ട് യാതൊന്നും നടക്കാൻ പോകുന്നില്ല. നമ്മുടെ ഐ. ജി. ഒരു ഹരിജനാണെന്നാണ് എന്റെ ഓർമ്മ. അദ്ദേഹം ഒരു ഹരിജനാണെങ്കിൽ പാലക്കാട്ട് ഒരു ഹരിജൻ സ്ത്രീയുടെ മാറിൽപിടിച്ചു വലിച്ച അവസരത്തിൽ എന്തുകൊണ്ട് ആ ഹരിജൻപ്രേമം ഉണ്ടായില്ല. പാലക്കാടു ജില്ലയെസംബന്ധിച്ചിടത്തോളം ഹരിജൻ ഉദ്യോഗസ്ഥൻമാരും ഹരിജനങ്ങളെ മർദ്ദിക്കുകയാണ്. അതാണ് ഈ രാജ്യത്ത് നടക്കുന്നത്.

സർ, കൈത്തൊഴിൽ എന്നു പറഞ്ഞാൽ എന്താണ് ? കുട്ടനെയ്ത്തും പായ്നെയ്ത്തും. 25 രൂപ. പായ്നെയ്ത്ത്, ഗ്രാൻറുകൊടുക്കുന്ന ഇവിടെ 95 കൈത്തൊഴിൽ കേന്ദ്രങ്ങളുണ്ട്. അതിൽ 16 എണ്ണം ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെൻററാണ്. അവിടെ കുറെ കുട്ടികളും പഠിക്കുന്നുണ്ട്. പക്ഷെ, ഈ പഠിക്കുന്ന കുട്ടികൾക്ക് തൊഴിൽ കിട്ടാനുള്ള സാധ്യതയുണ്ടോ ? ഇല്ല. അതിനുള്ള യാതൊരു ബാദ്ധ്യതയും സർക്കാരിനില്ല. അങ്ങനെയും കുറെ പണം ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്ത് ചെലവാക്കുന്നുണ്ട്. പണ്ടുകാലത്ത് ഈ രാജ്യത്ത് തമ്പുരാക്കൻമാർ പഴയതും കഞ്ഞിയും കൊടുത്ത് ഹരിജനങ്ങളെ വശീകരിച്ചിരുന്നു. അതു പോലെ ഈ രാജ്യത്തെ ഹരിജനങ്ങളെ പിച്ചകൊടുത്തു വശീകരിക്കാമെന്നു വിചാരിക്കുകയാണെങ്കിൽ അതു നടക്കുകയില്ല. അങ്ങനെ വശീകരിക്കുന്നതിനുള്ള പരിശ്രമമാണ് വടക്കേ ഇൻഡ്യയിൽ നടക്കുന്നത്. അതിനെതിരായി ബോംബെയിലും യൂ. പി. യിലും സമരങ്ങൾ നടന്നു. അടിച്ചമർത്താൻ ഗവൺമെൻറു പരിശ്രമിച്ചു. പക്ഷെ അവരെ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്ന് തെളിഞ്ഞു.

സർ, ട്രൈബ്സിനെസംബന്ധിച്ചു പറയുകയാണെങ്കിൽ അവരുടെ കൈവശം ഇപ്പോൾ ഭൂമിയില്ല. അവരുടെ ഭൂമി മററുള്ളവർ തട്ടിയെടുക്കുന്നു. അങ്ങനെ തട്ടിയെടുക്കുന്നതുസംബന്ധിച്ച് വളരെയധികം ആക്ഷേപങ്ങൾ വന്നു. അതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചില്ല. അതിൻെറ ഫലമായി ഇന്ന് അവരുടെ കയ്യിൽ ഭൂമിയില്ല. വിദ്യാഭ്യാസം കിട്ടാനുള്ള സൗകര്യവും ഇല്ല.

സർ, ബഹുമാനപ്പെട്ട മന്ത്രി അട്ടപ്പാടിയിൽ ഒരു ആഘോഷത്തിനു പോയി. ആനയും അമ്പാരിയുമൊക്കെ ഉണ്ടായിരുന്നു മേളയിൽ. ആ മേളയിൽ ഒരു കണക്കുവച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്കു കൊടുത്തതാണ്. അതിൻെറ കോപ്പിയാണ് ഞങ്ങൾക്കും തന്നത്. അതിൽ പറയുന്നത് 10 ലക്ഷം രൂപ ട്രൈബൽ ബ്ലോക്കിനുവേണ്ടി നീക്കിവച്ചിരിക്കുന്നു എന്നാണ്. അതു ചെലവഴിച്ച കണക്കുമുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതു വായിക്കുന്നില്ല. ശ്രീമാൻ കെ. കെ. ബാലകൃഷ്ണൻ ബി. ഡി. ഒ.-യോടു ചോദിച്ചു ഈ സംഖ്യയെല്ലാം എങ്ങനെ ചെലവഴിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന്. അപ്പോൾ പറഞ്ഞത് അങ്ങനെ യാതൊരു തീരുമാനവുമില്ല, 4,80,000 രൂപ സാമ്പത്തിക വികസനത്തിനുവേണ്ടി ചെലവഴിക്കണമെന്നു പറഞ്ഞിട്ടുണ്ട്; ഞങ്ങൾ നാലു എഡ്യൂക്കേഷണൽ ടൂർ നടത്തി എന്നാണ് ബി. ഡി. ഒ. മറുപടി പറഞ്ഞത്. മന്ത്രി പോയതിൻെറ പിറേറദിവസമാണ് ഞങ്ങൾ പോയത്. സർ, വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിച്ച സംഖ്യ പറഞ്ഞിരിക്കുന്നത് 1041 രൂപ 10 സ്കൂളിനു ചെലവഴിച്ചു. പുറമെ ഫർണിച്ചർ രണ്ടു സ്കൂളിനു വാങ്ങിയത് 4944 രൂപ എന്നാണ്. ഇത് ഏതാണീ സ്കൂൾ എന്നറിയാമോ? എഡ്യൂക്കേഷൻെറ കീഴിലുള്ള സ്കൂൾ. ആ സ്കൂളിനുവേണ്ടി എങ്ങനെയാണ് ഈ പൈസ ചെലവഴിക്കുന്നത് എന്നു ചോദിച്ചതിന് മറുപടി പറയാനില്ല. ഞങ്ങൾ ബഡ്ജററ് തയ്യാറാക്കും, ആദിവാസികളുടെയിടയിൽവച്ച് അതു പാസാക്കും, ഗവൺമെൻറിലേക്ക് അയയ്ക്കും എന്നാണ് ഭാരവാഹികൾ പറഞ്ഞത്. അവിടത്തെ യു. ഡി. ക്ലാർക്കാണ് ഇതെല്ലാം തയ്യാറാക്കുന്നത്. ഈ കണക്കൊന്നു പരിശോധിക്കാൻ ഇവിടെ ഉദ്യോഗസ്ഥൻമാരുണ്ടോ? സർ, ഏരിയാ ഡവലപ്പ്മെൻറ് സ്പെഷ്യലാഫീസർ എന്ന പോസ്ററുണ്ടാക്കി. 700-1000 ആണ് ശമ്പളസ്കെയിൽ. പാവപ്പെട്ട ജനങ്ങളെ ഇങ്ങനെ ചൂഷണം ചെയ്തുകൊണ്ട് എന്തു ധിക്കാരവും കാണിക്കുന്ന ഈ ഉദ്യോഗസ്ഥൻമാരെ പിടിച്ചുകെട്ടാൻ സാധ്യമല്ലെങ്കിൽ പിന്നെ എന്തിനാണ് ഈ ഡിപ്പാർട്ടുമെൻറ് പ്രവർത്തിക്കുന്നത്? സർ, അതുപോലെതന്നെ ബാലവാടി എന്നു പറഞ്ഞ് ചില സ്ഥാപനങ്ങൾ അട്ടപ്പാടിയിൽ നടത്തുന്നുണ്ട്. അതൊന്നും പ്രവർത്തിക്കുന്നില്ല. ഒന്നു പ്രവർത്തിക്കുന്നതുതന്നെ കോൺവെൻറാണ് നടത്തുന്നത്. അതും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതിനുപുറമേ ട്രൈബ്സിനുവേണ്ടി കോപ്പറേററീവ് സൊസൈററികളുണ്ട്. അതിൽ ആകെയുള്ള മെംബർമാർ 198. അതിൽ ട്രൈബ്സ് 69 എണ്ണമേ ഉള്ളു. നിയമാനുസരണമാണെങ്കിൽ അഞ്ചു ശതമാനം മാത്രമേ പുറത്തുള്ളവരെ എടുക്കാൻ പാടുള്ളു. അങ്ങനെ, ആ പണം മുഴുവൻ നോൺ ഹരിജൻസിനുവേണ്ടി ചെലവഴിക്കുകയാണ്. സർ, ഡയറക്ടറേററി

LIBRARY ARCHIVES Kerala Legislative Assembly

Page 45 of 60

ലുള്ള ആളുകൾക്ക് എന്താണ് ജോലി ? ഡയറക്ടറുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഹൗസിംഗ് സ്കീം, കോവാപ്പറേറ്റീവ് സൊസൈററി, എഡ്യൂക്കേഷൻ മുതലായ കാര്യങ്ങളെല്ലാം ഇപ്പോൾ അതതു ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുത്തിരിക്കുകയാണ്. എഡ്യൂക്കേഷൻ, എഡ്യൂക്കേഷൻെറ കീഴിലാണ് കോവാപ്പറേറ്റീവ് സൊസൈററികൾ കോവാപ്പറേഷൻെറ കീഴിലാണ്. ഹൗസിംഗാണെങ്കിൽ ബ്ലോക്ക് ആണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഹരിജൻ കുട്ടികൾക്ക് ലംപ്സം ഗ്രാൻറ് കൊടുക്കുന്ന ഒരു ജോലിയേ ഇവർക്കുള്ളു. ഈ ജോലിമാത്രം വച്ചുകൊണ്ട് അവർക്ക് ഉദ്യോഗക്കയററം കിട്ടാൻവേണ്ടി ആ ഡയറക്ടറേററ് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ ഡയറക്ടറേററ പൊളിച്ചുമാററണം. ആ ഉദ്യോഗസ്ഥമേധാവികളെ പ ടിച്ചുമാററണം.

സർ, അതുപോലെ പബ്ലിസിററി വിംഗ്. പബ്ലിസിററി വിംഗ് പബ്ലിക് റിലേഷൻസിൻെറ കീഴിൽ കൊണ്ടുവന്നിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാരുടെ ഗ്രഡേഷൻ ലിസ്ററ് തയ്യാറാക്കിയിട്ടില്ല. രണ്ടു ലേഡി ആഫീസേഴ്സ് ഉണ്ട്. ഇതുവരെ അവരുടെ സീനിയോറിട്ടി ഫിക്സ് ചെയ്തിട്ടില്ല. അവർ ആദ്യം മുതലേ ഉണ്ടായിരുന്നവരാണ്. കേരള സ്റേററ് വന്നപ്പോൾ അവരുടെ സർവ്വീസ് എവിടെയും കാണാനില്ല. അവരെ തരംതാഴ്ത്തിയിരിക്കുകയാണ്. പാവപ്പെട്ട ഹരിജനങ്ങൾക്കുള്ള ഉദ്യോഗക്കയററം തടയാനും അവർക്ക് ഏതെങ്കിലും പോസ്ററ് കിട്ടാനുണ്ടെങ്കിൽ അതു നശിപ്പിക്കാനുമാണ് ഡയറക്ടറേററ് ശ്രമിക്കുന്നത്. ഇങ്ങനെ എന്തും ചെയ്യാമെന്ന വിചാരത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് താങ്ങും തണലുമായി നിൽക്കുന്നത് ഈ സർക്കാർ തന്നെയാണ് ; അവരെമാത്രം കുററം പറഞ്ഞിട്ടു കാര്യമില്ല. മുതലാളിത്തം വളർന്നുകാണണമെന്ന ആഗ്രഹത്തോടുകൂടി കേന്ദ്രഗവൺമെൻറ് പ്രവർത്തിക്കുമ്പോൾ ആ ആഗ്രഹം സാധിക്കണമെങ്കിൽ പാവപ്പെട്ട ജനങ്ങളെ ചൂഷണം ചെയ്യണം. ചൂഷണം ചെയ്തില്ലെങ്കിൽ അവർക്ക് ഈ രാജ്യത്തു വളരാനാവില്ല. ഈ ഗവൺമെൻറിന് ഈ രാജ്യത്തെ പാവപ്പെട്ടവൻെറ ഉദ്ധാരണത്തിനുവേണ്ടി ഇതിൽക്കവിഞ്ഞ് യാതൊന്നും ചെയ്യുകയില്ലെന്ന് ഉറച്ചു വിശ്വസിക്കുന്നവനാണ് ഞാൻ. ഈ അവസ്ഥയ്ക്ക് മാററം വരുത്തണം. മാററം വരുത്തുന്നതിനുവേണ്ടി കൊടി പിടിക്കാൻ ബഹുമാനപ്പെട്ട കെ. കെ. ബാലകൃഷ്ണനും കാളാശ്ശേരി ദാമോദരനുമെല്ലാം ഒരുങ്ങിയിരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കി വടക്കൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരുതരത്തിൽ പറഞ്ഞാൽ ഫിഷറീസ് വകുപ്പ് ബൈബിളിലെ മുടിയനായ പുത്രൻെറ അനുഭവമാണ്. സ്വന്തക്കാർക്കും ഇഷ്ടജനങ്ങൾക്കും വേണ്ടി പണം വാരിക്കോരിക്കൊടുക്കുന്ന ഉത്തരവാദിത്വമില്ലാത്ത ഒരു മന്ത്രിയുടെ കീഴിൽ ആ വകുപ്പ് ചൂതാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. സർ, എൻെറ ബഹുമാന്യസ്നേഹിതൻ വി. കെ. ഗോപിനാഥൻ പറഞ്ഞതുപോലെ എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട വെണ്ടയനാട് ദേശത്ത് ഒരു മൽസ്യത്തൊഴിലാളി സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. ഈ സംഘത്തിൽ നടന്നുകൊണ്ടിരിക്കുന്ന തീവെട്ടിക്കൊള്ളയെപ്പററി തൃശ്ശൂർ ഡി. ഡി. സി. ഔദ്യോഗികമായി അന്വേഷിച്ച് ഒരു അനുമാനത്തിലെത്തുകയും ആ സംഘത്തിൻെറ പ്രവർത്തനം നിശ്ചലമാക്കാനുള്ള അടിയന്തിരനടപടിയെടുക്കണമെന്ന് ജില്ലാ കളക്ടറെയും ഗവൺമെൻറിനെയും അറിയിക്കുകയും ചെയ്തു. എന്നിട്ട് മാസങ്ങൾ നാലഞ്ചു കഴിഞ്ഞു. പക്ഷേ എന്തുണ്ടായി ? വേണ്ടപ്പെട്ട ആളുകൾ നടത്തുന്ന തീവെട്ടിക്കൊള്ള കണ്ടില്ലെന്നു നടിക്കുന്നത് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു മന്ത്രിക്കു ഭൂഷണമാണോ ? ഒന്നര ലക്ഷം രൂപയാണ് തീവെട്ടിക്കൊള്ള നടത്തിയത്. അവിടത്തെ ഒരു ഹൈസ്കൂൾ മാനേജരും അവിടത്തെ ജീവനക്കാരുംകൂടി പടച്ചുണ്ടാക്കിയ ഒരു സഹകരണസംഘമാണത്. യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly.

Page 46 of 60

മൽസ്യത്തൊഴിലാളികളാരുംതന്നെ അതിൽ ഇല്ല. രണ്ടു ബോട്ടുകളും ഗവൺമെൻറിൽനിന്നു കടം വാങ്ങിയ ലക്ഷക്കണക്കിനു രൂപയും അതുപോലെതന്നെ മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള നൈലോൺ നൂൽ വിററ കാശുമെല്ലാം എടുത്ത് ഇത് ഒരു വലിയ തസ്ക്കരസംഘമായി മാറിയിരിക്കുകയാണ്. ഇതെല്ലാം ശ്രദ്ധയിൽപ്പെടുത്തിയിട്ടും അന്വേഷിക്കുകയില്ലെന്നു വന്നാൽ അതിൽപ്പരം നീതികേടുണ്ടോ ? ഈ സംഘം പുനഃസംഘടിപ്പിച്ചില്ലെങ്കിൽ മിതമായ ഭാഷയിൽ പറഞ്ഞാൽ ഇത് നഹിയാകാൻ പോകുകയാണ് എന്ന് വളരെ സങ്കടത്തോടുകൂടി വേദനയോടുകൂടി ഞാൻ പറയുകയാണ്.

സർ, ബഹുമാനപ്പെട്ട ഹരിജനക്ഷേമമന്ത്രിയുടെ ശ്രദ്ധയിൽ ഒന്നുരണ്ടു കാര്യങ്ങൾ പെടുത്തിയിട്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഈ കഴിഞ്ഞ 20-ാം തീയതി ഗുരുവായൂർ പോലീസ് സ്റേറഷൻ അതിർത്തിയിൽപ്പെട്ട കരുവൂർ പഞ്ചായത്തിൽ രാമൻ എന്ന 22 കാരനായ ഒരു ഹരിജൻ യുവാവിനെ ചില തസ്ക്കരൻമാർ തല്ലിക്കൊന്ന് പ്ലാവിൽ കെട്ടിത്തൂക്കി. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് അവിടത്തെ ആളുകൾ വളരെ ശക്തിയായ പ്രക്ഷോഭണം ആരംഭിച്ചിരിക്കുകയാണ്. ആക്കാര്യം ഞാൻ ബഹുമാനപ്പെട്ട ഹോം മിനിസ്ററെ അറിയിച്ചു. പക്ഷേ ഈ നിമിഷംവരെയും അതെപ്പററി യാതൊരു നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറായിട്ടില്ല. ഹരിജനക്ഷേമമന്ത്രി യെന്നുള്ള നിലയിൽ വെള്ളഈച്ചരനെങ്കിലും തൻെറ സഹോദരങ്ങൾ ഇങ്ങനെ പട്ടാപ്പകൽ കൊലചെയ്യപ്പെടുന്നതിനെപ്പററി അൽപ്പമൊന്നു ശ്രദ്ധിച്ചാൽ ഉപകാരമായിരുന്നു എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. കുട്ടപ്പൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നഗരവികസനത്തെസംബന്ധിച്ച ഡിമാൻഡുകൂടിയുള്ളതുകൊണ്ട് ഒരു പ്രത്യേകകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. കേരളത്തിലെ കോർപ്പറേഷനുകളായ തിരുവനന്തപുരവും എറണാകുളവും കോഴിക്കോടുമെല്ലാം വികസിപ്പിക്കുന്നതിനുവേണ്ടി വർഷങ്ങൾക്കുമുൻപാണ് ഒരു മാസ്ററർപ്ലാനിന് രൂപംകൊടുത്തത്. അത് 1960 തുടങ്ങി 80-ൽ അവസാനിപ്പിക്കണമെന്നും അന്ന് തിരുവനന്തപുരം പട്ടണത്തിൽ ആറുലക്ഷത്തിൽ ചില്വാനം ജനതയുണ്ടായിരിക്കുമെന്നും അവർക്ക് സുഖസൗകര്യമായി കഴിയുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കണമെന്നുമാണ് മാസ്ററർപ്ലാനിൽ പ്ലാൻചെയ്തിരുന്നത്. സർ, 1974 ആയിട്ടും അതു നടപ്പിലാക്കുന്നതിനുവേണ്ടി യാതൊരു നടപടിയും ഗവൺമെൻറിൻെറ ഭാഗത്തുനിന്നോ സ്വയംഭരണസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നോ സ്വീകരിച്ചുകാണാത്തതിൽ തിരുവനന്തപുരത്തെ ജനത അസ്വസ്ഥരാണ്. ഇന്നുതന്നെ തിരുവനന്തപുരത്ത് നാലുലക്ഷത്തിൽപ്പരം ജനത അധിവസിക്കുന്നുണ്ട്. രാജവാഴ്ചക്കാലത്തുണ്ടായിരുന്നതിൽക്കവിഞ്ഞ് യാതൊരു പരിഷ്ക്കാരങ്ങളും ജനകീയഭരണം വന്നതിനുശേഷം ഉണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. സർ, നാം ഇന്നിരിക്കുന്ന ഈ നിയമസഭാമന്ദിരംപോലും തിരുവിതാംകൂർ സംസ്ഥാനമായിരുന്നകാലത്തുണ്ടാക്കിയതാണ്. അതുകഴിഞ്ഞ് തിരുക്കൊച്ചിയായി, കേരളമായി. അങ്ങനെയാണ് തിരുവനന്തപുരത്തിൻെറ വികസനം പൊയ്ക്കൊണ്ടിരിക്കുന്നത്. ശ്രീമാൻ നാരായണൻനായർ പറഞ്ഞതുപോലെ ഇതു പരിഗണിക്കാം എന്നുപറഞ്ഞാൽ എനിക്ക് സംശയമാണ്. അങ്ങനെ പരിഗണിക്കാം എന്നുപറയാതെ ഇത് നടപ്പിലാക്കുന്നതിനുവേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നാണെനിക്ക് പറയാനുള്ളത്. നടപ്പാക്കിയാൽ ഈ മാസ്ററർപ്ലാൻ നടപ്പാക്കിയത് അവുക്കാദർകുട്ടിനഹ മന്ത്രിയായിരുന്നപ്പോഴാണെന്ന് അദ്ദേഹത്തിന് എന്നും അഭിമാനിക്കുകയുംചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

Page 47 of 60

സർ, മറെറാരു കാര്യം പറയുവാനുള്ളത്, എന്നെ സംബന്ധിച്ചിടത്തോളം ഇന്ന് രാവിലെ ഇവിടെ മെഡിക്കൽ പരിശോധനക്ക് എന്നെ അയക്കണമെന്ന് ശ്രീ. രാഘവൻ പ്രസ്താവിച്ചിരിക്കുന്നു. മെഡിക്കൽ പരിശോധനയ്ക്കല്ല, ഏത് പരിശോധനയ്ക്കുവേണമെങ്കിലും ഏത് ഡോക്ടർമാരുടെ മുമ്പിലും പോകാൻ ഞാൻ തയ്യാറാണ്. കാരണം അങ്ങനെ ഒരു പരിശോധന നടത്തിയാൽ എന്നെ സംബന്ധിച്ചിടത്തോളം ആ സർട്ടിഫിക്കററിൽ തെററായ യാതൊരു റിപ്പോർട്ടും കാണുകയില്ലെന്നാണ് എന്റെ വിശ്വാസം. അത് ഈ സഭയിൽ ഉറപ്പിച്ച് പറയുകയാണ്. ശ്രീമാൻ രാഘവനെ സംബന്ധിച്ചിടത്തോളം അദ്ദേഹം മെഡിക്കൽ പരിശോധനയ്ക്കു പോകാൻ തയ്യാറുണ്ടോ എന്ന് ചോദിക്കുകയാണ്. എങ്കിൽ അദ്ദേഹം ഉദ്ദേശിക്കുന്ന ആ സർട്ടിഫിക്കററിൽ പലതും ഉണ്ടായിരിക്കുമെന്നതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് അദ്ദേഹത്തെ ഒരു മെഡിക്കൽ പരിശോധനക്ക് അയയ്ക്കണം. എന്നാൽ അതിനുവേണ്ടി എടുക്കുന്ന രക്തം പരിശോധിച്ചുകഴിഞ്ഞാൽ, ആ രക്തത്തെ സംബന്ധിച്ചിടത്തോളം അവകാശപ്പെടാൻ പലരും കാണും. എന്റെ രക്തത്തെ സംബന്ധിച്ചിടത്തോളം അവകാശപ്പെടാൻ മററ് ആരും ഉണ്ടാവുകയില്ല.

ശ്രീ. എം. വി. രാഘവൻ: സർ, പോയിന്റ് ഓഫ് ഓർഡർ. സർ, എന്റെ രക്തത്തെപ്പററി അയാൾക്ക് സംശയമുണ്ടെന്നാണ് പറയുന്നത്, അതിനുവേണ്ടി മെഡിക്കൽ പരിശോധനവേണമെന്നാക്കെയാണ് പറയുന്നത്. ഇപ്പോൾ പറയുന്നതുതന്നെ സ്വബോധമില്ലാത്തതുകൊണ്ടാണ്. ഇങ്ങനെ സ്വബോധമില്ലാതുള്ള പറച്ചിലുകൾ ഒഴിവാക്കുന്നതിന് ഒരു ചട്ടം കൂടി ഉണ്ടാക്കണമെന്ന് ഞാൻ നേരത്തെ സ്പീക്കറോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു. ഏതാണ്ട് ആ സ്വബോധമില്ലായ്മയാണ് ഇവിടെയിപ്പോഴും പ്രകടിപ്പിക്കുന്നത്. മദ്യപിച്ച് എന്നു മാത്രമല്ല, ഇയാൾക്ക് ഭ്രാന്തുണ്ടെന്നാണ് തോന്നുന്നത്. കുതിരവട്ടത്തോ ഊളംപാറയോ പറഞ്ഞയയ്ക്കണം സർ.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ ഓർഡർ. പ്രസക്തമായ ഒരു ചർച്ചയല്ല ഇപ്പോൾ ഇവിടെ നടക്കുന്നത്. ബഹുമാനപ്പെട്ട കുട്ടപ്പനും ബഹുമാനപ്പെട്ട രാഘവനും തമ്മിൽ വാദപ്രതിവാദം നടത്തുകയും ബഹുമാനപ്പെട്ട രാഘവൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയും ചെയ്തത് ശരിയല്ല. ബഹുമാനപ്പെട്ട കുട്ടപ്പൻ സംസാരിക്കുന്നതിനിടയിൽ സംഗതമല്ലാത്ത പ്രശ്നങ്ങൾ ഉൾക്കൊള്ളിക്കുന്നത് ശരിയല്ല.

ശ്രീ. ജി. കുട്ടപ്പൻ: സർ, ഞാൻ എന്തെങ്കിലും തെററായി പറഞ്ഞുപോയിട്ടുണ്ടെങ്കിൽ പിൻവലിക്കുകയാണ്. സർ എന്നെ പരിശോധനയ്ക്ക് പോകാൻ പറയുന്നത് ശരിയാണോ? ഇപ്പോൾ ശ്രീ. രാഘവൻ എവിടെയാണ് പോയിട്ട് വന്നതെന്നും എനിക്കറിയാം. എന്നെ സംബന്ധിച്ച് നടത്തിയ പ്രസ്താവനകൾ വളരെ നിർഭാഗ്യകരമായിപ്പോയി എന്നു മാത്രമേ പറയുന്നുള്ളു. എന്നെ സംബന്ധിച്ചിടത്തോളം ഏത് പരിശോധനയ്ക്കും ഏത് സമയത്തും തയ്യാറാണെന്ന് ഈ സഭയെ അറിയിക്കുകയാണ്. ശ്രീ. രാഘവനെ സംബന്ധിച്ചിടത്തോളം അദ്ദേഹം തയ്യാറാകുകയില്ല.

വികസന പ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രദർശിപ്പിച്ചുകൊണ്ട് തിരുവനന്തപുരം തലസ്ഥാന നഗരിയുടെ മാസ്ററർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ഈ വർഷമെങ്കിലും നടപടി എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു കാര്യം ഖേദത്തോടുകൂടി പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നു. തിരുവനന്തപുരം നഗര സഭയെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി നടപ്പാക്കാൻ അവർ തയ്യാറാകുന്നില്ല. അതുകൊണ്ടാണ് ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനക്ഷേമവും സാമൂഹ്യവികസനവും മന്ത്രി (ശ്രീ വി. ഈച്ചരൻ) :

സർ, ഈ ധനാഭ്യർത്ഥനയിൽ പങ്കെടുത്തു സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരെയും ഞാൻ അഭിനന്ദിക്കുകയാണ്. കാരണം ഈ പ്രശ്നങ്ങൾ ഒരു പ്രത്യേകകക്ഷിയുടേയോ ഗവൺമെന്റിന്റെയോ മാത്രമല്ല. ഒരു നാഷണൽ പ്രോബ്ലം ആണ്. അത് പരിഹരിക്കുന്നതിനും ഹരിജനങ്ങളുടെ പരിതഃസ്ഥിതി നന്നാക്കുന്നതിനും വേണ്ടതായ എല്ലാ പരിപാടികളും ആവിഷ്ക്കരിച്ച് വേണം ഈ സാമൂഹ്യ അനീതി അവസാനിപ്പിക്കുകയും അടിത്തട്ടിൽ കിടക്കുന്ന ആളുകളെ ഉയർത്തിക്കൊണ്ട് വരികയും ചെയ്യേണ്ടത്. അതിന് പ്രത്യേകം കുറെ ആളുകളെ കുററപ്പെടുത്തിയിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട കുഞ്ഞൻ പറഞ്ഞു, കോൺഗ്രസ് 24 കൊല്ലം ഭരിച്ചു; അതുകൊണ്ടാണ് ഇത്തരത്തിലൊക്കെ എത്തിച്ചേർന്നതെന്ന്. കോൺഗ്രസിന്റെയോ, അല്ലെങ്കിൽ മാർക്സിസ്ററ് പാർട്ടിയുടേയോ പ്രവർത്തനം കൊണ്ടല്ല, സാമൂഹ്യമായ അനീതി നിലനിൽക്കുന്നതുകൊണ്ടാണ്. ഈ സാമൂഹ്യമായ അനീതി അവസാനിപ്പിക്കാൻ എല്ലാ പാർട്ടികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ.

സർ, ഹരിജനക്ഷേമത്തിനുവേണ്ടി ഇന്ന് ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയിൽ അധികഭാഗവും അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടിയാണ് ചെലവാക്കുന്നത്. ഒന്നും രണ്ടും മൂന്നും നാലും പദ്ധതിക്കാലങ്ങളിൽ ഹരിജനങ്ങൾക്ക് കിട്ടേണ്ട തുക മുഴുവൻ ലഭിച്ചില്ല എന്നുള്ള വസ്തുത ഗവൺമെന്റ് മനസ്സിലാക്കി അഞ്ചാംപദ്ധതിയിലെങ്കിലും വിഹിതം മുഴുവൻ ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 10 ശതമാനം ഹരിജനങ്ങൾക്ക് കൊടുക്കണമെന്ന് പ്രത്യേക നിർദ്ദേശമുണ്ട്. അത് പരിശോധിക്കാൻ ഒരു കമ്മിററിയെ നിയോഗിച്ചിട്ടുണ്ട്. 10 ശതമാനം ഹരിജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും കുറെ പുരോഗതി ഉണ്ടാകും. ഈ സഭയിൽത്തന്നെ പൊന്തിവന്ന കാര്യങ്ങളുണ്ട്; ഹരിജനങ്ങൾക്ക് കുടിക്കാൻ വെള്ളമില്ല, താമസിക്കാൻ വൃത്തിയായ സ്ഥലമില്ല എന്നൊക്കെ. ഹരിജനങ്ങൾക്ക് ഇപ്പോൾ ഭൂമി പതിച്ചുകൊടുക്കുന്നുണ്ട്. ഇലക്ട്രിസിററി അവർ താമസിക്കുന്ന സ്ഥലങ്ങളിൽ എത്തുന്നില്ല. ഇത് ഹരിജനങ്ങളുടെ കുററമാണോ ഡിപ്പാർട്ടുമെന്റിന്റെ കുററംകൊണ്ടാണോ എന്നുള്ളത് ആലോചിക്കേണ്ടതാണ്. ഹരിജനങ്ങളുടെ സ്ഥിതി നന്നാക്കുന്നതിന് ബാധ്യതപ്പെട്ട ഹരിജനക്ഷേമ വകുപ്പിന്റെ പ്രവർത്തനം കുറെക്കൂടി മെച്ചപ്പെടുത്തുകയാണെങ്കിൽ ഹരിജനക്ഷേമ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമായി നടത്താൻ സാധിക്കും.

ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായ തുകയിൽ 80 ശതമാനവും വിദ്യാഭ്യാസത്തിനുവേണ്ടിയാണ് ചെലവാക്കുന്നത്. ഇതിന്റെ ഫലമായി വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കുറെയൊക്കെ മെച്ചം ഉണ്ടായിട്ടുണ്ടെന്നുള്ളത് പരമാർത്ഥമാണ്. 71-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 8.3 ശതമാനം ഹരിജനങ്ങളാണ്. 1.26 ശതമാനം പട്ടിക വർഗ്ഗക്കാരുമാണ്. ഇവിടയുള്ളതായ നമ്മുടെ ജനസംഖ്യാവർദ്ധനവ് 26.29 ശതമാനമാണ്. ഹരിജനങ്ങളുടെ ജനസംഖ്യാവർദ്ധനവ് 23.51 ശതമാനമാണ്. പട്ടികവർഗ്ഗക്കാരുടേത് 26.6 ശതമാനമാണ്. ഈ ഹരിജനങ്ങളുടെ ജനസംഖ്യാവർദ്ധനവ് 10 കൊല്ലങ്ങൾക്കിപ്പുറം കുറവായിട്ടാണ് കാണുന്നത്.

വിദ്യാഭ്യാസത്തിന്റെ കാര്യം പറയുകയാണെങ്കിൽ, ഇന്ന് പട്ടികജാതിക്കാരുടെ കാര്യം പറയുകയാണെങ്കിൽ, പട്ടികജാതിക്കാർക്കിടയിൽ 40.21 ശതമാനം പേർക്ക് വിദ്യാഭ്യാസം ലഭിക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ തെളിയിക്കുന്നത്, കഴിഞ്ഞകാലത്ത് ഇത് 25 ശതമാനമോ മറേറാ ആയിരുന്നു. ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

കണക്കല്ലേ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തെ പൊതു സാക്ഷരതാ ശതമാനം 60.42 ആണ്. പട്ടികവർഗ്ഗക്കാരുടേത് 25.72 ആണ്. ഈ കണക്കുകൾ വച്ചുനോക്കുമ്പോൾ തീർച്ചയായും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കുറെ മെച്ചം ഉണ്ടായിട്ടുണ്ടെന്ന് കാണാൻ സാധിക്കും.

ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ആ നിലയ്ക്കെങ്കിലും ഇവിടത്തെ ഹരിജനങ്ങളുടെ കാര്യത്തിൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. ആദിവാസികളുടെയിടയിലുള്ള വിദ്യാഭ്യാസ സൗകര്യക്കുറവിനെപ്പററി ബഹുമാനപ്പെട്ട രാഘവൻ മാസ്ററർ പറയുകയുണ്ടായി. അവരുടെ വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷത്തിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പത്തും പന്ത്രണ്ടും വയസ്സുള്ള ഹരിജൻ കുട്ടികൾ ചില ജോലികൾക്ക് പോവുകയും അതിൽനിന്ന് ചില വരുമാനങ്ങളുണ്ടാവുകയും ചെയ്യുന്നതുകൊണ്ട് ഇത്തരം വരുമാനമാഗ്രഹിച്ച് കുട്ടികളെ മാതാപിതാക്കൻമാർ സ്കൂളിലയക്കാതിരിക്കും ; പ്രത്യേകിച്ചും ആദിവാസിക്കുട്ടികളെ. ഇതിനൊരു പരിഹാരമെന്ന നിലയിൽ, കുട്ടികളെ സ്കൂളിലയയ്ക്കാൻ താൽപര്യമുണ്ടാകത്തക്കവണ്ണം, ഒരു പരിശ്രമമെന്ന നിലയിൽ, ആ കുട്ടികളെ സ്കൂളിലയച്ചാൽ 10 രൂപ വീതം കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ടു കുട്ടികൾ സ്കൂളിൽ പോയാൽ 20 രൂപ കിട്ടും. പട്ടികവർഗ്ഗക്കാർക്ക് സാങ്കേതികപരിജ്ഞാനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഹരിജനങ്ങളുടെയിടയിൽ ധാരാളം വിദ്യാസമ്പന്നരായ ആളുകളുണ്ട്. അവർക്ക് ജോലി ലഭിക്കുന്നതിനു സൗകര്യമുണ്ടാക്കാൻ ഒരു എംപ്ളോയ്മെൻറ് ബ്യൂറോ തുറന്നുപ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുവഴി ഉദ്യോഗം ലഭിക്കുന്ന കാര്യത്തിൽ സഹായിക്കാൻ സാധിക്കും.

ലംപ്സം ഗ്രാൻറ് കൊടുക്കുന്നതിന് കഴിഞ്ഞപ്രാവശ്യം രൂപ ഉൾക്കൊള്ളിച്ചിരുന്നെങ്കിലും കൊടുക്കാൻ സാധിച്ചില്ല. ഇക്കൊല്ലം വർദ്ധിപ്പിച്ച് 52.97 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അയിത്തോച്ചാടനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും ശക്തിപ്പെടുത്താനുംവേണ്ടി 1 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തനം നടത്താൻ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആദിവാസികളുടെയിടയിലുള്ള കല്ലുമാലസമ്പ്രദായം മാററുക മുതലായവ സംബന്ധിച്ച പ്രവർത്തനങ്ങൾ കോഴിക്കോടു ജില്ലയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കമ്മ്യൂണിററി ഡെവലപ്മെൻറിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുകയുണ്ടായി. നടപ്പിലാക്കുന്നതിന് ആഫീസർമാരില്ലെന്ന് പറയുന്നുണ്ട്. ഇന്ന് അത്രയില്ല, നാലഞ്ചു സ്ഥലത്തുമാത്രമേ ഇല്ലാതെയുള്ളു. ബ്ലോക്കുകളിൽക്കൂടി നടത്തിയിരുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ സംഖ്യ വകയിരുത്താൻ സാദ്ധ്യമല്ലാത്തതുകൊണ്ട് കുറെ കാര്യങ്ങൾ ഇന്നു മന്ദഗതിയിലാണ്. മററു ഡിപ്പാർട്ടുമെൻറുകളുമായി യോജിച്ച് പ്രവർത്തനങ്ങൾ നടത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാമസേവകൻമാരും ബ്ലോക്കാഫീസർമാരുമായി കൂടുതൽ സമ്പർക്കം പുലർത്തിക്കൊണ്ട് ഈ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. 144 ബ്ലോക്കുകളിൽ 39 എണ്ണം സ്റേറജ് രണ്ട് ആണ്, ബാക്കി സ്റേറജ് രണ്ട് കഴിഞ്ഞു. ക്രാഷ് പ്രോഗ്രാം, റൂറൽ മാൻ പൗവർ സ്കീം ഇതെല്ലാം ശരിയായി നടക്കുന്നുണ്ട്. മൂന്നു കൊല്ലമായി നടക്കുന്ന ക്രാഷ് പരിപാടി 74 മാർച്ചോടു കൂടി അവസാനിച്ചു. മററു സ്റേററുകളെക്കാൾ കൂടുതൽ തുക ചെലവാക്കിയിട്ടുണ്ട് ഇവിടെ. മൂന്നു കൊല്ലക്കാലമായി 509 ലക്ഷം രൂപ ചെലവാക്കാൻ സാധിച്ചിട്ടുണ്ട്. ശ്രീ. വർക്കി പൈനാടൻ പറഞ്ഞ മാതിരി പറവൂരിൽ ലേബർ പ്രശ്നം ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

Page 50 of 60

അട്ടപ്പാടി ബ്ലോക്കിൽ അലോട്ടു ചെയ്ത പണം ചെലവാക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട കുഞ്ഞൻ പറയുകയുണ്ടായി. ബഡ്ജററിന്റെ അടിസ്ഥാനത്തിൽ, പദ്ധതി തയ്യാറാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, തുക അനുവദിക്കുകയും ചെലവാക്കുകയും ചെയ്യും. താമസം ചിലപ്പോൾ വന്നിട്ടുണ്ടായിരിക്കാമെന്നല്ലാതെ ദുരുദ്ദേശമൊന്നും ഇല്ല.

ശ്രീ. പി. കുഞ്ഞൻ: അഞ്ചു കൊല്ലത്തെ അലോട്ടുമെന്റിൽ ഒരു കൊല്ലം കൊടുക്കുകയും നാലു കൊല്ലം കൊടുക്കാതിരിക്കുകയും ചെയ്തിട്ടുള്ളത് അറിയാമോ?

ശ്രീ. വി. ഈച്ചരൻ: ശ്രദ്ധയിൽ പെട്ടിട്ടില്ല. പരിശോധിച്ച് നടപടി സ്വീകരിക്കാം.

കോസ്മോപ്പോളിററൻ ഹോസ്ററലുകളുടെ കാര്യം പറഞ്ഞതു പരിശോധിക്കാം. ഇന്റേണൽ ആഡിററ് ഉണ്ട്. ക്രമക്കേടുകളുണ്ടെങ്കിൽ പരിശോധിച്ചു നടപടി സ്വീകരിക്കാം. ഇതുവരെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. ശ്രീ. കെ. കെ. ബാലകൃഷ്ണൻ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഉള്ളതാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് കാര്യക്ഷമമായി നടത്താൻ ഗവൺമെന്റ് ഉദ്ദേശിച്ചു വരികയാണ്. പബ്ലിക് സർവീസ് കമ്മിഷൻ നടപടി സ്വീകരിക്കുന്നതിലും ടെസ്ററു നടത്തുന്നതിലും കുറെ താമസം വേണ്ടിവരും. അതുപോലെ സെക്രട്ടേറിയററിലും താമസം ഇല്ലെന്ന് ഞാൻ പറയുന്നില്ല. അതിൽക്കൂടുതലായ വീഴ്ചയൊന്നുമില്ല. ഞാൻ പബ്ലിക് സർവീസ് കമ്മിഷൻ ചെയർമാനുമായും മെമ്പർമാരുമായും ഇതിനെക്കുറിച്ച് ചർച്ച നടത്തി. കഴിയുന്നത്ര വേഗത്തിൽ നടപടിയെടുക്കാമെന്നു പറഞ്ഞിട്ടുണ്ട്.

ആ പ്രശ്നം കഴിഞ്ഞ ദിവസം ശ്രീ. സി. ബി. സി. വാര്യർ ഉന്നയിച്ചു. ആ കാര്യത്തിൽ നടപടിയെടുത്തിട്ടുണ്ട്. എന്താണ് തീരുമാനമെന്ന് ഇപ്പോൾ എന്റെ കൈയിൽ ഇല്ല. അന്വേഷിച്ചാലേ പറയാൻ സാധിക്കുകയുള്ളു. അയിത്തോച്ചാടന പ്രവർത്തനങ്ങളും ഹരിജനങ്ങൾക്ക് നേരിടേണ്ടിവരുന്ന മർദ്ദനങ്ങളുമെല്ലാം വർദ്ധിച്ചുവരികയാണ്. അത് വേണ്ടവിധത്തിൽ എക്സൈസും പോലീസും കൈകാര്യം ചെയ്യുന്നില്ല. അതിനുവേണ്ടി ഡി. വൈ. എസ്. പി. യുടെ കീഴിൽ ഒരു പ്രത്യേക വകുപ്പ് വേണമെന്ന് ശ്രീ. ബാലകൃഷ്ണൻ നിർദ്ദേശിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് പരിഗണിക്കാവുന്നതാണ്. കാസർകോടു താലൂക്കിൽ ഇത്തരത്തിലുള്ള ഒരു സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. ആ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കാണുകയാണെങ്കിൽ അതിന്റെ വെളിച്ചത്തിൽ കൂടുതൽ മാററങ്ങൾ വരുത്തിക്കൊണ്ട് അതിനെപ്പററി പരിശോധിക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്ററർ. പി. എസ്. സി. റൊട്ടേഷൻ പ്രകാരം ഗിരിവർഗ്ഗക്കാർക്ക് 44-ാം നമ്പർ പോസ്ററും 92-ാം നമ്പർ പോസ്ററും ആണ് ഇപ്പോൾ ഉള്ളത്. അത് മാററാൻവേണ്ടി ഗവൺമെന്റ് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. ഈച്ചരൻ. ഗിരിവർഗ്ഗക്കാർക്കുള്ള റൊട്ടേഷൻ മാററണം. ഷെഡ്യൂൾഡ് കാസ്ററിന് ഫസ്ററ് പോസ്ററ് കൊടുക്കണം. അതനുസരിച്ച് ക്രമപ്പെടുത്താനുള്ള ഏർപ്പാടുകൾ ഉണ്ട്. അത് പരിഗണിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. തീരുമാനം എടുക്കുമ്പോൾ തീർച്ചയായും ഈ കാര്യവും പരിഗണിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Page 51 of 60

സർ, ഇവിടെ ഹരിജൻ മർദ്ദനങ്ങളെക്കുറിച്ചും ബലാൽസംഗങ്ങളെക്കുറിച്ചുമെല്ലാം പറയുകയുണ്ടായി. ഈ നാട്ടിൽ നടക്കുന്ന ഒരു കാര്യത്തിൽനിന്നും ഹരിജനങ്ങളെ ഒഴിവാക്കിയിട്ടില്ല. മററു ജാതിക്കാർ ക്രൂരമായി ഇവരോട് പെരുമാറുന്നുണ്ട്. അതുകൊണ്ട് അതിനെപ്പററി ഇവിടെ ആക്ഷേപം പറയുന്നതിനു പകരം അങ്ങനെയുള്ള അനീതികൾ അവസാനിപ്പിക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ അവജ്ഞയോടുകൂടി വീക്ഷിക്കുകയും പ്രോൽസാഹനം നൽകാതിരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ശ്രീ. കൽപ്പള്ളി മാധവമേനോൻ കോഴിക്കോട് മുനിസിപ്പാലിററിയിൽ നടക്കുന്ന കാര്യങ്ങളെപ്പററി പറയുകയുണ്ടായി. ഈ കാര്യങ്ങളെല്ലാം ഞങ്ങൾ കാണുന്നുണ്ട്. ഹരിജനങ്ങളെന്നുള്ള നിലയിലും മററും ഞങ്ങൾ ഇതിനെപ്പററി മനസ്സിലാക്കിയിട്ടുണ്ട്. കോഴിക്കോട് മുനിസിപ്പാലിററിയിൽ ഒരു പ്രത്യേക സ്കീമുണ്ട്. അവിടെ സ്കാവഞ്ചേഴ്സ്, സ്വീപ്പേഴ്സ് എന്നിവർക്കെല്ലാം ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന ഒരു പരിപാടിയുണ്ട്. 50 ശതമാനം മുനിസിപ്പാലിററി കൊടുക്കും 50 ശതമാനം ഗവൺമെൻറ് എടുക്കുകയും വേണമെന്നാണ്. മുനിസിപ്പാലിററി പൈസ എടുക്കാതിരുന്നാൽ ഗവൺമെൻറ് അനുവദിച്ച സംഖ്യ ലാപ്സായിപ്പോകുന്നു. ഇതെല്ലാം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ചെയ്യേണ്ട കാര്യമാണ്.

സർ, എനിക്ക് ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറയാനുണ്ട്. ഇവിടെ ചില മെമ്പർമാർ ചില പ്രധാനപ്പെട്ട ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ശ്രീ. കുഞ്ഞൻ പബ്ലിസിററി വിംഗിൻെറ പ്രവർത്തനത്തെപ്പററി പറഞ്ഞു. അത് ശരിക്ക് പ്രവർത്തിക്കുന്നില്ലെന്ന് ശ്രീ. കുഞ്ഞൻ അടക്കം സ്റേററ് അഡ്വൈസറി കമ്മിററിയിൽ പല സന്ദർഭങ്ങളിലും പറഞ്ഞിട്ടുള്ളതാണ്. ഈ സഭയിൽത്തന്നെ മെമ്പർമാർ അതിൻെറ പ്രവർത്തനം ശരിക്ക് നടക്കുന്നില്ലെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. അതിൻെറ പ്രവർത്തനം തിരുവനന്തപുരത്ത് മാത്രമായി നില കൊള്ളുകയാണെന്നും അതു റീ ഓർഗനൈസ് ചെയ്തു കൂടുതൽ നല്ല രീതിയിൽ പ്രവർത്തിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ വച്ചതിൻെറ അടിസ്ഥാനത്തിൽ അതു റീ ഓർഗനൈസ് ചെയ്യാൻ നിർദ്ദേശം കൊടുക്കുകയും അതിൻെറ വിംഗ് ഇവിടെനിന്നും മാററാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാതെ അതിലുള്ള ഉദ്യോഗസ്ഥനെ ദ്രോഹിക്കാനുള്ള യാതൊരു നടപടിയും എടുത്തിട്ടില്ല. അയാൾ വെൽഫെയർ ഇൻസ്പെക്ടർ ആണ്. രണ്ടു പ്രാവശ്യം ഒരാളെ സ്ഥിരപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് പി. എസ്. സിക്ക് എഴുതിയെങ്കിലും അതിന് അനുവാദം കിട്ടുകയുണ്ടായില്ല. പി. എസ്. സി. യുടെ ടെസ്ററെഴുതി റാങ്ക് കിട്ടിയ ആൾ പബ്ലിക് റിലേഷൻസ് ഡയറക്ടറേററിൽ ഉണ്ട്. അയാൾക്ക് കുറെക്കൂടി കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുമെന്നാണ് പറയുന്നത്. അതിനെതിരായി റിട്ട് കൊടുത്ത് വിവരങ്ങളെല്ലാം കോടതിയിൽ പറഞ്ഞിട്ടുണ്ട് പി. എസ്. സി. അംഗീകരിച്ച നിയമമനുസരിച്ച് ജോയിൻറ് ഡയറക്ടറെ തെരഞ്ഞെടുക്കാനുള്ള നിയമമുണ്ടാക്കണമെന്ന് പറഞ്ഞു. അതനുസരിച്ച് പി. എസ്. സി. അംഗീകരിച്ച നിയമം അനുസരിച്ചാണ് ശ്രീമാൻ കുഞ്ഞനുകൂടി സെലക്ഷന് അർഹതയുള്ളതായ നിയമം ഉണ്ടായത്. ആ നിയമത്തിൻെറ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അല്ലാതെ ഒരു ഹരിജൻ ഉദ്യോഗസ്ഥനെ പുറത്താക്കുന്നതിനുള്ള യാതൊന്നും ചെയ്തിട്ടില്ല. ഒരു ഹരിജൻ ഉദ്യോഗസ്ഥനെയും ദ്രോഹിച്ച് ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും കളയണമെന്നുള്ള ആഗ്രഹം എനിക്കില്ല. ഇവിടെ പറഞ്ഞമാതിരി അവിടെ സീനിയോറിററി ലിസ്ററ് ഇല്ല. സീനിയോറിററി നിശ്ചയിക്കുന്നതിന് യാതൊരു നടപടിയും എടുത്തിട്ടില്ല. സീനിയോറിററി നിശ്ചയിച്ചുകൊണ്ട് എല്ലാവർക്കും സ്വീകാര്യമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം ഉണ്ടാക്കണമെന്ന് ഡിപ്പാർട്ടുമെൻറിനോട് ആവശ്യപ്പെടുകയാണ്. ഒരു ഹരിജൻ ഉദ്യോഗസ്ഥന്റെ താല്പര്യങ്ങൾ ഹനിക്കാനുള്ള യാതൊരു നീക്കവും എന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ സർവ്വീസ് സംഘടനകൾ ഉണ്ട്. അവർക്ക് ആ കാര്യത്തിൽ വേണ്ടതു ചെയ്യാവുന്നതാണ്. ഇതൊരു ആരോപണമായി ഈ സഭയിൽ കൊണ്ടുവന്നത് ഖേദകരമായിപ്പോയിയെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ചോദ്യോത്തരസമയത്ത് വെള്ള ഈച്ചരൻ മന്ത്രിയായി വന്നതിനുശേഷം എത്ര ഹരിജനങ്ങളെ ദ്രോഹിച്ചുവെന്ന് ചോദിക്കുകയുണ്ടായി. ആ സമുദായത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെ ദ്രോഹിക്കണമെന്നുള്ള യാതൊരു നടപടിയും എടുത്തിട്ടില്ല. എന്നാൽ അവിടെ നടത്തുന്ന കാര്യങ്ങളാണെങ്കിൽ വെളിപ്പെടുത്താൻ സാധിക്കാത്തതാണ്. ഈ സഭയിലുള്ള മെമ്പർമാർക്കുതന്നെ അതിനെപ്പററി അറിയാവുന്നതാണ്. നല്ല കാര്യങ്ങൾ ചെയ്യാനുള്ള പ്രവണത ഉണ്ടാകണം. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്.

സർ, ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷനെക്കുറിച്ച് ഇവിടെ തെററിദ്ധരിപ്പിക്കുന്ന ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. ഒരു കൊല്ലത്തിനകം വളരെയധികം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ആദ്യത്തെ പടിയെന്നുള്ള നിലയിൽ ഓട്ടോറിക്ഷകൾ വിതരണം ചെയ്തിട്ടുണ്ട്. 60-ം 70-ം രൂപ അതിൽനിന്നും നേട്ടം ഉണ്ടാക്കാൻ അവർക്ക് കഴിയുന്നുണ്ട്. അത് എല്ലാവർക്കും കിട്ടാൻ സാധിച്ചിട്ടില്ല. ഇതിനുംപറുമെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടാൻ പോകുന്ന ഒരു പദ്ധതിയുണ്ട്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൽനിന്നും കേന്ദ്രഗവൺമെൻറിൽനിന്നും അതിന് പണം കിട്ടും. ഈ വൈഷമ്യങ്ങൾ ഒഴിവാക്കാൻവേണ്ടി ഈ കാര്യങ്ങൾ ചെയ്യാൻവേണ്ടി ഗവൺമെൻറ് കാര്യമായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് വളരെ വ്യക്തമായും പറയാൻ ആഗ്രഹിക്കുകയാണ്. അഞ്ചാം പഞ്ചവൽസരപദ്ധതിയുടെ ആദ്യത്തെ ഡിസ്ക്കഷൻ നടന്ന് ഫൈനലൈസ് ചെയ്യുന്ന അവസരത്തിൽത്തന്നെ ഇതിലേക്ക് വേണ്ട പണം വ്യവസ്ഥ വച്ചുകൊണ്ടാണ് ഈ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത്. അതിനുവേണ്ടി പ്രത്യേകമായി പണം കാണുന്നില്ലെന്ന് ഇവിടെ ആക്ഷേപം പറഞ്ഞു. പണം ഇല്ലെന്നുള്ളതുകൊണ്ടുമാത്രം അതിന്റെ പ്രവർത്തനം നിന്നുപോവുകയില്ലെന്നും പണം കിട്ടുമെന്ന് ഗവൺമെൻറിനുറപ്പുണ്ടെന്നും പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇതിന്റെ പ്രവർത്തനത്തിൽ യാതൊരു കോട്ടവും ഉണ്ടാവുന്നതല്ലെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

**തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :**

സർ, ഇവിടെ പ്രസംഗം ആരംഭിച്ച ശ്രീ എസ്. ദാമോദരൻ മുതൽ പ്രസംഗം അവസാനിപ്പിച്ച ശ്രീ. ജി. കുട്ടപ്പൻ വരെ നഗരവികസനത്തെ സംബന്ധിച്ചും പഞ്ചായത്ത് ഇലക്ഷനെ സംബന്ധിച്ചും പറയുകയുണ്ടായി. സർ, ഇതൊരു നഗരവികസന ബഡ്ജററ് ആണെങ്കിലും ആ കൂട്ടത്തിൽ ഗ്രാമവികസനത്തെക്കുറിച്ചും പറയുവാൻ ആരും മടിച്ചില്ല. നമ്മുടെ ഗ്രാമങ്ങളും നഗരങ്ങളും എല്ലാംതന്നെ അതിന്റെ മുഖച്ഛായ മാററത്തക്കനിലയിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഗവൺമെൻറിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ സ്വന്തമായ ഫണ്ടിൽ പണം ഇല്ലാതെവന്നാൽ ഇൻസ്ററിററ്യൂഷണൽ ഫൈനാൻസിൽനിന്നും പണം കടമെടുത്ത് ഡവലപ്പ്മെൻറ് സ്കീമുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കിയിട്ടുണ്ട്. അത് പല നഗരങ്ങളും നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കിവരുന്നുമുണ്ട്. അതൊരു പരമാർത്ഥമാണ്. പിന്നെ ബഹു. കുട്ടപ്പൻ പറഞ്ഞ മറെറാരു കാര്യം, കൊല്ലങ്ങളോളമായി മാസ്ററർപ്ലാൻ തയ്യാറാക്കിയിട്ടും തിരുവനന്തപുരം നഗരസഭയുടേയും അതുപോലെ മററു നഗരസഭകളുടേയും പ്രവർത്തനത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്ന്. സർ, ഗവൺമെൻറ് വിഭാവനം ചെയ്തിട്ടുള്ള എല്ലാ പദ്ധതികളും പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും അർബൻ ഡവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ മുഖേന കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തിനടയ്ക്ക് 4 കോടിയിൽ പരം രൂപ ചെലവാക്കി. ഈ വർഷം 2 കോടി രൂപ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെ തന്നെ റൂറൽ ഡവലപ്പ്മെൻറ് ബോർഡ് മുഖേന ഗ്രാമപ്രദേശങ്ങളിലാവശ്യമായ വികസന പദ്ധതികൾ നടന്നുവരുന്നുണ്ട്. മുമ്പ് വലിയ താമസം നേരിട്ട പദ്ധതികളാണെങ്കിൽ പോലും ഇനി വലിയ താമസമൊന്നും കൂടാതെ മാസ്ററർപ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്ന പരിപാടികൾ നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സർ, നമ്മുടെ പോർട്ടുകളെസംബന്ധിച്ച് പറയുകയാണെങ്കിൽ അതിൽ പല വികസനങ്ങളും ഉണ്ടായിട്ടുണ്ട്. കോഴിക്കോട്ടും ആലപ്പുഴയിലും, നീണ്ടകരയിലുമെല്ലാം ട്രാഫിക്കുകൾ വർദ്ധിച്ചിട്ടുണ്ട്. ബേപ്പൂർ ഹാർബറിൻെറ പ്രവർത്തനമാണെന്നുണ്ടെങ്കിൽ അങ്ങേയററം പ്രോൽസാഹജനകമായി നടന്നിട്ടുണ്ടെന്നു ബഹു. അംഗങ്ങളുടെ അറിവിലേയ്ക്ക് ഞാൻ പറയുകയാണ്. ശ്രീ. മാധവമേനോൻ കോഴിക്കോട് പോർട്ടിൽ സ്ത്രീകൾക്ക് കപ്പലിൽ കയറുവാനുള്ള സൗകര്യം ഉണ്ടാക്കുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. ബേപ്പൂർ പോർട്ടിൻെറ ഉൽഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുവാൻ പോകുകയാണ്—അടുത്ത 22-ാം തീയതി. അതോടുകൂടി ബേപ്പൂർതുറമുഖത്ത് ഗതാഗതസൗകര്യം വേണ്ടത്രയുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 2 കോടി രൂപ മുടക്കി ഒരു ഡ്രഡ്ജർ വാങ്ങിയതുകൊണ്ടാണ് ഇത്രത്തോളം ആശാവഹമായ പുരോഗമനംനമുക്കുണ്ടായത്. ഇതുപോലെ പല പോർട്ടുകളും വികസിപ്പിക്കണമെന്നും മററും പറഞ്ഞുകൊണ്ട് പല നിവേദനങ്ങളും ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഡ്രഡ്ജറിൻെറ പ്രവർത്തനം സുഗമമായി കഴിഞ്ഞാൽ അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ പ്രയോററ്റികൊടുത്തുകൊണ്ട് ആവശ്യമായ സൗകര്യങ്ങളുണ്ടാക്കുന്നതാണ്.

സർ, ആലപ്പുഴ പോർട്ടിൻെറ വികസനത്തെസംബന്ധിച്ച് പറയുകയുണ്ടായി. അതിനാവശ്യമായ തുക ഗവൺമെൻറ് വകകൊള്ളിച്ചിരുന്നു. അത് സൊസൈററിയാണ് ആവശ്യപ്പെടേണ്ടത്. അപ്രകാരം സൊസൈററി ആവശ്യപ്പെടാത്തതുകൊണ്ട് ഗവൺമെൻറ് തന്നെ മുൻകൈയെടുത്ത് അതിൻെറ പ്രവർത്തനം, മുമ്പോട്ടു കൊണ്ടുപോകാനാണ് ശ്രമിച്ചത്. കഴിഞ്ഞസാമ്പത്തികവർഷം അതിന് സാധിച്ചില്ലെങ്കിലും ഈ സാമ്പത്തികവർഷമെങ്കിലും അത് നടക്കുമെന്നാണ് എനിക്ക് പറയുവാനുള്ളത്. ആലപ്പി പോർട്ട് കൺവർട്ട് ചെയ്യാനുള്ള പ്രോജക്ററ് റിപ്പോർട്ട് ഉണ്ടാക്കണമെന്ന് ഇൻഡ്യാ ഗവൺമെൻറിനോടാവശ്യപ്പെടാൻ തീരുമാനിച്ചിരിക്കുകയാണ്. അവരുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മറെറന്തെല്ലാം പരിഷ്ക്കാരങ്ങൾ കൂടി അവിടെ ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഗവൺമെൻറ് തീർച്ചയായും മുമ്പോട്ടുപോകുമെന്നാണ് എനിക്ക് പറയുവാനുള്ളത്.

സർ, ഫിഷറീസ് ഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണ് കാര്യമായ വിമർശനം ഇവിടെയുണ്ടായത്. ഇതുകൊണ്ട് വളരെയധികം വിദേശനാണ്യം നമുക്ക് നേടുവാൻസാധിക്കുമെന്ന് പല മെമ്പറൻമാരും അംഗീകരിച്ചിട്ടുണ്ട്. മൽസ്യക്കയററുമതിയുടെ ഫലമായി നാലാംപദ്ധതിക്കാലത്ത് 50 കോടി രൂപയുടെ

വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 5—ാം പദ്ധതിയുടെ ആരംഭത്തിൽ 5 ലക്ഷം ടണ്ണിൽ താഴെ വരുന്ന മൽസ്യ സമ്പത്ത് പദ്ധതിയുടെ അവസാനം 8 ലക്ഷം ടണ്ണെങ്കിലും ആക്കണമെന്നുള്ള ലക്ഷ്യമാണ് ഗവൺമെൻറിനിന്നുള്ളത്. ഇത് സാധിക്കുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. സർ, ഇത് പറയുമ്പോൾ നമ്മുടെ ആഴക്കടൽ മൽസ്യബന്ധനം ചൂഷണം ചെയ്യാൻ വേണ്ടി ആവശ്യത്തിന് ട്രോളേഴ്സ് ഇല്ലായെന്നും മററും ഇവിടെ പറയുകയുണ്ടായി. സർ, ട്രോളേഴ്സ് മാത്രം വന്നാൽ പോര അതിനാവശ്യമായ മററു സൗകര്യങ്ങളും ഉണ്ടാക്കേണ്ടതുണ്ട്. ഒന്നാമതായി ഫിഷിംഗ് ഹാർബറുകൾ ഉണ്ടാക്കണം. അതിലേയ്ക്കാണ് 1965—ൽതന്നെ വിഴിഞ്ഞം ഹാർബറിന്റെ പ്രവർത്തനം ആരംഭിച്ചത്. അതിന്റെ ഒന്നാമത്തെ ഘട്ടം കഴിഞ്ഞു. രണ്ടാമത്തെ ഘട്ടം ആരംഭിക്കുവാൻ പോവുകയാണ്. രണ്ടാമതായി കൊച്ചിയിൽ ഒരു ഫിഷിംഗ് ഹാർബർ ഉണ്ടാക്കിവരികയാണ്. മൂന്നാമതായി ബേപ്പൂരിൽ ഒരു ഫിഷിംഗ് ഹാർബർ അടുത്തുതന്നെ ലഭിക്കും. ഇപ്രകാരം മൂന്നു ഫിഷിംഗ് ഹാർബറുകളുടേയും പ്രവർത്തനം പൂർത്തീകരിക്കുന്നതോടുകൂടി നാം ഉദ്ദേശിക്കുന്ന രീതിയിലേയ്ക്ക് ഇതിന്റെ പ്രവർത്തനം കൊണ്ടുവരാനുള്ള സൗകര്യമുണ്ടാകും. അതോടുകൂടി മൽസ്യസമ്പത്ത് പരമാവധി ചൂഷണം ചെയ്യാനുള്ള സാധ്യതയുമുണ്ടാകും. പിന്നെ പല സ്ഥലങ്ങളിലും ഫിഷിംഗ് ഹാർബറുകളുണ്ടാക്കണമെന്നു പറഞ്ഞാൽ അത് ഗവൺമെൻറ് പരിഗണിക്കാമെന്നു പറഞ്ഞാലും കുറേ കാലദൈർഘ്യമുണ്ടാകും. അതായത് അതിന്റെ ഇൻവെസ്ററിഗേഷനും മററും കഴിയുമ്പോഴേയ്ക്കും കൊല്ലങ്ങളോളം പിടിക്കും. മദ്രാസ് ഗവൺമെൻറിന്റെ കാലത്തു പോലും സമർപ്പിക്കപ്പെട്ടിട്ടുള്ള നിവേദനം ഇന്നും പരിഗണനയിലാണ് എന്ന് ഇവിടെ ഒരുബഹു. മെമ്പർ പറയുകയുണ്ടായി. ഇത് ശരിയായിരിക്കാം. ഫിഷിംഗ് ഹാർബർ പരിഗണിക്കാമെന്നു പറഞ്ഞാൽ അതിന്റെ ദൈർഘ്യം കൂടുമെന്നുള്ളതുകൊണ്ട് പല ഹാർബറുകളുടേയും കാര്യം പരിഗണിക്കാമെന്നു ഞാൻ ഇപ്പോൾ പറയുന്നില്ല. 5—ാം പദ്ധതിയിൽ 20 കോടി രൂപ നമ്മുടെ ഫിഷിംഗ്ഹാർബറിനുവേണ്ടി ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്, എന്നാൽ എല്ലാമൈനർപോർട്ടുകൾക്കും കൂടി ഇൻഡ്യാഗവൺമെൻറ് അനുവദിക്കുവാൻ പോകുന്നത് വെറും 12 കോടിരൂപയാണ്. അപ്പോൾ നമ്മൾ 20 കോടിരൂപകേന്ദ്രത്തോടാവശ്യപ്പെട്ടാൽഅതിന്റെ സ്ഥിതിയെന്തായിരിക്കും.

ഇതുകൊണ്ട് ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റേയും വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റേയും പണി അഞ്ചാം പഞ്ചവൽസരപദ്ധതിക്കാലത്ത് പൂർത്തിയാക്കാൻ സാധിക്കുമോയെന്ന് സംശയമാണ്. ബഹുമാനപ്പെട്ട മെമ്പർമാർ പല കാര്യങ്ങളും ഇവിടെ പറയുകയുണ്ടായി. അതെല്ലാം തന്നെ പരിഹരിക്കാമെന്ന് ഞാൻ പറയുന്നില്ല. പലതും ചെയ്യാൻ ആഗ്രഹം ഉണ്ടെങ്കിലും ഒന്നിനും തുക പോരാ. എന്നാലും ഈ രംഗത്ത് വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്. പക്ഷെ വികസനപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ട് അത് നടപ്പിലാക്കുന്നതിനാവശ്യമായ പണം ലഭിക്കാത്തതുകൊണ്ട് പലപ്പോഴും നിരാശയ്ക്കും വിമർശനത്തിനും ഇടയായിട്ടുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൽ പുതിയതായി ആവിഷ്കരിച്ച വീടുകൾക്ക് ഗ്രാൻറു നൽകുന്ന സ്കീമിൽ നാലിലൊന്നുപോലും നടപ്പിലാക്കിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട ദാമോദരൻ പറയുകയുണ്ടായി. സർ, ഇത് ശരിയല്ല. പുതിയതായി ആവിഷ്കരിച്ച സ്കീമിൽ ഒന്നാണ് മൽസ്യത്തൊഴിലാളികൾക്ക് സ്വന്തമായി ലഭിച്ച ഭൂമിയിൽ സ്വന്തമായി ആയിരം മൽസ്യത്തൊഴിലാളികൾക്ക് ഈ വർഷം വീടുവയ്ക്കുന്നതിനുവേണ്ടി രണ്ടായിരത്തിയഞ്ഞൂറു രൂപ വീതം കൊടുക്കുക എന്നുള്ളത്. അതിൽ 882 വീടുകൾക്കുള്ള തുക കൊടുത്തു കഴിഞ്ഞു. ആലപ്പുഴ ജില്ലയിൽ 120 വീടുകൾക്കാണു ഗ്രാൻറ് നൽകാൻ തീരുമാനി

LIBRARY ARCHIVES Kerala Legislative Assembly

ച്ചത്. ഇതിൽ തൊണ്ണൂററിരണ്ട് വീടുകൾക്കാണ് തുക കൊടുക്കുവാൻ സാധിക്കാതെ വന്നത്. അത് കൊടുത്തില്ലെന്നു പറഞ്ഞ് ബഹുമാനപ്പെട്ട മെമ്പർ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരെ കണ്ടമാനം ആക്ഷേപിക്കുകയുണ്ടായി. ഉദ്യോഗസ്ഥൻമാരെപ്പററി എല്ലാവർക്കും അറിയാവുന്നതാണ്. നല്ല ഉദ്യോഗസ്ഥൻമാരും ഉണ്ട്, ചീത്ത ഉദ്യോഗസ്ഥൻമാരും ഉണ്ട്. 92 വീടുകൾക്ക് ആളുകളെ തെരഞ്ഞെടുത്തുകൊണ്ടുള്ള ബെനിഫിഷറി കമ്മിററിയുടെ റിപ്പോർട്ട് ഡയറക്ടർക്ക് കിട്ടിയത് 28-ാം തീയതി വൈകുന്നേരം ഏഴു മണിക്കു മാത്രമാണ്. 29-ാം തീയതി രാവിലെ തന്നെ അതിൽ തീരുമാനം എടുത്ത് സ്പെഷ്യൽമെസ്സഞ്ചർ വഴി അസി. ഡയറക്ടർക്ക് അയച്ചു കൊടുത്തു. 30-ാം തീയതി അത്രയും എമൗണ്ട് സറണ്ടർ ചെയ്തതായി അസി. ഡയറക്ടർ അറിയിച്ചു. ഇത് ചെയ്ത അസിസ്ററൻറ് ഡയറക്ടറുടെ പേരിൽ നടപടികൾ എടുക്കാൻ ഡയറക്ടർ തന്നെ എക്സ്പ്ലനേഷൻ ചോദിച്ചിരിക്കുകയാണ്.

ശ്രീ. സി. ബി. സി. വാര്യർ: സമയത്ത് ബെനിഫിഷറി കമ്മിററി വിളിച്ചു കൂട്ടാതിരിക്കുകയും, പ്രപ്പോസൽ സമയത്തയയ്ക്കാതിരിക്കുകയും ചെയ്യുന്ന കുററമടക്കം അസിസ്ററൻറ് ഡയറക്ടർ ചെയ്തിട്ടുണ്ടെന്നുള്ള കാര്യം കണക്കിലെടുത്ത്, ഗവൺമെൻറിൽനിന്നും പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: എക്സ്പ്ലനേഷൻ ചോദിച്ചിട്ടുണ്ട്. അത് കിട്ടിയതിനുശേഷം നടപടികൾ സ്വീകരിക്കാം.

പിന്നെ ആയിരത്തോളം സൊസൈററികൾ ഉള്ളതിൽ ഒരു സൊസൈററിയുടെ കാര്യം മാത്രമാണ് സഭയിൽ പൊന്തിവന്നിട്ടുള്ളത്. അത് വെൻമനാട് സൊസൈററിയെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട ഗോപിനാഥനും, വർക്കിവടക്കനും ആ സൊസൈററിയുടെ കാര്യത്തിൽ പ്രത്യേകമായ താൽപര്യം കാണിച്ചതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. അതിൻെറ പ്രസിഡൻെറ ഒരു മുസ്ലീംലീഗുകാരനാണ്. അതുകൊണ്ടാണോ അവർക്ക് ഈ സൊസൈററിയുടെ കാര്യത്തിൽ ഇത്ര താൽപര്യമെന്നറിഞ്ഞുകൂടാ. സർ, ഒരു സൊസൈററിയിൽ മുസ്ലീംലീഗുകാരൻ പ്രസിഡൻറായതുകൊണ്ട്; ആ സൊസൈററിക്ക് ബോട്ട് ലഭിക്കുന്നതിൽ യാതൊരു ഡിസ്ക്വാളിഫിക്കേഷനും ഉണ്ടെന്നു തോന്നുന്നില്ല. ആ സൊസൈററി രജിസ്ററർ ചെയ്തിട്ട് നാലഞ്ചു വർഷത്തോളമായി. അതിനെപ്പററി കാര്യമായ ആക്ഷേപങ്ങളൊന്നും തന്നെ വന്നില്ല. പിന്നെ വന്നതു രണ്ട് ബോട്ടു കൊടുത്തതിനെപ്പററിയാണ്. മററ് ഏതോ സൊസൈററിക്ക് കൊടുത്തിരുന്ന ബോട്ട് അവർ പണം അടയ്ക്കാതെ കുടിശ്ശിക വരുത്തിയപ്പോൾ സീസ് ചെയ്തെടുത്തതാണ്. അത് ലേലത്തിനു വച്ചപ്പോൾ പിടിക്കാനാരും ഇല്ലായിരുന്നു. അതുകൊണ്ടു മാത്രമാണ് ഈ സൊസൈററിക്ക് കൊടുത്തതെന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ആ സൊസൈററി നടത്തുന്നവർ തസ്കരവീരൻമാരാണെന്ന് പറഞ്ഞു. അവർ എവിടെ പോയി കക്കാനാണ്. ഈ ബോട്ടിൽനിന്നും എന്ത് കക്കാനാണ് ഉള്ളത്. ആർക്കായാലും ശരി ബോട്ട് കൊടുത്താൽ, പണം അടയ്ക്കാതെ കുടിശ്ശിക വരുത്തുകയാണെങ്കിൽ ബോട്ട് പിടിച്ചെടുക്കും. അതാണ് നടപടിക്രമം. ഡി. ഡി. സി. യിൽനിന്നും റക്കമെൻറ് ചെയ്താലും ഇല്ലെങ്കിലും കുടിശിക വരുത്തിയാൽ ബോട്ട് പിടിച്ചെടുക്കും. അതിനെപ്പററി ഡി. ഡി. സി. യുടെ പ്രമേയം ഗവൺമെൻറിലേക്ക് കിട്ടിയിട്ടില്ല. പിന്നെ ഒരു പ്രസ് കട്ടിംഗ് കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഈ സൊസൈററിയെ സംബന്ധിച്ചിടത്തോളം ഈ നിയമസഭാതലത്തിൽതന്നെ പല പ്രാവശ്യവും ആക്ഷേപം

LIBRARY ARCHIVES Kerala Legislative Assembly

Page 56 of 60

ഉന്നയിച്ചിട്ടുള്ളതാണ്. ഇതിൽ വെട്ടിപ്പും അഴിമതിയും നടത്തിയിട്ടുണ്ട്. അതിനെപ്പററി അന്വേഷിച്ച് എന്തെങ്കിലും നടപടികൾ ഗവൺമെൻറിൽനിന്നു എടുത്തിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ഏതെങ്കിലും കാര്യത്തെപ്പററി നിയമസഭാതലത്തിൽ പൊതുവായി ആക്ഷേപം ഉന്നയിക്കുകയോ ആരോപണം ഉന്നയിക്കുകയോ ചെയ്താൽ അതിൻമേൽ അന്വേഷണം നടത്താൻ സാധിക്കുകയില്ലെന്ന് ഇവിടെത്തന്നെ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. പിന്നെ ഏതെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അത് ഉത്തരവാദിത്വത്തോടുകൂടി പ്രത്യേകമായി എഴുതി തന്നാൽ അതിനെപ്പററി അന്വേഷണം നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. അല്ലാതെ ഇ സഭയിൽ പൊതുവായിട്ടുണ്ടാകുന്ന പരാമർശങ്ങൾക്കെല്ലാം എൻക്വയറി നടത്തുകയെന്നു പറഞ്ഞാൽ അത് അപ്രായോഗികമാണ്.

ശ്രീ. വി. കെ. ഗോപിനാഥൻ: തൃശ്ശൂർ ജില്ലാ ഡവലപ്പുമെൻറ് കമ്മററി ഏകകണ്ഠമായി ഇക്കാര്യത്തെപ്പററി അന്വേഷണം നടത്തണമെന്നും നടപടികൾ എടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസാക്കി അയച്ചിട്ട് നാലു മാസത്തിൽ കൂടുതലായി. ആ പ്രമേയം ഇനിയും ഗവൺമെൻറിനു കിട്ടിയിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: വെൻമനാട് സൊസൈററിയെ സംബന്ധിച്ചിടത്തോളം ഒരു എൻക്വയറി നടത്തണമെന്നും അതിൻെറ അടിസ്ഥാനത്തിൽ നടപടികൾ എടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ ഡി. ഡി. സി. പ്രമേയം പാസാക്കി അയച്ചുവെന്നു പറയുന്നത് ഗവൺമെൻറിലേക്ക് കിട്ടിയിട്ടില്ല. ആ സൊസൈററിയെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തണമെങ്കിൽ ഡി. ഡി. സി. പ്രമേയം പാസാക്കി അയക്കണമെന്നില്ല, ശ്രീ. വി. കെ. ഗോപിനാഥൻ തന്നെ ഉത്തരവാദിത്വത്തോടുകൂടി എഴുതി തന്നാൽ ഞാൻ എൻക്വയറിക്കുള്ള ഓർഡർ ഇടാം. അതിൽ യാതൊരു സംശയവും വേണ്ടാ.

ശ്രീ. വി. കെ. ഗോപിനാഥൻ: ഡി. ഡി. സി. ഫിഷറീസ് ഡയറക്ടറോട് ഇതിനെപ്പററി ആവശ്യപ്പെടുകയും അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് കിട്ടുകയും ചെയ്തതിൻെറ അടിസ്ഥാനത്തിലാണ് ഡി. ഡി. സി. യിൽ ഇത്തരത്തിലുള്ള ഏകകണ്ഠമായ പ്രമേയം പാസാക്കിയത് എന്നും, പ്രമേയം അംഗീകരിച്ചതെന്നും പറഞ്ഞാൽ അതിൻെറ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: തൃശ്ശൂർ ഡി. ഡി. സി. യുടെ അത്തരത്തിലുള്ള ഒരു പ്രമേയം ഗവൺമെൻറിലേക്ക് കിട്ടിയിട്ടില്ല. പിന്നെ ഇതിനെപ്പററി ഗവൺമെൻറിലേക്ക് ഒരു പ്രസ് കട്ടിംഗ് കിട്ടിയിട്ടുണ്ട്. ഏതായാലും ബോട്ട് വാങ്ങിച്ചതിൽ ആ സൊസൈററി പണം അടയ്ക്കാതെ കുടിശ്ശിക വരുത്തുകയാണെങ്കിൽ തീർച്ചയായും ആ സൊസൈററിയുടെ പേരിൽ നടപടികളെടുക്കും. അതിൽ ആർക്കും സംശയം വേണ്ട.

പിന്നെ ശ്രീ. ഗംഗാധരൻ വലിയ ഒരു അഴിമതിയായിട്ട് പറഞ്ഞത് ഒരു ബോട്ട് കൊടുത്തതിനെപ്പററിയാണ്. കെ. എൽ. 150 എന്ന ബോട്ടിൻെറ കാര്യമാണ്. ആ ആരോപണം ശരിയല്ലെന്ന് തെളിയിക്കുകയാണെങ്കിൽ അദ്ദേഹം ഉന്നയിച്ച ആരോപണം പിൻവലിക്കാമെന്നും അദ്ദേഹം പറയുകയുണ്ടായി. അതിൽ ഭയങ്കരമായ അഴിമതി നടന്നിട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ യാതൊരു വിധത്തിലുള്ള അഴിമതിയും നടന്നിട്ടില്ല. ലേലം വിളിക്കുമ്പോൾ ഏററവും കൂടുതൽ സംഖ്യ ലേലം വിളിക്കുന്ന ആളിന് കൊടുക്കും. അത് ലേലം വിളിക്കേട്ട തുകയുടെ ഇരുപത്തിയഞ്ച് ശതമാനം ഉടനെ കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കാനും ബാക്കി തുക മുഴുവനും രണ്ടുമാസത്തിനുള്ളിൽ കൊടുക്കാനുമാണ് വ്യവസ്ഥ. ബാക്കി തുകയിൽ അമ്പതു ശതമാനം ലേലം വിളിക്കേട്ടവർ അടച്ചു. രണ്ടുമാസത്തിനകം മുഴുവൻ തുകയും വ്യവസ്ഥ പ്രകാരം അടയ്ക്കാത്തതുകൊണ്ട് ആ ബോട്ട് വീണ്ടും സീസ് ചെയ്തു. അല്ലാതെ അതിൽ പ്രത്യേകമായിട്ടൊന്നും തന്നെ നടന്നിട്ടില്ല. പല സൊസൈററികളും സാമ്പത്തികമായ പരാധീനതമൂലം സംഖ്യ ഒന്നായി കൊടുക്കാൻ സാധിക്കുകയില്ലെന്നും സാവകാശം കൊടുക്കണമെന്നും ഗവൺമെൻറിനോട് അഭ്യർത്ഥിക്കാറുണ്ട്. പലപ്പോഴും അങ്ങനെ സാവകാശം അനുവദിക്കാറുണ്ട്. അത് ഈ സൊസൈററിക്കും കൊടുത്തുവെന്നല്ലാതെ പ്രത്യേകമായി ഒന്നും ചെയ്തിട്ടില്ല.

ശ്രീ. സി. എസ്. ഗംഗാധരൻ: ഇതിൽ ഇരുപത്തിയഞ്ച് ശതമാനം മാത്രം അടച്ചിട്ട്, അത് വീണ്ടും റിലീസ് ചെയ്യാൻ ഓർഡർ കൊടുത്തുവെന്നറിയുന്നത് ശരിയാണോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ശരിയാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടിപറഞ്ഞ കൂട്ടത്തിൽ ആലപ്പുഴയിൽ 92 മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിൻെറ കാര്യം പറയുകയുണ്ടായി. ആ ഭവനനിർമ്മാണത്തിനാവശ്യമായ തുക സമയത്തിന് കൊടുക്കാതെ സറണ്ടർ ചെയ്ത ഉദ്യോഗസ്ഥൻെറ പേരിൽ നടപടികൾ എടുക്കാനുള്ള എക്സ്പ്ലനേഷൻ ചോദിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അത് നല്ല കാര്യം തന്നെയാണ്. ഈ വീടു കിട്ടാനുള്ള മൽസ്യത്തൊഴിലാളികൾ നിരപരാധികളാണെന്നുള്ള കാര്യം കണക്കിലെടുത്ത് അവർക്ക് അടിയന്തിരമായി ഇത നുവദിച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. ഈ വർഷത്തെ ബഡ്ജററിൽനിന്നും തുക അനുവദിക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞു.

സർ, പിന്നെ മാസ്ററർ പ്ലാനിനെ സംബന്ധിച്ചാണ് പലരും പറഞ്ഞത്. മാസ്ററർ പ്ലാനിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് വലിയ സാമ്പത്തികഭാരം ഉണ്ട്. ഇപ്പോൾ ഫിഷിംഗ് ഹാർബറുകളുടെ മുഴുവൻ ചെലവും ഇൻഡ്യാ ഗവൺമെൻറാണ് വഹിച്ചു വരുന്നത്. ഇനിയും സെൻട്രൽ ഗവൺമെൻറു തന്നെ വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗതാഗതസൗകര്യം വർദ്ധിപ്പിക്കാനും, ശുദ്ധജലവിതരണം നടത്തുന്നതുമെല്ലാം സെൻട്രൽ സെക്ടറിൽ പെടുത്താമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ക്രമേണ ക്രമേണ മാസ്ററർ പ്ലാനിൽപറഞ്ഞിട്ടുള്ള കാര്യങ്ങൾ കേന്ദ്ര ഗവൺമെൻറിനെക്കൊണ്ട് അനുവദിപ്പിച്ചു കിട്ടാൻ ശ്രമിക്കണം. പിന്നെ ഇൻഡ്യാ ഗവൺമെൻറുമാത്രം ചെലവഴിച്ചു നടത്താനുള്ള പദ്ധതികളല്ല അതിലുള്ളത്. കേന്ദ്ര ഗവൺമെൻറും നമ്മുടെ ഗവൺമെൻറും പ്രൈവററു മേഖലയിലുള്ളവരും എല്ലാം കൂടി ചേർന്നുകൊണ്ട് നടത്തണം. എങ്കിൽ മാത്രമേ പരിപൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കൂ.

ഫിഷറീസ് കാർപ്പറേഷനെ ഈ രംഗത്തുനിന്നും ഒഴിവാക്കിയിട്ടു പ്രൈവററ് ഏജൻസിയെ കൊണ്ടുവരണമെന്നുള്ള നിലയിലാണ് ശ്രീ. ജോൺ ജേക്കബ് ഇവിടെ സംസാരിച്ചത്. സർ, അതു സാദ്ധ്യമല്ല. നഷ്ടം ഉണ്ടാകുന്നുവെന്നുള്ളതുകൊണ്ടുമാത്രം കാർപ്പറേഷനെ മാററി പ്രൈവററ് മേഖലയിൽ കൊണ്ടുവരണമെന്നുള്ള വാദഗതി ശരിയല്ല. നഷ്ടവും കുഴപ്പവും ഉണ്ടെങ്കിൽ അതൊക്കെ പരിഹരിച്ച് എങ്ങനെ ഈ സ്ഥാപനം നന്നാക്കി കൊണ്ടുവരാമെന്ന് പരിശോധിക്കുകയല്ലാതെ എല്ലാ മേഖലകളും പ്രൈവററ് മേഖലകൾക്കു വിട്ടുകൊടുക്കണമെന്ന് പറഞ്ഞാൽ അതിൻെറ അടിയിലുള്ള ചേതോവികാരം എന്താണെന്ന് മനസിലാകുന്നില്ല.

Page 58 of 60

ശ്രീ. സി. ബി. സി. വാര്യർ: ഈ കാർപ്പറേഷനിലെ ജീവനക്കാർക്ക് രണ്ടു മാസത്തോളമായി ശമ്പളം കിട്ടുന്നില്ലെന്നും, ഒരു വർഷമായിട്ട് അവരുടെ പ്രോവിഡണ്ട് ഫണ്ടിനുള്ള തുക അടച്ചിട്ടില്ലെന്നും അറിയുന്നത് ശരിയാണോ? അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിനാവശ്യമായ തുക ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഡ്ജററ് പാസായാൽ ഉടൻതന്നെ കുടിശികയും മററു സൗകര്യങ്ങളും എല്ലാം ലഭിക്കും.

റിസർച്ച് കൂടുതൽ സൗകര്യപ്പെടുത്തണമെന്ന കാര്യം ശ്രീ. ജോൺ ജേക്കബ് പറഞ്ഞു. ആവശ്യമായ തുക ഇതിനുവേണ്ടി പ്രത്യേകം കൊള്ളിച്ചിട്ടുണ്ട്. നമ്മുടെ റിസർച്ചിനുവേണ്ടി 57 ലക്ഷം രൂപ അഞ്ചാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനുപുറമെ ഫിഷിംഗ് ഏരിയ കണ്ടുപിടിക്കാൻവേണ്ടി പ്രത്യേകമായി ഒരു ലാർജ് സ്ററീൽവെസലും, രണ്ട് വുഡൻവെസൽസും അങ്ങനെ മൂന്നു വെസൽസ് വാങ്ങി എവിടെയാണ് ധാരാളം മൽസ്യസമ്പത്ത് ഉണ്ടെന്നുള്ളത് കണ്ടുപിടിക്കാനുള്ള ഒരു പദ്ധതിയും അഞ്ചാം പദ്ധതിയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇന്നു നടന്നുവരുന്ന എല്ലാ റിസർച്ചുകളും തുടരുകയും ചെയ്യും. അത് കുറേക്കൂടി കാര്യക്ഷമതയോടുകൂടി നടത്താൻവേണ്ട ഏർപ്പാടുചെയ്തിട്ടുണ്ട്. സ്മാൾ വാട്ടർ ഏരിയായിൽ മൽസ്യക്കുഞ്ഞുങ്ങളെ വളർത്താനും അതിന് പ്രോൽസാഹനം നൽകാനും വേണ്ടി അഞ്ചാം പദ്ധതിയിൽ 2500 രൂപ വീതം ഗ്രാൻറായി നൽകാനുള്ള ഒരു പദ്ധതികൂടി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർമാരെയും പ്രത്യേകിച്ചു ശ്രീ. ജോൺ ജേക്കബിനെയും ഞാൻ അറിയിക്കുകയാണ്. നമ്മുടെ പ്രൈവററ് ടാങ്കുകളിൽ മൽസ്യക്കുഞ്ഞുങ്ങളെ വളർത്താനുള്ള സൗകര്യം ഉണ്ടാക്കുന്നതിന് ഒരു പ്രോൽസാഹനം എന്ന നിലയിൽ 2,500 രൂപ വീതം ഗവൺമെൻറ് ഗ്രാൻറായി കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ പദ്ധതി തീർച്ചയായും വിജയിക്കുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഇ. ജോൺ ജേക്കബ്: 2,500 രൂപകൊണ്ട് ഇതിനു തികയുകയില്ല ബാക്കിയുള്ളത് ലോണായി കൊടുക്കുന്നതിനുവേണ്ട ഏർപ്പാട് ചെയ്യുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: കുറെ പണം സ്വകാര്യ വ്യക്തികൾ എടുക്കണം. കുറെ സംഖ്യ അവർ എടുക്കണം, ഇത്രയും തുക ഗവൺമെൻറ് ഗ്രാൻറായി കൊടുക്കും. എല്ലാ കാലവും ഈ സഹായം ലഭിക്കുമെന്ന് ആരും കരുതേണ്ട. ഏതായാലും ഈ രീതിയിൽ ഇതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള എല്ലാ നടപടികളും ഡിപ്പാർട്ടുമെൻറ് എടുത്തുവരുന്നുണ്ട്.

ഇവിടെ വിമർശനം നടത്തിയ എല്ലാവർക്കും എൻെറ അഭിനന്ദനം അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

The cut motion moved by Shri J. A. Chacko to Demand XXV Social Welfare including Harijan Welfare was by leave, withdrawn.

The cut motion moved by Shri C. B. C. Warrier was put and lost.

The cut motion moved by Shri T. K. Krishnan was put and lost.

The cut motion moved by Smt. Pennamma Jacob, was, by leave, withdrawn.

The cut motion moved by Shri John Manjooran was put and lost.

The question that the Government be granted a sum of Rs. 9,30,74,600 under Demand XXV Social Welfare including Harijan Welfare was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Page 59 of 60

The Demand was passed and grant was made.

The cut motion moved by Shri C. B. C. Warrier to Demand XXXV Community Development was put and lost.

The cut motion moved by Shri T. K. Krishnan was put and lost.

The cut motion moved by Shri John Manjooran was put and lost.

The question that Government be granted a sum of Rs. 6,18,46,700 under Demand XXXV Community Development was put and carrried.

The Demand was passed and grant was made.

The cut motion moved by Shri John Manjooran to Demand XXII Urban Development was put and lost.

The cut motion moved by Shri C. B. C. Warrier was put and lost.

The question that Government be granted a sum of Rs. 98,60,000 be granted under Demand XXII Urban Development was put and carried.

The Demand was passed and grant was made.

The cut motion moved by Shri C. B. C. Warrier to Demand XXXIII Fisheries was put and lost.

The cut motion moved by Shri John Manjooran was put and lost.

The question that Government be granted a sum of Rs. 2,57,31,200 under Demand XXXIII Fisheries was put and carried.

The Demand was passed and grant was made.

The cut motion moved by Shri C. B. C. Warrier to Demand XXXIX Ports was put and lost.

The cut motion moved by Shri John Manjooran was put and lost.

The question that Government be granted a sum of Rs. 93,89,800 under Demand XXXIX Ports was put and carried.

The Demand was passed and grant was made.

**Mr Deputy Speaker :** Order........Order........The House will now adjourn to meet again at 8 a. m. tomorrow.

The Assembly adjourned at 1.26 p. m. to meet again at 8.00 a. m. on Friday, April 5, 1974.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly